5983

1298

കെ. ടി. മുഹമ്മദ്

# കറവററ പശു



# കറവററ പശു

MALAYALAM
KARAVATTA PASU
PLAY
K. T. MOHAMED
FIRST IMPRESSION 1954
SECOND IMPRESSION 1958
THIRD IMPRESSION 1963
FOURTH IMPRESSION 1964
FIFTH IMPRESSION 1972
SIXTH IMPRESSION 1987
SEVENTH IMPRESSION 1988
COVER
ILLUSTRATION NAMBOOTHIRI
COVER VINAYALAL
RIGHTS RESERVED
PRICE Rs 9-00
PRINTED AT THUSHARA PRINTERS, PUDUKAD, TRICHUR DT.
PUBLISHERS CURRENT BOOKS, TRICHUR-680 001

045-CBT 08815

5983

# കറവവററ പശു

നാടകം

കെ. ടി. മുഹമ്മദ്

കറൻറ് ബുക്സ് തൃശൂർ

വില 9_00

## കെ. ടി. മുഹമ്മദിൻെറ കൃതികൾ

### നാടകം

കറവററ പശു
ഇതു് ഭൂമിയാണ്
ചുവന്ന ഘടികാരം
ഉറങ്ങാൻ വൈകിയ
രാത്രികൾ
തീക്കനൽ
കുചേലവൃത്തം
സംഗമം
സ്ഥിതി
സാക്ഷാത്കാരം
സനാതനം
കൈനാട്ടികൾ
ഒരു പുതിയ വീട്
മനുഷ്യൻ
കാരാഗൃഹത്തിലാണ്
ഞാൻ പേടിക്കുന്നു
കടൽപ്പാലം
രാത്രിവണ്ടികൾ
കാഫർ
സൃഷ്ടി
സംഹാരം
സമന്വയം
നാൽക്കവല
ദീപസ്തംഭം മഹാശ്ചര്യം

### ചെറുകഥ

ചിരിക്കുന്ന കത്തി
കളിയും കാര്യവും
ശബ്ദങ്ങളുടെ ലോകം

### നോവൽ

മാംസപുഷ്പങ്ങൾ
കാററ്

## ഒന്നാം പതിപ്പിന്റെ മുഖക്കുറിപ്പ്

ഞാൻ ഒരു 'കറവററ പശു വിനേയും കൊണ്ടാണ് വരുന്നതു്. ഞാനതിന്റെ 'വില' പറയുന്നില്ല. അതു് നിശ്ചയിക്കേണ്ടതു് നിങ്ങളാണ്.

–ഗ്രന്ഥകർത്താ

# പശുവും കാലവും ഞാനും

പശു കറവററ പശു തന്നെ.

പശു ഒരു വീട്ടുമൃഗമാകുന്നു. അതിൻെറ സുപ്രധാന മായ കർമ്മവും ധർമ്മവും ക്ഷീരോൽപാദനമാണെന്നു് പറയാമല്ലോ? ആ മിണ്ടാപ്രാണികൾ അക്കാര്യം സമ്മതിച്ചു തരുമോ എന്നറിഞ്ഞുകൂടാ. പ്രയോജനവാദിയായ മനുഷ്യൻെറ സ്വാത്ഥതകളിൽ പശു പാലുൽപ്പാദനകേന്ദ്ര മാണു്.

വിശ്വാസശൈലികളിലും വിവിധങ്ങളായ ആചാരാ നുഷ്ഠാനങ്ങളിലും പശുവിനുള്ള സ്ഥാനം ഇവിടെ പ്രസക്ത മാവുന്നില്ല.

ജൈവശാസ്ത്രത്തിൻെറ പ്രാകൃതികമായ നിയമങ്ങളെ സ്വന്തം താല്പര്യങ്ങൾക്കായി തിരുത്തിക്കറിക്കുന്ന ചരിത്ര മാണല്ലൊ മനുഷ്യൻേറതു്. പശു തൻെറ കുഞ്ഞുങ്ങൾക്കു് വേണ്ടി പാൽ ചുരത്തുന്നു. പശുക്കൾ മാത്രമല്ല, സസ്തന ജീവികളെല്ലാം അതിലുൾപ്പെടുന്നു. മനുഷ്യസ്ത്രീകളും.

ജീവികളുടെ വത്സ്യ വളർച്ചയുടേയും സംരക്ഷണത്തി ൻേറയും നിയാമകഘടകം ആഹാരപരമായ ആ ക്രമീകര ണമാണെന്നു് ജീവശ്ശാസ്ത്രം സമ്മതിക്കാതിരിക്കില്ല.

പാൽ, തോൽ, മാംസം, അസ്ഥി എന്നീ ഇനങ്ങളിൽ മനുഷ്യൻ പശുവിനെ പ്രയോജനപ്പെടുത്തുന്നു. കറവവററു മ്പോൾ പശുവിൻെറ പ്രയോജനപരമായ പ്രാധാന്യം കുറ യുന്നു. പിന്നെ അവശേഷിക്കുന്നതു് തോലും മാംസവും അസ്ഥിയും മാത്രം. അറവുകാരനിലൂടെ അവയുടെ വില നാം ഈടാക്കുന്നു. വികാരപരമായ ചിന്തകൾക്കു് ആ പരിണാമങ്ങളിലുള്ള പ്രസക്തിയുടെ ഒരു ഭാവമാണു് ഈ നാടകം.

ഞാനിതെഴുതുന്നതു് 1952 ലാണ്. ഇരുപതുകളുടെ ആദ്യപകുതിയിലായിരുന്ന എൻെറ പ്രായം. ആ പ്രായത്തിന്ന് ജീവിതത്തിൻെറ സുന്ദരവും തീക്ഷ്ണവുമായ കാലഘട്ടം എന്നു് പറഞ്ഞുകൂടെ?

'ഒരു പുതിയ വീടു്' 'വെളിച്ചം വിളക്കന്വേഷിക്കുന്നു' എന്നീ നാടകങ്ങൾ 'പശു'വിന്നു് മുമ്പു് എഴുതി അവതരിപ്പിച്ചിരുന്നു. മതഭേദങ്ങളെ അതിജീവിക്കുന്ന മാനുഷിക ബന്ധങ്ങളായിരുന്നു രണ്ടിലേയും പ്രമേയം.

ആ കാലത്തു് പല ചെറുകഥകളും എഴുതുകയുണ്ടായി. അവയിലൊന്നായ 'കണ്ണുകൾ' എന്ന കഥ ഒരു ലോക കഥാമത്സരത്തിൻെറ ഭാഗമായി ഇന്ത്യയിൽ സംഘടിപ്പിച്ച മത്സരത്തിൽ ഒന്നാം സമ്മാനാർഹമായി. ആ കഥയേയും ആദ്യമെഴുതിയ നാടകങ്ങളുടെ പ്രമേയം സ്വാധീനിച്ചിരുന്നു. കാലാനുക്രമമായി പറയാൻ വയ്യെങ്കിലും മത വിശ്വാസങ്ങളുടെ പേരിൽ വെട്ടിമുറിക്കപ്പെട്ട നാടിൻെറ ചിത്രം അസ്വസ്ഥമാക്കിയിരുന്ന ഒരു മാനസികാവസ്ഥയായിരുന്നു. എളിയതെങ്കിലും എൻെറ അന്നത്തെ എല്ലാ സാഹിത്യശ്രമങ്ങളിലും അതു നിറഞ്ഞു നിന്നിരുന്നു.

ആ സാഹചര്യത്തിലാണ് മനസ്സു് ഒരു കറവററ പശുവിനെ ഗർഭം ധരിക്കുന്നതും പ്രസവിക്കുന്നതും. അന്നു് കോഴിക്കോട്ടു് കേന്ദ്ര കലാസമിതി സംഘടിപ്പിച്ച നാടക മത്സരത്തിൽ രചനയ്ക്കുള്ള ഒന്നാം സമ്മാനം ലഭിക്കുകയും ചെയ്തു. 1957-ൽ ഐക്യകേരളം രൂപപ്പെടുന്നതുവരെ മലബാർ മദിരാശി സംസ്ഥാനത്തിൻെറ ഭാഗമായിരുന്നു വല്ലോ? കറവററ പശു പുസ്തകമാക്കിയപ്പോൾ ആ വർഷത്തെ നല്ല നാടകത്തിനുള്ള മദിരാശി കേന്ദ്രമായി പ്രവർത്തിച്ചിരുന്ന സാഹിത്യ അക്കാദമിയുടെ പുരസ്കാരവും നേടുകയുണ്ടായി. സഹൃദയലോകം ശ്രദ്ധിച്ച് ഒരു നാടകമെഴുതി അവതരിപ്പിക്കാൻ കഴിഞ്ഞു എന്ന ചാരിതാർത്ഥ്യത്തിൽ എൻെറ ശ്രമങ്ങൾ തുടർന്നു പോന്നു. ആ ശ്രമത്തിൽ ചെറുകഥാമാർഗ്ഗം കൈമോശം വന്നുപോയതായി ഞാനറിയുന്നു.

അന്നൊന്നും സാഹിത്യം ഒരു ഉപജീവനമാർഗ്ഗമായിരുന്നില്ല. ആ വഴിക്കു് ചിന്തിക്കുകയും ചെയ്തിരുന്നില്ല. നിത്യവൃത്തിക്കു് കമ്പിത്തപ്പാൽ വകുപ്പിൽ ചെറിയൊരുദ്യോഗമുണ്ടായിരുന്നു.

ആത്മാവിഷ്ക്കാര സാഫല്യത്തിൽനിന്നുള്ള സംതൃപ്തി. ആ സംതൃപ്തി കൈവരിച്ചിരുന്നതു് ബോധപൂർവ്വമായ ഒരു പ്രക്രിയയിലൂടെയായിരുന്നു എന്നു് പറയാൻ മടിയുണ്ടു്. നൈസ്സർഗികമായ ഒരു പ്രചോദനം എന്നെ ചലിപ്പിക്കുകയായിരുന്നു എന്നു് പറയാനാണു് ഞാനാഗ്രഹിക്കുന്നതു്.

ഗോട്ടി കളിച്ചു് നടന്നിരുന്ന എൻെറ പന്ത്രണ്ടാമത്തെ വയസ്സിൽ ഞാൻ നാടകമെഴുതിപ്പോയിരുന്നു എന്ന കാര്യം ഇപ്പോഴും എൻെറ ഓർമ്മകളിലും ചിന്തകളിലും എന്നെ പിന്തുടരുന്നുണ്ടു്.

പിതാവു് ഒരു പോലീസ് കോൺസ്റ്റബിൾ ആയിരുന്നു. കളിച്ചു് വളന്നതു് പോലീസ് ലൈനിലും. അടുത്തും അകലത്തുമുള്ള കുടുംബ ബന്ധങ്ങളിൽനിന്നു് പാരമ്പര്യമായി അത്തരം ഒരു വാസന വന്നു ഭവിക്കാനുള്ള സാഹചര്യം ഉണ്ടായിരുന്നതുമില്ല.

വളന്നപ്പോൾ ഒരാത്മാന്വേഷണത്തിനു് പലപ്പോഴും മനസ്സു് മുതിന്നു. ചെന്നെത്തിയതു് കോഴിക്കോട്ടു് പോലീസ് ലൈനിന്നടുത്തുള്ള ഒരു സിനിമാതിയ്യററിലാണു്.

ടിക്കറെറടുത്തും, കാശില്ലാത്തപ്പോൾ രഹസ്യമായി ചാടിക്കടന്നും അന്നു് സിനിമകളേറെ കാണുമായിരുന്നു. എൻെറ നൈസർഗ്ഗികതകളെ അവ ഉണർത്തുകയും ഉജ്ജീവിപ്പിക്കുകയും ചെയ്തിരിയ്ക്കാം.

ഭാഗ്യവശാലൊ, നിർഭാഗ്യവശാലൊ എട്ടാം തരത്തിലേറെയുള്ള വിദ്യാഭ്യാസയോഗ്യത നേടാൻ എനിക്കായില്ല. അതുകൊണ്ടു് വായിച്ചു് പഠിച്ചുണ്ടായ ഒരു നാടകാവബോധത്തിൽ നിന്നായിരുന്നില്ല എൻെറ തുടക്കം.

എൻെറ ആദ്യകാല നാടകങ്ങളിൽ സ്ഥലകാല ക്രിയകളെക്കുറിച്ചുള്ള ശില്പപരമായ ഒരന്വേഷണം നടത്തു മ്പോഴാം ആ കാര്യം വ്യക്തമാവുമെന്നു് ഞാൻ വിചാരി ക്കുന്നു. കറവററ പശുവും അതിനുദാഹരണമായിട്ടെടുക്കാം. ഇന്നാണു് കറവററ പശു ഞാനെഴുതുന്നതെങ്കിൽ അതിന്നു് ഇത്രയേറെ രംഗങ്ങളുണ്ടാവുമായിരുന്നില്ല. അനുഭവങ്ങളി ലൂടെ അറിവുകളിലൂടെ സ്ഥലകാലക്രിയകരംക്കു് ഘടനാ പരമായി പുതിയ മാനങ്ങരം കണ്ടെത്താൻ ഞാൻ ശ്രമി ക്കുമായിരുന്നു.

മുപ്പത്തിയാറു് വഷ്ങ്ങരംക്കു് മുമ്പു് എഴുതിയ കറവററ പശു അറുപതാം വയസ്സിലേക്കു് നീങ്ങുന്ന എൻെറ പ്രായം സൂക്ഷിക്കുന്ന മനസ്സിൻെറ മുമ്പിൽ ഒരു ചോദ്യചിഹ്നം ഉയത്തുന്നു. ഈ ആമുഖം എഴുതാനുള്ള പുറപ്പാടിൽ അതുയന്നു വന്നു.

പ്രായം മനുഷ്യനെ കറവററപശുക്കളുടെ അവസ്ഥ യിലേക്കാണല്ലോ നയിച്ചുകൊണ്ടിരിക്കുക. കറവററ അവസ്ഥയുടെ മാനസിക ഭാരം സ്വയം ബോദ്ധ്യപ്പെടുന്ന മുഹൂത്തങ്ങളെക്കുറിച്ചു് ചിന്തിച്ചുനോക്കു. അസ്വാസ്ഥരിത മായ ഭയാനകത തോന്നാതിരിക്കില്ല. കറവററ പശുവിലെ വൃദ്ധൻ എല്ലാ മനുഷ്യരിലുമുണ്ടു്. ക്ഷയരോഗത്തെ വൈദ്യ ശാസ്ത്രം ഏറെക്കുറെ ഇന്നു് കീഴ്പ്പെടുത്തിക്കഴിഞ്ഞു. നാടകമെഴുതുന്ന കാലത്തു് അതൊരു മാറാരോഗം പോലെ യായിരുന്നു. ക്ഷയരോഗത്തിൽ മരണത്തിലേക്കു് സഞ്ച രിക്കുന്ന ഒരു മനുഷ്യനെയാണു് അന്നു് കണ്ടിരുന്നതു്. യുവാവാണെങ്കിലും നാടകത്തിലെ പുരുഷു കറവററ മാനസികാവസ്ഥയുമായി മല്ലിടുന്നതു് ആ നിസ്സഹായ തയിലാണു്.

എന്നെ അലട്ടുന്ന ചോദ്യം അവതരിപ്പിക്കാം. 1961ൽ ഞാൻ ക്ഷയരോഗബാധിതനായി. മൂന്നു് മാസ ക്കാലത്തോളം കോഴിക്കോട്ടു് ചികിത്സ. തുടന്നു് തപാൽ

വകുപ്പ് വഴി ഡൽഹിയിലെ മെഹറൊലി ടി. ബി. ഹോസ്പിററലിൽ പ്രവേശിപ്പിക്കപ്പെട്ടു. '62 മേയ് മാസം വരെ അവിടെ ചികിത്സയിലായിരുന്നു. മഹാകവി കലക്കത്തു് കുഞ്ചൻനമ്പ്യാരുടെയും, മഹാകവി കുമാരനാശാൻേറയും മരണങ്ങൾ അറംപററിയവയായിരുന്നു എന്നു് നാം കേട്ടിട്ടുണ്ടല്ലോ? അങ്ങിനെ എളിയവനായ എനിക്കും സംഭവിച്ചതാവുമോ? സുഹൃത്തുക്കളുടെ സംഭാഷണങ്ങളിൽ ആ വഴിക്കുള്ള പരാമർശങ്ങളുണ്ടായിരുന്നു.

പത്തുപന്ത്രണ്ടു് കൊല്ലം എൻെറ വികാരങ്ങളെയും ചിന്തകളെയും പൂർണ്ണമായും കീഴടക്കിയിരുന്ന കാമുകി എനിക്കു് നഷ്ടപ്പെടുന്നതു് ആ രോഗത്തിൻെറ മുമ്പിൽ വെച്ചായിരുന്നു. തുടന്നു് അമ്പതാം വയസ്സിൽ വിവാഹിതനാവുന്നതിന്നിടയ്ക്കു് മനസ്സിനെ പിടിച്ചു് നിൎത്താനുള്ള ശ്രമത്തിൽ മറെറാരു പ്രേമബന്ധവും കൂടി തകന്നു. ആ രണ്ടു് പ്രേമബന്ധങ്ങളും എൻെറ മനസ്സിലെ മതാതീതങ്ങളായ മനുഷ്യമൈത്രിയുടെ സാക്ഷാൽക്കാരത്തെ ന്യായീകരിക്കുന്നതായിരുന്നു.

ആ നഷ്ടങ്ങളോ, പരാജയങ്ങളോ നല്കിയ വേദനകളിലായിരുന്നില്ല കറവററ പശു രൂപം കൊള്ളുന്നതു്. കൂടിക്കൂടി വരുന്ന പ്രായത്തിൻെറ ഗർഭപാത്രത്തിൽ ഒരു കറവററ പശു രൂപപ്പെടാം. അങ്ങിനെ സംഭവിക്കുന്നുമില്ല.

എൻെറ സാഹിത്യവാസനകളുടെ പശുവിനെ കറന്നു് തുടങ്ങുന്ന കാലത്താണു് കറവററ പശുവിനു് ഞാൻ രൂപം നല്കുന്നതു്. എഴുതിപ്പോന്ന മാനസികാവസ്ഥയിൽനിന്നു് തികച്ചും വ്യത്യസ്ഥമായ രൂപഭാവങ്ങളോടെ, ചിന്താധാരങ്ങളോടെ ഈ നാടകം പിറന്നു് വീണപ്പോൾ ഈ ചോദ്യം എൻെറ മുമ്പിലുണ്ടായിരുന്നില്ല. തുടർന്നു് എത്രയോ നാടകങ്ങൾ എഴുതി. കറവററ പശു അവയിൽ നിന്നൊക്കെ ഒററപ്പെട്ടു് അകന്നു് നില്ക്കുന്നു.

മററാരീനാടകമെഴുതിയാലും എഴുതിയതു് പ്രായത്തിൽ കാൽശതാബ്ദത്തിനു് മുമ്പാണെങ്കിൽ ഈ ചോദ്യം എനിക്കു് ചോദിക്കാൻ തോന്നും.

ആ ചോദ്യത്തിനു് ഉത്തരം കാണാൻ ആത്മകഥയിലൂടെയുള്ള ഒരു യാത്ര അനിവാര്യമാണെന്നു് ഞാൻ വിചാരിക്കുന്നു.

ഈ നാടകാമുഖം ആ വഴിക്കു് നീട്ടിക്കൊണ്ടു് പോകുന്നതിലത്ഥമുണ്ടോ? അതിൻെറ ആവശ്യമുണ്ടോ?

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ ഇന്ത്യൻ സാമൂഹ്യ സാഹചര്യവുമായി മനസ്സിനെ ബോദ്ധ്യപ്പെടുത്തി ചിന്തിക്കേണ്ടതുണ്ടു്. നാടകമെഴുത്തു് എന്നതിൽക്കവിഞ്ഞു് ബൌദ്ധിക തീക്ഷ്ണമായ ഒരു രചനാപ്രക്രിയയായിരുന്നില്ല കറവററ പശുവിൻേറതു്. എന്നാൽ അസ്വസ്ഥമായ ഒരു വികാരവേശത്തിൻെറ തീവ്രത രചനാ കാലത്തു അനുഭവിക്കുകയും ചെയ്തിരുന്നു,

ആററിക്കുറുക്കി ഇത്രയും പറയാം.

ഞാൻ ജനിക്കുമ്പോഴ് പോലീസുകാരനായിരുന്ന പിതാവിൻെറ ശമ്പളം എട്ടു് രൂപയായിരുന്നു. ശമ്പള വർദ്ധനവു് ക്രമത്തിലുണ്ടായെങ്കിലും ആറു് സഹോദരികളും ഒരു സഹോദരനുമടക്കം മക്കഠം എട്ടുപേരായി. പിതാവിൻെറ ശമ്പളത്തിനു് താങ്ങാനാവാത്ത കുടുംബഭാരം.

കുട്ടിക്കാലത്തു് ഓത്തുപള്ളിയിൽ പോയതോർമ്മയുണ്ടു്, സ്കൂഠം വിദ്യാഭ്യാസം ആരംഭിക്കുന്നതു് മൂന്നാംതരം തൊട്ടാണു്, അതുവരെ മൂന്നാംതരം പാസ്സായിരുന്ന പിതാവിൽ നിന്നു് പഠിച്ചു. അന്നു് വിദ്യാഭ്യാസ വിദ്യാലയ നിയമങ്ങഠം ഇന്നത്തെപ്പോലെ കുരുക്കഴിക്കാൻ പററാത്തതായിരുന്നില്ലല്ലോ? മൂന്നിൽ നിന്നു് അഞ്ചിലേക്കു് ഇരട്ടക്കയററം കിട്ടി.

തുടർന്നു് പഠിക്കാൻ ആഗ്രഹമുണ്ടായിരുന്നു. പിതാവിൻെറ ശമ്പളം അതിനനുവദിച്ചില്ല. രണ്ടു വർഷക്കാലം

ഒരു കടയിലെ ജോലിക്കാരനായിരുന്നു. സമപ്രായക്കാരിൽ നിന്നു് അകന്നു് നില്ക്കേണ്ടി വന്ന ആ കാലം വേദനയോടെ ഇന്നും ഓർക്കുന്നു. കളിപ്രായമായിരുന്നല്ലൊ അതു്.

പഠിക്കാനുള്ള അദമ്യമായ ആഗ്രഹത്തിനു് തുടർന്നു ഫലമുണ്ടായി. കോഴിക്കോട്ടെ ഒരു ഹയർ എലിമെൻററി സ്കൂളിൽ ചേർന്നു. ആറു് ഏഴ് എട്ടു് ക്ലാസ്സുകൾ. ഏഴിലും എട്ടിലും പഠിക്കുമ്പോൾ സ്കൂൾ വാർഷികത്തിലെ നാടകങ്ങളിൽ അഭിനയിച്ചിരുന്നു. ഒന്നാമത്തെ അഭിനയത്തിൽ തന്നെ നല്ല നടനുള്ള സമ്മാനം കിട്ടി.

രണ്ടാമത്തെ നാടകം ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. ആ നാടകത്തിലെ ഗാനങ്ങൾ എഴുതാൻ എനിക്കവസരം കിട്ടി. അതിലേറെ പ്രധാനം എൻെറ തലക്കു് കിട്ടിയ മോചനമായിരുന്നു. അന്നു്വരെ മാസത്തിൽ രണ്ടു് തവണ തല മൊട്ടയടിക്കുമായിരുന്നു, യാഥാസ്ഥിതികരായിരുന്നു മാതാപിതാക്കൾ. നാടകത്തിലെ കഥാപാത്രത്തിനു് ക്രോപ്പു് ചെയ്ത തല വേണം. ആ വിവരം മാതാപിതാക്കളെ അറിയിച്ചു. അവർ സമ്മതം തന്നു. അങ്ങിനെയാണു് ഞാനാദ്യമായി മുടി വെക്കുന്നതു്. അന്നു് മതാനുഷ്ഠാനങ്ങളും തെററാതെ നിർവ്വഹിച്ചിരുന്നു.

എട്ടാതരം പാസ്സായപ്പോൾ പഠിപ്പു് നിർത്തേണ്ടി വന്നു. ഞങ്ങൾ മക്കൾ വളരുകയായിരുന്നു. ആറു് പെൺകുട്ടികൾ. കോഴിക്കോട്ടു് മിഠായിത്തെരുവിലെ ഒരു വലിയ കടയിൽ ഞാൻ ഒരു കൊച്ചു ജോലിക്കാരനായി. അന്നെൻെറ ശമ്പളം 18 രൂപ. 1944_ൽ ആയിരുന്നു. പകലന്തിയാവോളം ആ ജോലി എൻെറ സമയം അപഹരിക്കും. കളിക്കാനോ കൂട്ടുകൂടാനൊ നേരം കിട്ടില്ല. മനസ്സിനിണങ്ങാത്ത ജോലി. പ്രായത്തിനിണങ്ങാത്തതും. ഞാൻ മാതാപിതാക്കളോടു് പറഞ്ഞു. യുദ്ധകാലമായി

രുന്നു അന്ന്. ഞാൻ പട്ടാളത്തിൽ പൊയ്ക്കോളാം, സമ്മതിച്ചില്ല. അങ്ങിനെയാണ് തപ്പാൽ വകുപ്പിൽ പ്യൂണായി ജോലിയാക്കിത്തരുന്നത്.

ഇഷ്ടപ്പെടാത്ത പുരുഷൻെറ ഭാര്യയാവേണ്ടി വന്ന ഒരു സ്ത്രീയുടേതുപോലെയായിരുന്നു ആ ജീവിതം.

അറിവും അനുഭവങ്ങളും എനിക്ക് എൻേറതായ ഒരു ജീവിതം കാണിച്ചുതന്നു. അങ്ങോട്ട് എനിക്ക് പ്രവേശനമില്ലെന്ന സത്യം ഞാനറിയുന്നു.

മതസാമുദായിക കാര്യങ്ങളിലുണ്ടായ ധാരണകഠം പാരമ്പര്യ ശക്തികളുമായി ഏററുമുട്ടി. മനുഷ്യൻ കാരാഗൃഹത്തിലാണ് എന്നൊരു ചിന്ത ജനിച്ചുകഴിഞ്ഞിരുന്നു. ആ പേരിൽ ഒരു നാടകം എഴുതുകയുമുണ്ടായി.

സ്വന്തമായ വിശ്വാസപ്രമാണങ്ങഠം മുന്നോട്ട് ചലിപ്പിക്കുന്നില്ല.

കറവ് വററിയ പശുവിനെക്കുറിച്ചാണോ ആദ്യം ചിന്തിച്ചത്? അറിഞ്ഞുകൂട.

പ്രായാധിക്യം ജീവിതത്തിൻെറ അതിർത്തി കടന്ന് നില്ക്കുന്ന വൃദ്ധനെയായിരിക്കുമോ?

മാറാരോഗം ബാധിച്ച പുരുഷു എന്ന കഥാപാത്രത്തിൽ ഞാനെന്നെ കണ്ടെത്തുകയായിരുന്നുവോ?

എല്ലാം കൂടി ഒന്നിച്ച് ചേർന്നതാവാം. ഒന്നിച്ച് സംഭവിച്ചതാവാം.

കറവററ പശു സൃഷ്ടിക്കുന്ന മനസ്സിൻെറ ലോകത്തിലേക്ക് പ്രവേശിക്കുമ്പോഠം ഈ ആമുഖം അല്പമെങ്കിലും പ്രകാശം നല്കുമെന്ന് വിശ്വസിക്കുന്നു.

കോഴിക്കോട്,

15-5-'88. കെ. ടി. മുഹമ്മദ്.

## ........ഇതാ നാടകം

ആററിക്കുറുക്കിയാൽ മനുഷ്യമുഖത്തിൻെറ കലയാണ് നാടകം. മനുഷ്യൻ ഇവിടെ വ്യക്തിയാകുന്നു. അവൻെറ മനസ്സിൻെറ കണ്ണാടിയാണ് മുഖം. അതിൽ 'വീരകരുണാദി നാനാരസോൽകരം' തിരതല്ലുന്നു. ഇവ മനുഷ്യമുഖത്തിലെ മാരിവില്ലുകളും ഇടിമിന്നലുകളുമായാണ് നമുക്ക് അനുഭവപ്പെടുന്നതു്. മറെറാരു സാഹിത്യശാഖയും വ്യക്തിയുടെ ഈ സവിശേഷ ഭാവത്തിന്നു നാടകത്തെപ്പോലെ ഊന്നൽ നല്കുന്നില്ല. കവിത സൂക്ഷ്മഭാവപ്രകാശനത്തിന്നു കാവ്യബിംബങ്ങളും പ്രതീകാത്മക ഭാഷയും ഉപയോഗിക്കുന്നു. കഥാസാഹിത്യത്തിൽ പ്രകൃതിവർണ്ണനയും സംഭവപ്രതിസംഭവ വിവരണങ്ങളും പാത്രരചനയോടൊപ്പം പ്രതിപാദനത്തിലൂടെ നിർവ്വഹിക്കുന്നു. നാടകത്തിൽ ഇതൊക്കെ അസാധ്യം. അതിൽ പാത്രങ്ങളുടെ ഭാഷണത്തിൽ കൂടി മാത്രമേ നാടകാവിഷ്കാര നിർവ്വഹണം കഴിയൂ. നാടകം ചലനത്തിൻെറ കലയാണെന്നു ആചാര്യന്മാർ പറയാറുണ്ടു്. കഥാപാത്രത്തിൻെറ ചലനഗതി നിയന്ത്രിക്കുന്നതു അവൻെറ മാനസികമായ നിലയാണ്. മനചലനമാണ് പ്രധാനം. മനഃചലനം ആന്തരിക സംഘർഷത്തിൽ നിന്നുരുത്തിരിയുകയും ബാഹ്യചലനമായി മാറുകയും ചെയ്യുന്നു. സംഭാഷണം മാത്രമാണ് കഥാപാത്രത്തിൻെറ മനഃചലനത്തെ അരങ്ങിന്നു നല്കുന്നതു്. സംഭാഷണമില്ലെങ്കിൽ നാടകമില്ല. പരീക്ഷണവ്യഗ്രനായ ഒരു നാടകകാരന്നു ഏതെങ്കിലും ഒരു

നാടകീയമായ നിമിഷത്തെ മൌനമാക്കി വാചാലമായ സംഭാഷണമാക്കി മാററാൻ കഴിയുകയില്ലെന്നല്ല പറയുന്നതു്. എന്നാൽ ഒരു നാടകത്തിന്നു മുഴുക്കെ ആ സ്വഭാവം നൽകാൻ സാധിക്കില്ല. അതായതു നാടകത്തിലെ നിർണ്ണായകഘടകം, പരമ പ്രധാനമായ ഘടകം സംഭാഷണം.

നാടക ഭാഷണം സാധാരണ ഭാഷണമല്ല. അലസമല്ലതു്. നാടകീയമാണതു്. പിരിമുറുക്കം സൃഷ്ടിക്കാനാണു് സംഭാഷണം. ഇവിടെയാണു് നാടകകാരൻെറ മിടുക്കു്. മറിച്ചു പറഞ്ഞാൽ നിത്യജീവിതത്തിലെ അലസവും വൃഥാസ്ഥൂലവുമായ ഭാഷണത്തെ സാങ്കേതികമായ ഒരു ചട്ടക്കൂടിലൂടെ ചടുലമാക്കുന്നു. ഈ ചടുലതയില്ലെങ്കിൽ അതു നാടകമാവില്ല. നാടകകാരൻെറ സർഗ്ഗസൃഷ്ടിയുടെ നേർക്കുള്ള കടുത്ത പരീക്ഷണമാണതു്. യേശുദേവനെ സാത്താൻ പരീക്ഷണവിധേയനാക്കിയതു പോലെ. നാടകത്തിൻെറ ലാക്ഷണികമായ നാന്ദിയും കേന്ദ്രാശയവും പ്രതിസന്ധിയും ഒക്കെ ശക്തമാണെങ്കിലും നാടകഭാഷണത്തിന്നു ചടുലതയില്ലെങ്കിൽ അതു ഒരു വൃഥാ വ്യായാമമായി മാറിപ്പോകും. എന്തിനാണു് ചടുലത എന്ന ചോദ്യം പ്രസക്തമാണു്. ഒരു ചെടിയുടെ ഇല ഒരു പ്രാണി കടിച്ചുതിന്നുന്നതു നാം സാധാരണ ജീവിതത്തിൽ കണ്ടിട്ടുണ്ടാകും. നാമതിനെക്കുറിച്ചു ഉദാസീനവുമായിരിക്കും. എന്നാൽ ഇതെ കാര്യം തന്നെ നീളവും വീതിയുമുള്ള ഒരു തിരശ്ശീലയിൽ വളരെ വലുപ്പത്തിൽ കാണുമ്പോൾ, പ്രാണി ഭീമകാരം പ്രാപിച്ചു അതിൻെറ പരുത്തതും നീണ്ടതുമായ കൈകളും പല്ലും കൊണ്ടും ഇല കടിച്ചുതിന്നു നശിപ്പിക്കുമ്പോൾ നമുക്കു് ഔത്സുക്യമുണ്ടാകുന്നു. സിനിമയിലെ ആ രംഗം നാം നിർന്നിമേഷരായി നോക്കുന്നു. മനസ്സിൻെറ ഏതെങ്കിലും കോണുകളിൽ എന്തൊ ഒരു വികാരം നമ്മെ കൊളുത്തിയിടുന്നു. നാം നമ്മുടെ അസ്തിത്വത്തെക്കുറിച്ചു ചിന്താ

ധീനരായിപ്പോകുകയോ അസ്വസ്ഥരാകുകയോ ചെയ്യുന്നു. ഇതിനെ കലാത്മക സത്യം എന്നു വിളിക്കാം.

ഈ കലാത്മകസത്യത്തെ ഒരു ഭാവഗാനത്തിൻെറ ഊക്കോടെ പ്രകാശിപ്പിക്കുവാൻ ശേഷിയുള്ള ഒരു നാടക കാരനാണ് കെ. ടി. മുഹമ്മദ്. കറവററപശു അദ്ദേഹ ത്തിൻെറ ആദ്യകാല നാടകങ്ങളിലൊന്നാണ്. പത്തു മുപ്പത്തുകൊല്ലം മുമ്പ് കോഴിക്കോട്ടെ ഒരു നാടകസദസ്സിൽ വീർപ്പുമുട്ടി കണ്ടു നിന്ന കാണികളിൽ ഒരാളാണ് ഞാൻ. നാടകത്തിലെ രംഗങ്ങൾ ചുരുളഴിയുമ്പോൾ ഞാനെൻെറ അസ്തിത്വത്തെക്കുറിച്ചായിരുന്നു വികാരം കൊണ്ടിരുന്നത്. പിന്നെയും ഈ നാടകം പലവുരു വായിച്ചിട്ടുണ്ട്. എന്നി ലുണ്ടാക്കിയ അസ്വസ്ഥതക്ക് ഹേതു കറവററപശുവിലെ സംഭാഷണത്തിൻെറ കരുത്തുതന്നെയാണെന്നു ഇപ്പോഴും എനിക്കുറപ്പിച്ചു പറയാം. പൊട്ടിത്തെറിക്കുന്ന അഗ്നിപർ വ്വതത്തിൻെറ തുണ്ടംപോലെ വാക്കുകൾ എൻെറ മേൽ വന്നു പതിക്കുന്നു. ഈ ഉപമ തെററാണുതാനും. അഗ്നി പർവ്വതം അതിൻെറ സ്വാഭാവികമായ കൃത്യം നിർവ്വഹി ക്കുന്നേയുള്ളു. കറവററപശുവിലെ പൊട്ടിത്തെറി മനുഷ്യാ സ്തിത്വത്തെക്കുറിച്ചുള്ള മഹത്തായ ഒരാദർശം പ്രഖ്യാപനം ചെയ്യുന്നു. ഇവിടെ പൊട്ടിത്തെറിക്ക് ലക്ഷ്യമുണ്ട്. പൊട്ടിത്തെറി യഥാൎത്ഥത്തിൽ ലക്ഷ്യത്തിലെത്തുവാനുള്ള ഒരു മാൎഗ്ഗം മാത്രമാണ്.

എന്താണിതു്? തുടക്കം മുതലെ അല്പം വിശദീകരി ക്കേണ്ടതു ഒരാവശ്യമായിത്തീരുന്നു.

എട്ടു കഥാപാത്രങ്ങളാണ് കറവററപശുവിലുള്ളതു്. അതിൽ ആറ്പേർ പുരുഷന്മാർ, രണ്ടുപേർ സ്ത്രീകൾ. ഈ എട്ടുപേരിൽ രണ്ടുപേർ മററൊരു കുടുംബത്തിലെ അംഗങ്ങളാണ്. യഥാൎത്ഥത്തിൽ ഈ കുടുംബത്തിലെ അതി തീവ്രമായ ഒരു പൊറുതികേടാണ് നാടകപ്രമേയം. പുരുഷു ക്ഷയരോഗിയാണ്. ഇഞ്ചിഞ്ചായി ക്ഷയരോഗം

അയാളെ കാൻതതിന്നുകൊണ്ടിരിക്കുന്നുണ്ടു്. മരണ ത്തിൻെറ ഭീകരമുഖം അയാളും മററുള്ളവരും ഒപ്പം കാണു ന്നുണ്ടു്. എന്നാൽ അയാളിലുള്ളതു ശക്തമായ ജീവിതാ ഗ്രഹമാണു്. ലീലയുമായുള്ള സ്നേഹബന്ധത്തിൻെറ സാഫല്യമാണു് പുരുഷുവിന്നു ജീവിതം. ഈ നാടക ത്തിൽ ലീല രംഗത്തേ വരുന്നില്ല. പക്ഷെ അവളുടെ സാന്നിദ്ധ്യം അനുഭവപ്പെടുന്നു. ഒരുപക്ഷെ നാടകത്തിലെ കേന്ദ്രപാത്രമായ, നാടകവിസ്താരത്തിൻെറ അത്യന്താപേ ഷിത ഘടകമായ ഈ പാത്രത്തിൻെറ സ്നേഹം, രംഗത്തു കാണിക്കാതിരുന്നതിൽ കെ. ടി. കാണിച്ച കലാപര മായ ഔന്നത്യത്തെക്കുറിച്ചു ആനുഷംഗികമായി പറഞ്ഞു കൊള്ളട്ടെ, പുരുഷു ദരിദ്രനാണു്. മരുന്നു വാങ്ങാനുള്ള പണമില്ല. ഉള്ളതാകട്ടെ ഒരു കറവററ പശുവാണു്. അതിനെ വിററു മരുന്നു വാങ്ങാമെന്നാണു് കുടുംബത്തിലെ രണ്ടംഗങ്ങളായ മീനാക്ഷിയമ്മക്കും അവരുടെ മകനായ അച്ചുതന്നും പറയാനുള്ളതു്. പുരുഷുവിൻെറ അച്ഛനായ രാഘവൻെറ രണ്ടാംഭാര്യ മീനാക്ഷിയമ്മയിലുള്ള സന്തതി യാണു് അച്ചുതൻ. അച്ചുതൻെറ ഭാര്യയായ സുശീലക്കു കുടുംബത്തിലെ എല്ലാവരോടും സ്നേഹമാണു്. എല്ലാവ രോടും അങ്ങിനെ സ്നേഹം പാടില്ലെന്നാണു് മീനാക്ഷി യമ്മയും അച്ചുതനും ശഠിക്കുന്നതു്. രാഘവന്നു പുരുഷുവി നോടു സഹതാപമുണ്ടു്. ധർമ്മസങ്കടത്തിൽ പെട്ടുഴലുന്ന ആ മനുഷ്യൻ നിസ്സാഹയനാണു്. പുരുഷുവിനെ ഇടക്കു് വന്നു് കാണുന്ന ചങ്ങാതിയാണു് ഭാസ്കരൻ. പുരുഷുവിൻെറ രോഗബാധ ചൂഷണം ചെയ്തു് അയാളുടെ സ്നേഹപാത്രമായ ലീലയെ വേളംക്കാനാണു് അന്നേരം ഭാസ്കരന്നു താല്പര്യം. അയാളുടെ ഉള്ളിലിരിപ്പു വെളിപ്പെടുന്നുണ്ടു്. മനമോടാ ത്തകൾ മാർഗ്ഗമില്ലല്ലോ. അതിനാൽ അയാൾ പത്തർമാററുള്ള ന്യായങ്ങൾ കണ്ടുപിടിക്കുന്നു. സ്വാർത്ഥത്തിൻെറ ഈ ന്യായങ്ങളെല്ലാം അയാളുടെ അച്ഛനായ കരുണാകരൻെറ മുമ്പിൽ ചിതറി വീഴുന്നു. ഒരു കറവററ പശുവിനെ

ചുററിപററിയുള്ള നാടകം ഒരു ഗാർഹിക സംഭവമാണ്. പക്ഷെ ഈ തുച്ഛമായ സംഭവത്തിൻെറ അഗാധതകളിലേക്കും സൂക്ഷ്മതലങ്ങളിലേക്കും നാടകകാരൻ ചുഴിഞ്ഞിറങ്ങി ഭീതിദായകവും അപൂർവ്വവുമായ ഒരു മഹാജീവിതപ്രശ്നമാക്കി പരാവർത്തനം ചെയ്യുന്നു. കുടുംബവഴക്കിൻെറ നിലവിട്ട മനുഷ്യാസ്തിത്വത്തിൻെറ അടിസ്ഥാനഭാവങ്ങളെ തേടിയുള്ള ഈ സത്യാന്വേഷണം നമ്മെ മറെറാരു ലോകത്തിലേക്കാനയിക്കുന്നു. എഴുത്താണികൊണ്ടു ആത്മാവിനെ കുത്തികുത്തിക്കീറുമ്പോഴുണ്ടാകുന്ന വേദന എന്താണെന്നു എനിക്കറിയില്ല. കടൽക്കരയുടെ വക്കിലിരുന്നു ഉയൻറുപൊങ്ങുന്ന തിരമാലകൾ ഞാൻ കണ്ടിട്ടുണ്ട്. പക്ഷെ മഹാസാഗരം ആകെ വിക്ഷുബ്ധവും നാശകാരിയുമായി ആകാശത്തോളം ഒന്നിനുപിന്നെ ഒന്നായി അവിരാമമായി തിരമാലകൾ ഉയർത്തുകയും ഗർജ്ജിക്കുകയും ചെയ്താലോ? അതു ഊഹിക്കാനെ കഴിയൂ. ആ ഊഹംതന്നെ ഞെട്ടലുണ്ടാക്കുന്നു.

ആ ഞെട്ടലാണ് ഈ നാടകം.

തികച്ചും ഭൗതികതലത്തിലുള്ള ഒരു കേന്ദ്രാശയത്തിൽ നിന്നാണ് ഈ നാടകം തുടങ്ങുന്നതെന്നും മുമ്പോട്ടു പോകുന്നതെന്നും നാം കണ്ടുവല്ലോ. ഇവിടെ ഓരോ മനുഷ്യർക്കും വ്യത്യസ്തങ്ങളായ മുഖങ്ങളില്ലെങ്കിൽ നൊടിയിടനേരം കൊണ്ടു ആ കുടുംബത്തിനു സർവ്വസമ്മതമായി എടുക്കാവുന്ന ഒരു തീരുമാനമാണല്ലോ കറവററ പശുവിനെ വിൽക്കുന്ന പ്രശ്നം. എന്നാലതു സംഭവിക്കുന്നില്ല. ആ അഭിപ്രായം തന്നെ രൂക്ഷമായ അഭിമുഖീകരണത്തിനു സാക്ഷ്യം വഹിക്കുന്നു. താന്താങ്ങളുടെ നിലപാടിൽ നിന്നു മാറാൻ വിസമ്മതിക്കുന്ന മനുഷ്യർ തങ്ങളുടെതായ ഭാഷ്യങ്ങൾ രചിക്കുന്നു. മുഖത്തിൻെറ ഉണ്മയാണ് ഇവിടെ കാണുന്നതു്. അവരാണ് സംഘർഷഭരിതമായ ആളിക്കത്തൽ ഉണ്ടാക്കുന്നതു്.

സംവിധാന ഭംഗിയാണ് കലയെന്നു് ഒരു പക്ഷമുണ്ടു്. സംവിധാന ഭംഗിമാത്രം ആയാൽ ഉടുക്കുന്ന മുണ്ടിൻെറ നേർത്ത കസവുകരപോലെയാകും. ഒരു ജീവിത മഹാ പ്രശ്നത്തിൻെറ ആദിമധ്യാന്തങ്ങൾ പടിപടിയായി ഉയർത്തുകയും നാടക നിർവ്വഹണത്തിൽ സമാപ്തി കുറിക്കുകയും ചെയ്യുന്ന കറവററ പശുവിന്നു കരുത്തു നല്കുന്നതു പ്രശ്നങ്ങൾ തന്നെയാണു്. അടുത്തു നിന്നവയെ നമുക്കു് സമീപിച്ചു നോക്കുക.

ആദ്യരംഗത്തിൽ പുരുഷു പ്രത്യക്ഷപ്പെടുന്നേയില്ല. എന്നാലയാളുടെ പ്രശ്നമാണ് കുടുംബാന്തരീക്ഷത്തിൽ പുകയുന്നതു്. പുരുഷുവിന്നു മരുന്നു വാങ്ങാനുള്ള പ്രമേയം അവതരിപ്പിക്കുന്നതു മീനാക്ഷിയമ്മയാണു്. എതിർപ്പു കാണിക്കുന്നതു് അച്ഛനായ രാഘവനാണു്. അച്ചുതൻെറ ഭാര്യ സുശീല രോഗിയെ ശുശ്രൂഷിക്കുന്നതിൽ മീനാക്ഷിയമ്മക്കു് വിമ്മിഷ്ടമുണ്ടു്. രാഘവൻെറ അച്ഛനായ വൃദ്ധന്നു ഈ നാടകത്തിൽ കെ. ടി, പേരു് കൊടുത്തിട്ടില്ല. കറവററ പശുവിന്നും പേരില്ല. വൃദ്ധനും പശുവും ഉപയോഗശൂന്യമായ പദാർത്ഥങ്ങളെന്ന നിലക്കാണു്. വൃദ്ധൻ രംഗത്തിൽ പ്രത്യക്ഷപ്പെടുന്നു. പശു പ്രത്യക്ഷപ്പെടുന്നില്ല. പശുതന്നെയാണു് കിഴവനെന്നോ, കിഴവനാണ് പശുവെന്നോ ഒരു വികാരം ആദ്യരംഗം തന്നെ നമ്മിൽ ഉളവാക്കുന്നു. ഇവിടെ മൂകജീവിയായ പശുവിൻെറ വികാരംപോലുള്ള ഒരു കനത്ത ഭാഷണം വൃദ്ധൻെറതായുണ്ടു്. അപ്പോം വില്ക്ക്ആന്നു് തന്നെവെച്ചോ? നിങ്ങളെയൊക്കെ? അപൂർണ്ണവും അർത്ഥഗർഭവുമായി കിടക്കുന്ന ആ അവസാന പ്രയോഗത്തിന്നു പല തലങ്ങളിൽ നിന്നും വ്യാഖ്യാനം കണ്ടെത്താവുന്നതാണു്. അതാണ് നാടകത്തിലെ കൊളുത്തു് – നിങ്ങളെയൊക്കെ? – നിങ്ങളെ എന്താണു് ചെയ്യേണ്ടതു്? നിങ്ങൾ എന്താണ് ചെയ്യാൻ പോകുന്നതു്? എന്തിനാണ് നിങ്ങളൊക്കെ ഒരുങ്ങിപുറപ്പെട്ടിട്ടുള്ളതു്?

രണ്ടാം രംഗത്തിൽ പുരുഷുവും അവൻെറ സുഹൃത്തായ ഭാസ്കരനും മാത്രം സംസാരിച്ചിരിക്കുന്നതിൽ നിന്നാണ് പുരുഷുവിൻെറ ജീവിതാഭിലാഷവും ഭാസ്കരൻെറ ജീവിതാഭിലാഷവും കൂട്ടിമുട്ടുന്നത്. തന്നെ സഹായിക്കുമെന്നു കരുതുന്ന സ്നേഹിതൻ തൻെറ മരണത്തെ കാംക്ഷിക്കുകയാണെന്നയാഠം അറിയുന്നില്ല. പുരുഷുവിന്നു് ജീവിതാഭിലാഷം പൂർത്തീകരിക്കാൻ സാധിക്കുകയില്ലെന്നതിനു വാദമുഖങ്ങറം ഉയർത്തുന്ന ആ മനുഷ്യൻ തൻെറ ജീവിതാഭിലാഷം സഫലമാക്കാമെന്നു നിഗൂഢമായി ഉദ്ദേശിക്കുകയും ചെയ്യുന്നു. ഇവിടെയും വൃദ്ധൻ വരുന്നുണ്ട. സഹതാപത്തിൻെറ മുദ്രപതിക്കുകയെന്നതിൽ കവിഞ്ഞ അത്ഥഗാംഭീര്യമുള്ള ഒരു പ്രയോഗവും വൃദ്ധനിൽ നിന്നുണ്ടാകുന്നില്ല. എന്നാൽ പുരുഷുവിൻെറ നിസ്സഹായാവസ്ഥയും വൃദ്ധൻെറ നിസ്സഹായാവസ്ഥയും ഇവിടെ താദാത്മ്യം പ്രാപിക്കുന്നതു നമുക്ക് കാണാം. പുരുഷുവും ഒരു കറവററ പശുവാണെന്ന ബോധം പുരുഷുവിൽ അങ്കുരമിടുന്നതു് ഭാസ്കരൻെറ ന്യായവാദങ്ങളെക്കാറം കിഴവൻെറ സഹതാപാർദ്രമായ പെരുമാററമാകയാൽ കിഴവൻെറ എന്താണ് മോനെ എന്ന ചോദ്യത്തിനുത്തരം ഉണ്ടായില്ല. ഇതിന്നുള്ള ഉത്തരമാണു നാടകം.

നാടകത്തിൽ രണ്ടുതവണ മാത്രമെ ഭാസ്കരൻെറ വീട് രംഗമായി വരുന്നുള്ളു. ആദ്യം മൂന്നാംരംഗത്താണ്. അച്ഛനും മകനുമാണ്. പ്രധാന കഥാപാത്രങ്ങളെയൊന്നും അവതരിപ്പിക്കാതെ അച്ഛനും മകനും തമ്മിലുള്ള സംഭാഷണത്തിലൂടെയാണ് കഥാകഥനഘടകം നിർവ്വഹിക്കുന്നതു്. പ്രധാന പാത്രങ്ങളുടെ അഭാവത്തിൽ കഥാകഥന നിർവ്വഹണം സൃഷ്ടിക്കുന്ന കെ. ടി. യുടെ നാടകബോധം പ്രശംസാർഹമാണെന്നു് പറയട്ടെ. അതിലും മുഖ്യമായി തോന്നിയതു് നാടകത്തിൻെറ സാങ്കേതിക പ്രശ്നത്തിൽ കാണിച്ച അനുകരണീയമായ മേന്മയാണ്. മിക്കപ്പോഴും

ഇത്തരം രംഗങ്ങാം കഥാഖ്യാനരംഗങ്ങളാകയാൽ ഇഴഞ്ഞു പോകാറുണ്ട്. എന്നാലിവിടെ നാടകത്തിൻെറ സംഘർഷങ്ങളുടെ ഹൃദയഭാഗത്തേക്കു് പ്രവേശിക്കുവാനുള്ള രംഗം കൂടിയായിട്ടാണ് കെ. ടി. ഈ രംഗം ആവിഷ്ക്കരിച്ചിട്ടുള്ളതു്. ''അച്ഛാ ശരിയാണ് എനിക്കെന്തുകൊണ്ടോ അവളെയും മറക്കാൻ കഴിയുന്നില്ല''. പിരിമുറുക്കത്തിൻെറ നടുവിലേക്കു് അനുവാചകരെ ഉന്തിതള്ളിയിട്ടുകൊണ്ടാണ് മൂന്നാംരംഗം അവസാനിക്കുന്നതു്.

നാലാം രംഗത്തിൽ കുടുംബാംഗങ്ങാം എല്ലാവരും സമ്മേളിക്കുന്നു. മണ്ണിലുറച്ചു നിന്ന പ്രശ്നങ്ങളാണ് മൂന്നു രംഗങ്ങളിലും പ്രധാനമായും ആവിഷ്കരിച്ചതു്. ഈ രംഗം അതിന്നൊരു മാററം കുറിക്കുന്നു. പുരുഷുവിൻെറ മനസ്സിൽ അലയടിക്കുന്ന ഗാനത്തിൽ നിന്നാണ് തുടക്കം. മനുഷ്യൻ ചുററുപാടുകളിൽ മാത്രം ഒതുങ്ങി ജീവിക്കുന്നില്ല. അവൻ ഒരു സ്വപ്നജീവി കൂടിയാണ്. ഈ സ്വപ്ന ജീവിത സാഫല്യത്തിന്നായി അവൻ ചുററുപാടുകളെ വിസ്മരിക്കുകയും അതിൽ നിന്ന് വിമോചനം നേടാനുള്ള സർഗ്ഗ കലാപം സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ ലോകത്തിൽ നിന്നു മറു ലോകത്തെ സ്വപ്നം കാണുക എന്നതാണ് സാഹിത്യത്തിൻെറ മുഖ്യ സ്വഭാവം. ആ സ്വഭാവത്തിന്നനുരോധമായി സൃഷ്ടിച്ച ഈ രംഗം രണ്ടുതരത്തിലുള്ള ഏററുമുട്ടലുകളാണ് നാടകീകരിക്കുന്നതു്. തൻെറ സ്വപ്ന ജീവിതത്തിൻെറ തകർച്ചയെക്കുറിച്ചു പുരുഷുവിൻെറ ബോധതലം അറിയുന്നതു ഈ രംഗത്താണ്. അതോടൊപ്പം തന്നെ പശുവിനെ വിററു മരുന്നു വാങ്ങിയതുകൊണ്ടും രോഗശമനം ഉണ്ടാകുകയില്ലെന്നും അയാാക്ക് ബോധ്യമാവുന്നുണ്ട്. അച്ഛൻ രോഗശമനത്തിന്നു മരുന്നുമാത്രമാണ് പോംവഴിയായി കാണുന്നതു്. മനസ്സിൻെറ രോഗം ഇവിടെ മററെല്ലാ കഥാപാത്രങ്ങാക്കും സത്യമാണെന്നതും പുരുഷുവിൽ അതു സജീവമാണെന്നതും ആണ് ഈ രംഗത്തിൻെറ സവിശേ

ഷത. പശ്ശുവിനെ വില്ക്കുന്ന പ്രശ്നം പിരിമുറുകി. ''നിങ്ങളെന്താ ഇങ്ങനെ ഒച്ചീം വിളിട്ട സംസാരിക്ക്ണതു. ഞെ? എനിക്കൊന്നും അത്ര പിടിക്ക്ണില്ല.'' ഇവിടെയും കിഴവനാണ് കേന്ദ്രാശയത്തിലേക്ക് സംഭാവന ചെയ്യുന്നതു്. എനിക്കൊന്നും പിടിക്ക്ണില്ല എന്നതു നിസ്സഹായമായ ഒരാത്മാവിൻെറ രോദനമാണ്. രംഗം ഉന്നയിക്കുന്ന പ്രശ്നം അതിലും ഗൌരവപ്പെട്ടതാണ്. എനിക്കൊന്നും പിടികിട്ടുന്നില്ല എന്നതിനെക്കുറിച്ചു പറയാം. മനസ്സുകൾ അകലങ്ങളിലേക്ക് യാത്ര ചെയ്തിരിക്കുന്നു. ആർക്കും ആരെയും മനസ്സിലാകുന്നില്ല. മനസ്സിലാകായ്കയിൽ നിന്നാണല്ലോ പൊട്ടിത്തെറി. ഇതാണ് നാടകത്തിലെ പ്രതിസന്ധി-ജീവിതസമസ്യ.

ഈ പ്രതിസന്ധി പിരിമുറുകി മുറുകി പൊട്ടൽ സ്വാഭാവികമാണ്. ആ സ്വാഭാവികതയാണ് അഞ്ചാം രംഗം. എങ്ങനെയാണ് ഈ പ്രതിസന്ധി തരണം ചെയ്യേണ്ടതെന്നറിയാത്ത മനുഷ്യ ജീവികൾക്ക് ഒരു സംഭവം സഹായകമാകുന്നു. ജലപ്രവാഹത്തിൽ മുങ്ങി പൊങ്ങുന്നവനു വൈക്കോൽ തുരുമ്പ് രക്ഷയുടെ പ്രതീക്ഷാചിഹ്നമാകുന്നതുപോലെയുള്ള ഒരനുഭവം, നട്ടപ്പാതിരക്കു വെള്ളം ചോദിച്ചുകൊണ്ടുള്ള പുരുഷുവിൻെറ ദയനീയമായ അപേക്ഷയുടെ മുമ്പിൽ കരളുരുകിപ്പോകുന്ന സുശീലയുടെ ബാധ്യത സദാചാര പ്രശ്നങ്ങൾ കുത്തിപ്പൊക്കാനുള്ള ഒരവസരമായി മീനാക്ഷിയമ്മയും അച്ചുതനും ഉപയോഗപ്പെടുത്തുന്നു. യാഥാർത്ഥ്യത്തെ നേരിടാനുള്ള മനുഷ്യ ഭീരുത്വത്തിൻെറ നിദർശനമാണ് രംഗം. ഇവളെ പഠിപ്പിക്കാതെ വയ്യ എന്നു് മീനാക്ഷിയമ്മ ആക്രോശിക്കുമ്പോൾ അതാണെനിക്കു് ഇതിനേക്കാൾ ഇഷ്ടം എന്നു ദാമ്പത്യമനുഭവിക്കുന്ന സ്നേഹത്തിൻെറ കഥാപാത്രം കലാപം നടത്തുന്നു. ഞെട്ടുന്ന അവളുടെ ഭർത്താവിന്നു പിന്നെ പറയാനുള്ളതു് പൊട്ടിത്തെറിയെ രൂക്ഷമാക്കുന്ന വാക്കുകൾ മാത്രമായി

രിക്കും. 'എന്നാൽ പശുവിനെ വില്ക്കാം, വിററാൽ വില കിട്ടും. ഒരു മനുഷ്യനെ വില്ക്കാൻ വയ്യ. വിററാൽ വില കിട്ടുകയില്ല.' ഈ രൂക്ഷ വാക്കുകൾ സൃഷ്ടിക്കുന്ന ആഘാതത്തിൽനിന്നു പുരുഷുവിനല്ല ഒരു മനുഷ്യനും രക്ഷപ്പെടാൻ കഴിയുകയില്ല. രാക്ഷസീയമായ ആ ചോദ്യത്തിന്നു മുമ്പിൽ അശരണനായ പുരുഷു നിലം പതിക്കുന്നു. ഇതോടെ നാടകത്തിൻെറ പ്രതിസന്ധി സമ്പൂർണ്ണമായി.

മനുഷ്യസ്വഭാവങ്ങളിലൊന്നു തൻെറ മുമ്പിലുള്ള നഗ്നമായ യാഥാത്ഥ്യത്തെ സമീപിക്കാനുള്ള വൈമുഖ്യവും അതിന്നു അപ്രായോഗികമായ തീരുമാനങ്ങൾ കണ്ടെത്താൻ മനസ്സിനെ വിടുന്നതിലുള്ള ഔത്സുക്യവുമാണ്. ഇതുതന്നെയാണ് പുരുഷുവിൻെറ അച്ഛനായ രാഘവനും ചെയ്യുന്നതു്. ഈ ആപൽഘട്ടത്തിൽ പുരുഷുവിൻെറ ആത്മസുഹൃത്താണെന്നയാൾ ധരിച്ചുവശാകുന്ന ഭാസ്സരനെ സമീപിക്കുന്നു. ഭാസ്സരൻ സ്വയം സൃഷ്ടിച്ച ലോകത്തിൽ നിന്നുകൊണ്ടാണ് കാര്യങ്ങൾ കാണുന്നത്. പതുക്കെ അയാൾ തൻെറ സിദ്ധാന്തം പുറത്തെടുക്കുന്നു. അവൻെറ മനസ്സിനകത്തുള്ള അടങ്ങാത്ത ആധിയെക്കുറിച്ചാണ് ഭാസ്സരൻ പറയുന്നതു്. -ഒരു പെണ്ണിനെക്കുറിച്ചുള്ള വിചാരം. ഈ വിചാരം ഭാസ്സരനും ഉള്ളതാണല്ലോ. അതു അടിമേലെ ഉഴുതുമറിക്കുന്നു ഭാസ്സരൻെറ അച്ഛനായ കരുണാകരൻ. ലീലയുടെ ഹൃദയം ഭാസ്സരനു കിട്ടുകയില്ലെന്നുറുത്തുമുറിച്ചു കരുണാകരൻ പറയുന്നതോടെ, മാനസികമായി പുരുഷുവിൻെറ നിലയിലേക്ക് അടിതെററി വീഴുകയാണ് അയാൾ. ഇവിടെ കെ. ടി. ഒരടിസ്ഥാന പ്രശ്നം ഉന്നയിക്കുന്നുണ്ടു്, കരുണാകരൻെറ വാക്കിലൂടെ. 'മനുഷ്യനെ കാണാൻ അവൻെറ ശരീരത്തിലേക്കല്ല മനസ്സിലേക്കാണ് നോക്കേണ്ടതു്' ഇതു നാടകത്തിലെ സുന്ദരമുഹൂർത്തങ്ങളിലൊന്നാണ്; ഒരാകർഷകമായ നിമിഷമാണ് കെ. ടി. അവതരിപ്പിച്ചിട്ടുള്ളതു്. ഭൌതികമായ ആവശ്യ

നിർവ്വഹണത്തിന്നപ്പുറമുള്ള പ്രതീക്ഷാനിർഭരമായ ഒരു ലോകത്തിൻെറ താഴനീക്കുകയാണ് കെ. ടി. ചെയ്തിട്ടുള്ളതും. ഇതു ജീവിതത്തിൻെറ ചൈതന്യ ശക്തിയെക്കുറിച്ചുള്ള പരാമർശമാണല്ലോ. തിന്നും കുടിച്ചും മദിച്ചും ചത്തുപോകുന്ന നശ്വരമായ ജീവിതത്തിന്നു അനശ്വരതയുടെ മുദ്ര കെ. ടി. കാണിച്ചു തരുന്നു. ഇതാണ് കലാകാരൻെറ ലോകം.

ഏഴാമത്തെ രംഗം കുടുംബാന്തരീക്ഷത്തിലുണ്ടായ വിങ്ങിപ്പൊട്ടലിന്നു വങ്കനായ മനുഷ്യൻ കണ്ടെത്തുന്ന മുട്ടുശാന്തിയെ ചിത്രീകരിക്കുന്നു. രംഗത്തുനിന്നു സുശീലയെ പുറന്തള്ളാനുള്ള അച്ചുതൻെറ ശ്രമത്തിന്നു മീനാക്ഷിയമ്മയുടെ പരോക്ഷമായ അനുമതിയുണ്ട്. അധികാരത്തിൻെറ തിണ്ണബലത്തിലാണ് അച്ചുതൻ ഭാര്യയെ കൊണ്ടുപോകാൻ ശ്രമിക്കുന്നതു്. എന്തധികാരം? അധികാരം കൊണ്ടു തോന്ന്യാസം കളിക്കാൻ പാടില്ലെന്ന രാഘവൻെറ പ്രഖ്യാപനവും ലോകനീതിയിൽ ആദർശത്തിനുള്ള സാരമായ പങ്കിനെക്കുറിച്ചുള്ള വിചിന്തനമാണ്. അതുവരെ അശക്തനായി നിന്നിരുന്ന രാഘവൻ ആ നിമിഷത്തിൽ ഏറ്റെടുക്കുന്നതും അധികാരം തന്നെയാണ്. പുരുഷുവിനോടു അയാൾ ഈ അധികാരം ഉപയോഗിക്കുന്ന അധികാരം നന്മക്കായിരിക്കണം എന്ന സൂചന നല്കുന്ന ഈ രംഗവിസ്താരം നാടകത്തിൻെറ നിർവ്വഹണഘട്ടത്തിൻെറ ആരംഭം കുറിക്കുന്നു. സാധാരണ നാടകങ്ങളിൽ നിർവ്വഹണഘട്ടത്തിന്നു തൊട്ടു മുമ്പുള്ള രംഗങ്ങളും കഥാകഥനത്തിന്നു പയോഗിക്കാറുണ്ട്. എന്നാലിവിടെ വൈകാരികമായ ഏറ്റുമുട്ടലിലൂടെ പ്രതിസന്ധിയുടെ അന്ത്യം കുറിക്കുന്ന ഈ രംഗം കെ. ടി. യുടെ പ്രതിഭയെ നിസ്സംശയം തെളിയിക്കുന്നു.

എട്ടാമത്തെ രംഗം തൻെറ നിസ്സഹായവും ദാരുണമാവുമായ പുരുഷുവിൻെറ അവസ്ഥയെക്കുറിച്ചുള്ള ബോധോദയ

ത്തോടു കൂടിയാണു്. നീ എനിക്കായി തന്ന കഴിഞ്ഞ നിൻെറ ഹൃദയം നിനക്കു് തന്നെ ഞാൻ മടക്കി അയക്കട്ടേ എന്നു് പുരുഷു ലീലക്കെഴുതുമ്പോഠം അയാളുടെ ജീവിതാശയുടെ അന്ത്യം കുറിക്കുന്നു. പശുവിനെ വില്ക്കാൻ ആശയററ ആ നിർഭാഗ്യ ജീവി സമ്മതം നല്കുകയും ചെയ്യുന്നു. അയാളുടെ ജീവിത വീക്ഷണം മാറുന്നു. അതോടെ എതിർപക്ഷത്തു നിന്നവരുടെ വീക്ഷണവും മാറുന്നു. ശത്രു മിത്രമാകുന്ന സ്ഥിതി; അല്ലെങ്കിൽ തോററവൻ ജയിക്കുന്ന സ്ഥിതി. ഈ സ്ഥിതിയെ അനാവരണം ചെയ്തുകൊണ്ടു നാടകം സമാപ്തിയിലെത്തുന്നു. ചുരുക്കത്തിൽ എല്ലാവരും കറവററ പശുക്കഠം തന്നെ.

കറവററ പശുവിലെ എട്ടരംഗങ്ങളിൽ നിന്നു എനിക്കു് തോന്നിയമട്ടിൽ അസ്ഥികഠം പെറുക്കിയെടുക്കുകയാണ് ചെയ്തിട്ടുള്ളതു്. ഈ തിരഞ്ഞെടുപ്പു് പാർശ്വകമോ ഭാഗികമോ ആകാം. എന്നാൽ നാടകത്തിൻെറ കേന്ദ്രാശയത്തെ സമാന്യമായി അനാഛാദനം ചെയ്യാനതു ഉപകരിക്കും. പക്ഷേ നാടകത്തിൻെറ അസാധാരണമായ കരുത്തിനെ കാണിച്ചു തരാൻ ഉപകരിക്കില്ലതാനും. അതിന്നു നടേ പറഞ്ഞ കെ. ടി. യുടെ സംഭാഷണങ്ങഠം ഒരു ഗാർഹിക പ്രശ്നത്തിന്നുപരി നാടകീയ പ്രമേയത്തെ മനുഷ്യാസ്തിത്വത്തിൻെറ ഔന്നത്യത്തിലേക്കു് അനുവാചക ഹൃദയത്തെ ആഞ്ഞടിച്ചു കേററുന്നു. ഇവയിലൂടെയാണ് ഗാർഹികപ്രശ്നത്തിൻെറ സീമകഠം അതിലംഘിച്ചു് ജീവിത ദർശനത്തിൻെറതായ പാതകഠം ചൂണ്ടികാണിക്കുന്ന ആശയങ്ങളുള്ളതു്. ഒരുപക്ഷേ ഒരാശയവും ആ ആശയത്തിൻെറ പോരായ്മയും അവ വിശദമാക്കുന്നു.

ഇതാണ് പ്രശ്നം: കറവററ പശുവിനെ വില്ക്കണോ, വില്ക്കാതിരിക്കണമോ? ഈ നാടകത്തിലെ സവിശേഷ വ്യക്തിത്വമുള്ള പ്രയോജനവാദിയായ മീനാക്ഷിയമ്മ നിരത്തിവെക്കുന്ന വാദമുഖങ്ങളെ പററെ അവഗണിക്കാൻ

കഴിയില്ല. യാതൊരു കാര്യലാഭവും ഇല്ലാതെ അതിനെ തിന്നാൻ കൊടുത്തു പോററാനൊക്കമോ? തിന്നാൻ കൊടു ക്കാൻ കൊതിയായിട്ട ആരാ അല്ലെങ്കിലും പശുക്കളെ വാങ്ങുക? (ഒന്നാം രംഗം) ഇതിന്നുള്ള മറുവചനം അവളുടെ ഭർത്താവായ രാഘവന്റെ പക്കൽ നിന്നു വരുന്നതു നേരി ട്ടുള്ള എതിർപ്പായിട്ടല്ല. ''അവൻ കാശുകൊടുത്തു വാങ്ങി വളർത്തിയതാ അതിനെ. അഞ്ചെട്ടുകൊല്ലമായില്ലേ? അപ്പോഠം അതിനോടൊരു ദയ തോന്നീന്നു് വരാം. മൃഗമാ യാലും മനുഷ്യൻ സ്നേഹിച്ചു പോകാറുണ്ടു്. രാഘവന്റെ മകൻ അച്ചുതൻ മറെറാരു വീക്ഷണകോണമാണു് വെളി ച്ചത്തു കൊണ്ടുവരുന്നതു്. അപ്പോഠം നമ്മളു് അതിനെ ത്തന്നെ അങ്ങട്ടു കൊന്നു തിന്നു കളയുകയാണു് അല്ലച്ഛാ. അതൊന്നും കൂടാതെ കഴിയുകയില്ല'' പിന്നെയും അച്ചുതൻ തന്റെ പ്രയോജനവാദം വിശദമാക്കുന്നുണ്ടു്. ആളുകളു് കോഠക്കണ്ടേമ്മേ, ഒരു കറവ് വറേറ്യതിനെ ഇവിടെ നിറു ത്തിയിട്ട മറെറാന്നിനെ വില്ലുമ്പോ. എന്താണമ്മേ നിങ്ങഠക്കു് ഭ്രാന്തുണ്ടോ? (ഒന്നാം രംഗം), പുരുഷുവിന്റെ സുഹൃത്തിന്നുള്ളതും പ്രയോജനവാദം തന്നെ. ''ആശിക്കാൻ അർഹത ഒരാവശ്യമാണു്. ഹൃദയം ഉണ്ടെന്നു പറഞ്ഞതു കൊണ്ടു ജീവിക്കാനൊക്കുകയില്ല.'' (രംഗം രണ്ടു്) പുരുഷു വാകട്ടെ വികാരഭരിതനായി ആ പ്രശ്നം കാണുന്നു. ''അച്ഛാ വേണമെങ്കിൽ അതിനെ വിറേറാളു. പക്ഷെ ആ പണം കൊണ്ടു നിങ്ങളെന്നെ ചികിത്സിക്കരുതു്. അതുകൊ ണ്ടെന്നെ ചികിത്സിക്കുകയെന്നു പറഞ്ഞാൽ ഞാനതിന്നു തിന്നുന്നതിന്നു സമമാണമ്മേ''. (രംഗം: നാലു്) ഈപ്രശ്നം ഇനിയും നീട്ടിവലിക്കേണ്ടതില്ല. മൌലികമായി രണ്ടാ ശയങ്ങഠ തമ്മിലാണു് ഇവിടെ ഏററുമുട്ടുന്നതു്. പ്രയോജന വാദവും സ്നേഹവും. ഈ രണ്ടു സിദ്ധാന്തങ്ങളെയും അവ യുടെതായ സാധ്യമായ എല്ലാ കോണുകളിൽ നിന്നും അപ ഗ്രഥിക്കുവാനാണു് കെ. ടി. ശ്രമിച്ചിട്ടുള്ളതു്. ഈ ശ്രമം വിജയമാണെന്നു ഒററ നോട്ടത്തിൽ പറയാം. ഇതിലൊന്നു

മററൊന്നു് കീഴ്വഴങ്ങുന്നതിൻെറ വിദൂര സാധ്യതയെങ്കിലും ഉണ്ടോ? അഥവാ ഏതാണു് മനുഷ്യമനസ്സിനെ ഭരിക്കുന്നതു്? രണ്ടുംകൂടി ഒപ്പിച്ചെടുത്തുകൊണ്ടു പോകാനൊക്കുമോ? ഇതു രണ്ടിൻെറയും സമന്വയത്തിലൂടെ മനുഷ്യാസ്തിത്വത്തിൻെറ പ്രശ്നം പരിഹൃതമാകുമോ?

പ്രയോജനവാദത്തെ വിശദമായി അപഗ്രഥിക്കുമ്പോഠം തന്നെ സ്നേഹവാദത്തേയും സമാന്തരമായി അപഗ്രഥിക്കുന്നുണ്ടു്. സത്യത്തിൽ അതിന്നാണു് ഊന്നൽ നൽകിയിട്ടുള്ളതു്. രാഘവൻെറ സ്നേഹം രോഗശയ്യയിൽ കിടക്കുന്ന മകൻെറ ചികിത്സയിലൂടെ പ്രകടമാകുന്നു. അതിനോടു് മറുത്തു നില്ക്കുന്നവരോടെല്ലാം ഉള്ള അസഹ്യതയാണയാഠം പ്രകടിപ്പിക്കുന്നതു്. വളരെ താഴ്ന്ന നിലവാരത്തിലുള്ള ഈ സ്നേഹപ്രകടനത്തെ കണക്കിന്നു കളിയാക്കുന്നുണ്ടു് മീനാക്ഷിയമ്മ. എന്നെ കൊണ്ടുവരുമ്പോഠം നിങ്ങടെ മകനൊരു് അമ്മയെ കിട്ടുമെന്നു നിങ്ങഠം കരുതിയിരുന്നോ എന്ന ചോദ്യത്തിന്നു മുമ്പിൽ അയാഠംക്കൊരുത്തരവും പറയാനില്ല. യുക്തമായ ഉത്തരമില്ലെങ്കിൽ മനുഷ്യർ കുപിതരാകുമായിരിക്കാം. ഇവിടെ അവളു പറയട്ടേ എന്നു രാഘവൻ പറയുമ്പോഠം മീനാക്ഷിയമ്മയുടെ സ്നേഹത്തെ വ്യാഗ്യമായി അയാഠം അംഗീകരിക്കുകയാണു് ചെയ്യുന്നതു്. പ്രയോജന വാദത്തിലൂന്നി നിന്നുകൊണ്ടുള്ള സ്നേഹമാണു് ഭാസ്കരനും സിദ്ധാന്തിക്കുന്നതു്. ''ആശിക്കാൻ, എനിക്കു് മനസ്സിലാകുന്നില്ല. അർഹതയില്ലാത്തവൻ ആശിക്കാതിരിക്കണം.'' ഈ പ്രയോജനവാദത്തിൻെറ കടക്കൽ കത്തിവെക്കുന്നതു കരുണാകരനാണു്. ''ഒരു ചങ്ങാതിയെയും ഒരു കാമുകിയേയും ഒന്നിച്ചു സ്നേഹിക്കാൻ കഴിയാതെ വരുമ്പോഠം ചങ്ങാതിയെയാണു് ഉപേക്ഷിക്കാൻ നല്ലതു്.'' പിന്നെയും ആ വാദം അദ്ദേഹം നീട്ടുന്നു: ലീലയെന്താ അവനെ അങ്ങോട്ടു സ്നേഹിക്കാൻ. അവഠംക്കതിന്നുള്ള അർഹതയെന്താണു്? (രംഗം മൂന്നു്)

ആറാം രംഗത്തിലാകട്ടെ അത്ഥശങ്കക്കിടം നല്കാതെ കരുണാകരൻ തൻെറ വാദമുയൎത്തുന്നു.'' അവളുടെ ഹൃദയം നിനക്കൊരിക്കലും കിട്ടില്ല. അല്ലെങ്കിൽ നിനക്കു് ഹൃദയം ഒരു പ്രശ്നമില്ല. ''അവൾക്കൊരു സുഖമായ ദാമ്പത്യ ജീവിതം നിനക്കു് നല്കാൻ സാധ്യമാണോ? നിനക്ക തിനുള്ള അർഹതയില്ല. അവളുടെ ഹൃദയവുമായി ബന്ധ പ്പെടാൻ നിനക്കു് കഴിഞ്ഞിട്ടില്ല.'' മനു.

ഒരു കറവററ പശുവിൻെറ വില്പനയെക്കുറിച്ചുണ്ടായ ഗാർഹികരംഗത്തിലെ നിത്യസാധാരണമായ സംഭവം ജീവിതത്തിലെ അതിപ്രധാന പ്രശ്നങ്ങളായ രണ്ടു ആശയ വാദങ്ങളുടെ ഉന്നതശിഖരങ്ങളെ സ്പൃശിക്കുന്നു. ഒന്നിനെ മററൊന്നിന്നു കീഴടക്കാൻ വയ്യാത്തവിധം ന്യായവാദ ങ്ങൾ ഉയൎത്തുന്നു. അവയെ സംക്ഷേപിച്ചാൽ അതൊരു ചോദ്യരൂപത്തിലായി. പ്രയോജനവാദമോ ആശയ വാദമോ, ഏതാണു് ശരി? ഏതാണു് തെററു്? രണ്ടും ശരിയാകുമോ? രണ്ടും തെററിപ്പോകുമോ? ചുരുക്കത്തിൽ രണ്ടു ആശയങ്ങൾ തമ്മിലുള്ള ഒരുഗ്ര സംഘട്ടത്തിൻെറ ഉൽകണ്ഠാകുലമായ തുടക്കവും ഒടുക്കവുമാണു് കെ. ടി. തൻെറ നാടകത്തിൻെറ കേന്ദ്രാശയമായി തിരഞ്ഞെടു ത്തിട്ടുള്ളതു്.

ഇതിൽ കെ. ടി. ഏതു പക്ഷത്തിലാണെന്ന ചോദ്യം സംഗതമാണു്. അല്ലെങ്കിൽ കെ. ടി. കാണുന്ന സമന്വയം എന്താണു്?

പ്രയോജന വാദത്തെ പറേറ തള്ളിക്കളയുന്നതു കണ്ണടച്ചു ഇരുട്ടുണ്ടാക്കലാണു്. നിത്യജീവിത നിയന്ത്രണം അതിന്നുണ്ടെന്നതു നിഷേധിക്കവയ്യ. അവ മനുഷ്യവികാ രങ്ങളിൽ നിന്നാണു് രൂപം പൂണ്ടതെന്നു പറയുന്നതു് അല്പം സൂക്ഷിച്ചുവേണം. എല്ലാം പ്രയോജനത്തിന്നുവേണ്ടി എന്നു പറയുമ്പോൾ ജീവിതത്തിലെ ചില കാര്യങ്ങളുടെ ഗഹനമായ സമസ്യയിലേക്കു് നാം കടക്കേണ്ടിവരുന്നു.

ഒരു പുരക്കു് തീപ്പിടിച്ചിരിക്കുന്നുവെന്നു കരുതുക. അതിൽ ഒരു പിഞ്ചുകുട്ടിയടക്കമുള്ള ആളുകൾ വെന്തെരിയുന്നു. ഒരുത്തനതു കണ്ടുനില്ക്കാൻ സാധിക്കാതെ തീപ്പിടിച്ച വീട്ടിലേക്കു് പാഞ്ഞുകയറുന്നു. അവനു ആരെയും രക്ഷിക്കാൻ കഴിയുന്നില്ല. അവൻ തീവെന്തു ചാകുന്നു. പ്രയോജന വാദത്തിൻെറ അടിസ്ഥാനത്തിൽ നോക്കിയാൽ അവൻ ചെയ്തതു വങ്കത്തമാണല്ലോ. എന്നാൽപോലും അവൻെറതു മാതൃകായോഗ്യമായ ഒരു കൃത്യവും മഹത്തായ ത്യാഗവുമായി പരിഗണിക്കാത്തവരുണ്ടാകില്ല. ഈ വികാരം മനുഷ്യസ്വഭാവത്തിൻെറ കാതലായ വശമാണു്. മനുഷ്യനെ മനുഷ്യനാക്കുന്നതു ഈ സ്നേഹഭാവമാണു്. മനുഷ്യൻെറ ഈ അടിസ്ഥാനപ്രേരണകളുടെ തിരസ്കരണം കെ. ടി. ക്കും സാധ്യമല്ല. അതുകൊണ്ടാണു് നാടകാന്ത്യത്തിൽ അച്ഛനും അമ്മയും സുശീലയും എല്ലാം സ്നേഹിച്ച സ്നേഹിച്ച ജീവിക്കുമോ? എൻെറ മനസ്സിനുള്ള മരുന്നാണതു്. അതെനിക്കു് തരൂ.'' ജീവിതത്തിനു മാത്രമല്ല മരണത്തിനു പോലും അത്യാവശ്യമായ സഞ്ജീവനിയാണതെന്ന സിദ്ധാന്തമാണു് അദ്ധ്യോക്തിയിൽ വിരമിക്കുന്ന പുരുഷുവിൻെറ ആശയം സുവ്യക്തമാക്കുന്നതു്. (ഞാൻ സമാധാനത്തോടുകൂടി). പുരുഷുവിനു സമാധാനത്തോടുകൂടി ചെയ്യാനുള്ളതു മൃത്യുവെ സ്വീകരിക്കൽ മാത്രമാണല്ലോ.

പ്രയോജനവാദം ശാസ്ത്ര സിദ്ധിയാണെന്നതു സ്പഷ്ടമാണു്. അതു ഡാർവ്വിനിസത്തോടൊപ്പം ശക്തമായതുമാണു്. ആവശ്യമുള്ളതു അതിജീവിക്കും എന്ന പരിണാമസിദ്ധാന്തത്തിൻെറ ആശയം നോക്കുക. ദീർഘകാലമുള്ള പരിണാമത്തിൻെറ പ്രക്രിയയിൽ രൂപപ്പെട്ടുവന്നതാണും മനുഷ്യൻ. ഭൗതികവും ബാഹ്യവുമായ വസ്തുതകളിൽ നിന്നാണു്, എണീററു് നടക്കൽ, ഉപകരണങ്ങൾ കണ്ടുപിടിക്കൽ, സംസാരിക്കൽ എന്നിവകളിൽ നിന്നാണു്

ഈ പ്രയോജനവാദത്തിന്നു സൈദ്ധാന്തികബലമുണ്ടാകുന്നതു്. മനുഷ്യൻ ഇവിടെ ഒരു നിർമ്മാണ പ്രക്രിയയുടെ ഒരു സുനിശ്ചിതഘട്ടമാണു്. എന്നാൽ മനുഷ്യൻെറ ആന്തരിക പരിണാമത്തെക്കുറിച്ച ഡാർവ്വിൻ നിശ്ശബ്ദനാണു്.

മനുഷ്യാവതാരത്തെക്കുറിച്ച ഇതിൽനിന്നും തികച്ചും ഭിന്നമായ ചിത്രമല്ലെ കല നല്കുന്നതു്. മൈക്കൽ ആൻജലോവിൻെറ മനുഷ്യോല്പത്തിയെയും പതനത്തെയും കുറിച്ചുള്ള ആലേഖ്യങ്ങളും മനുഷ്യമനസ്സിനെ അഗാധമായി സ്വാധീനിക്കുന്നു. അതെപോലെ യവനനാടകങ്ങൾ നമ്മുടെ മനസ്സിൽ പതിച്ചിരുന്ന മായാത്ത മുദ്രകൾ ഓക്കുക. വികാരബന്ധുരവും സംഘഷഭരിതവുമായ ജീവിതത്തിൻെറ ആന്തരാത്ഥം തേടിയുള്ള ആദശാന്വേഷണം അവയിലും നാം കാണുന്നു. അവയുടെ അടിത്തറയാകട്ടെ സ്നേഹമാണഖിലസാരമൂഴിയിൽ എന്ന കാവ്യസൂക്തവുമാണു്.

ഈ രണ്ടാശയങ്ങളുമുള്ള ഒരു ലോകത്തെ നാടകകാരൻ സമീപിക്കുന്നതു എങ്ങിനെയാണു്? അയാൾ ഏതെങ്കിലും ചേരിയുടെ വക്താവാണോ? അഥവാ അയാൾ പുതിയൊരു ചേരി സൃഷ്ടിക്കുന്നുണ്ടോ? മിക്ക നാടകകാരന്മാരെയും ഈ പ്രശ്നം മഥിച്ചിട്ടുണ്ടെന്നു തോന്നുന്നു. അമേരിക്കയിലെ പ്രശസ്ത നാടകകാരനായ ആർതർ മില്ലർ തൻെറ തിരഞ്ഞെടുത്ത നാടകങ്ങൾക്കെഴുതിയ സുദീർഘമായ അവതാരികയിൽ ഈ പ്രശ്നം ചർച്ച ചെയ്തിട്ടുണ്ടു്. ‘‘മനുഷ്യചരിത്രം ഒരു നിർണ്ണായക വാദം മററൊരു നിർണ്ണായകവാദത്തെ കീഴടക്കുന്നതിൻെറ നിർബ്ബാധമായ പ്രക്രിയയാണു്. പരിവർത്തന വിധേയമായ ജീവിതബന്ധങ്ങളിൽ മുമ്പത്തേതിനേക്കാൾ വിശ്വാസ്യതയുള്ളതായിരിക്കും പുതുതായുണ്ടാകുന്നതു്. മനുഷ്യേച്ഛയുടെ അസ്തിത്വം കൂടാതെ ഈ പ്രക്രിയയെ വിഭാവനം ചെയ്യ്വാൻ ആകില്ല. മനു

ഷ്യേച്ഛ അവന്റെ പരാജയം പോലെ ഒരു വസ്തുതയാകുന്നു. ഏതു നിർണ്ണായകവാദവും അതെത്രമാത്രം ശാസ്ത്രയുക്തമായാലും അതൊരു സ്തബ്ധാവസ്ഥയാണ്. അതു അറുതിയില്ലാത്ത താൽക്കാലിക വിരാമമാണെന്നു തോന്നുന്നു. കാരണതയിലേക്ക് പുതിയ ഉൾക്കാഴ്ച നല്കാനുള്ള മനുഷ്യേച്ഛയുടെ നവപ്രയോഗമാണതു്.''

ഈ പുതിയൊരു ഉൾകാഴ്ചയാണ് കെ. ടി. യും നല്കിയിട്ടുള്ളതു്. അദ്ദേഹം ശീലബലമുള്ള മുരട്ടുവാദങ്ങളിൽ മനുഷ്യാസ്തിത്വത്തെ തൂക്കിയിട്ടു വിശ്രമിച്ചിട്ടില്ല. സങ്കല്പധീരതയുടെ ആത്മബലം അവയുടെ കൂടെപിറപ്പാണ്. ആ അപൂർവ്വം അത്ഭുതപിറപ്പുകളിൽ ഒരാളാണ് കെ. ടി. യെന്നു ശില്പഭദ്രതയുള്ള ഈ നാടകം അസന്നിദ്ധമായി പ്രഖ്യാപിക്കുന്നു. ഇതാ നാടകം.

എൻ. പി. മുഹമ്മദ്.

## നാടകപാത്രങ്ങൾ

വൃദ്ധൻ—എൺപതിൻെറ അപ്പുറത്തെത്തിയ പ്രായം. ജീവിതത്തിൻെറ പുറംപോക്കസ്ഥലത്ത് ചുററിത്തിരിയുന്നു. കാണുവാനും കേൾക്കുവാനുമുള്ള ശക്തി കുറഞ്ഞുതുടങ്ങിയിട്ടുണ്ട്. വടിയും കുത്തിപ്പിടിച്ചു വിറച്ചുവിറച്ചാണ് വരുന്നത്.

രാഘവൻ—ആ വൃദ്ധൻെറ മകനാണ്. കുടുംബത്തുണ്ടാകുന്ന കുഴപ്പങ്ങൾ ഒററയ്ക്കനുഭവിക്കുകയും എന്നാൽ തലയെ താഴാതെ നിത്താൻ ശ്രമിക്കുകയും ചെയ്യുന്നു. പ്രാരബ്ധങ്ങളുടേയും മനോവേദനകളുടേയും പിടിയിൽ കിടന്ന് അയാൾ പിടയുന്നുണ്ട്.

മീനാക്ഷിയമ്മ—രാഘവൻെറ രണ്ടാമത്തെ ഭാര്യയാണ്. എന്തിനും ഏതിനും എതിർപ്പും എടുത്തുചാട്ടവും പതിവാക്കിയ സ്വഭാവത്തിലാണ്. സ്വന്തം മകനെ കൂടുതൽ സ്നേഹിക്കുന്നതു് സ്വന്തം മകനായതുകൊണ്ടാണെന്നവൾക്കറിയാം.

അച്ചുതൻ—അച്ചുതൻ അവരുടെ മകനാണ്. എല്ലാം കണ്ണുതുറന്ന് കാണണമെന്ന് അവൻ പറയും. പറയാനുള്ളതു് പറയാതിരിക്കാറുമില്ല. അമ്മയ്ക്കു പററിയ മകനാണെന്ന് സ്വഭാവം കണ്ടാൽ തോന്നും.

സുശീല—അച്ചുതൻെറ ഭാര്യയാണ്. ഭത്താവിനെ മാത്രമല്ല, കുടുംബത്തിലുള്ള എല്ലാവരേയും അവൾ സ്നേഹിച്ചാദരിക്കുന്നു. അവൾക്ക് കാണാൻ കഴിവുള്ള കണ്ണുകളും അലിവുള്ള ഹൃദയവുമുണ്ട്. എന്നിട്ടും അവൾക്ക് തെററ് പററി എന്നാണ് പറയുന്നതു്.

പുരുഷു—രാഘവൻെറ ആദ്യഭാര്യയിലുള്ള സന്താനമാണ്. ക്ഷയരോഗം ബാധിച്ചു കിടക്കുന്നു. ''ഞാൻ പുറത്തെത്ര തെമ്മാടിത്തം കാണിച്ചാലും ഇവിടെയുള്ള ആരേയും സ്നേഹിക്കാതിരുന്നിട്ടില്ല.'' അവൻ എല്ലാവരോടുമായി പറഞ്ഞു. അവൻെറ അമ്മ മരിച്ചതു് അവൻെറ കുററംകൊണ്ടല്ല. രോഗം അവനെ കാന്ന് കാന്ന് തിന്നുന്നു.

ഭാസ്കരൻ—അവൻെറ അടുത്ത സുഹൃത്താണ്. കഴിവുള്ള തറവാട്ടിൽ ജനിച്ചു. മര്യാദയ്ക്കുവേണ്ടി പുരുഷുവിനോടടുക്കുന്നു. പക്ഷെ സ്വാത്ഥചിന്തകളാൽ അകലാൻ ശ്രമിയ്ക്കുകയും ചെയ്യുന്നു. ചിന്തകൾക്ക് പരിപക്വത വന്നു കഴിഞ്ഞിട്ടില്ലെന്നു തോന്നും.

കരുണാകരൻ—ഭാസ്കരൻെറ അച്ഛനാണ്. മകനെ എങ്ങനെയാണ് സ്നേഹിക്കേണ്ടതെന്നയാൾക്കറിയാം. തല്ലാതെ തന്നെ അയാൾ മകനെ പഠിപ്പിക്കുന്നു. ചിന്തിച്ചുചിന്തിച്ചു അങ്ങിനെ സംസാരിയ്ക്കും.

## രംഗം ഒന്ന്

[രാഘവൻെറ വീട്. ഒരിടത്തരക്കാരൻെറ ഗൗരവ മുറംകൊള്ളുന്ന രംഗസജ്ജീകരണങ്ങൾ. മേശയും കസാലകളും. മീനാക്ഷിയമ്മ മുറത്തിലുള്ള ഗോതമ്പു പ്പൊടി അരുപ്പകൊണ്ട് അരിച്ചുകൊണ്ടിരിക്കുന്നു. അച്ചുതൻ കുളികഴിഞ്ഞു് അലക്കു മാററാനുള്ള ശ്രമ ത്തിൽ മുണ്ടുടുത്തുകഴിഞ്ഞു് അലക്കിത്തേച്ച ഷർട്ടിടാ നുള്ള ഭാവത്തിലാണ്. രാഘവൻ ആലോചിച്ചു കൊണ്ടു നില്ക്കുന്നു. മുഖത്ത് ഒരു നിസ്സഹായതാഭാവം നിഴലിച്ചുനില്ക്കുന്നുണ്ട്. അച്ചുതൻെറ മുഖത്ത് അല്പ മായ വെറുപ്പും ദ്വേഷ്യവും]

രാഘവൻ: ആ പശുനെ വില്ക്കുന്നതിലല്ല പുരുഷൂന് വിരോധം. അതിനെ കൊല്ലാൻ കൊടുക്കരുതെന്നേ അവൻ പറയുന്നുള്ളു.

മീനാക്ഷിയമ്മ: ആർക്കാണല്ലെങ്കി അതിനെ കൊല്ലാ നിഷ്ടം. (അരിക്കൽ നിർത്തിയിട്ട്) കറവററ പശു വാ. യാതൊരു കാര്യലാഭം ഇല്ലാതെ അതിനെ തിന്നാൻകൊടുത്തു പോററാനൊക്കോ? തിന്നാൻ കൊടുക്കാൻ കൊതിയായിട്ട് ആരാ അല്ലെങ്കില് പശുക്കളെ വാങ്ങ്ആ. എന്തെങ്കിലും അങ്ങട്ടു പറ ഞ്ഞാ മതിയൊ? (ജോലി തുടരുന്നു.)

അച്ചുതൻ: ഈ പറയുന്നീനൊക്കെ എന്താണർത്ഥം? അഹിംസ. അങ്ങിനെയോക്കെനോക്കി ഇക്കാലത്തു ജീവിക്കാൻ ഒക്കുകയില്ല.

രാഘവൻ: അവൻ അവൻെറ കാശുകൊടുത്തു വാങ്ങി വളർത്തിയതാ അതിനെ. അഞ്ചെട്ടുകൊല്ലായില്ലെ? അപ്പൊ അതിനോടൊരു ദയയൊക്കെ തോന്നീന്നു് വരാം. മൃഗായാലും മനുഷ്യൻസ്നേഹിച്ചുപോകാറുണ്ട്.

മീനാക്ഷിയമ്മ: (ചൊടിച്ചുകൊണ്ടു്) എന്നാ വില്ക്കണ്ട. എനിക്കൊരു നഷ്ടം ഇല്ല. പശുനീം സ്നേഹിച്ചോണ്ടു് അവിടെ കെടന്നോട്ടെ.

അച്ചുതൻ: അതിനു തിന്നാൻ കൊടുക്കേണ്ടിവരും എന്നു വിചാരിച്ചിട്ടല്ലല്ലൊ ഈ വില്ക്കണംന്നു് പറീണതു്.

മീനാക്ഷിയമ്മ: ങാ! ഒരൊററക്കാശു് ആ വകയിൽ ഞങ്ങൾക്കു വേണ്ട അവന്നു് ചികിത്സിക്കാനും മരുന്നു വാങ്ങാനും. കാശുണ്ടെങ്കി ഏതു് സൂഖക്കേടും മാററാന്നല്ലേ അവൻ പറീണതു്. പുതിയ പുതിയ മരുന്നുംണ്ടത്രെ.

അച്ചുതൻ: ഇങ്ങനത്തെ വാശിയായിട്ടു് നടന്നാൽ സൂഖക്കേടൊക്കെ മാറും. (ഷർട്ടിന്മേൽ ബട്ടനുകൾ ഇടുന്നു)

രാഘവൻ: അവൻ പറയുന്നേടത്തും ഇല്ലെ കാര്യം. ഇത്ര കാലം അതു് നമുക്കു് പാലു് തന്നു. നമ്മുടെ നിർഭാഗ്യം എന്നല്ലാതെ. ഇപ്പൊ അതിൻെറ കറവു് വററി. ഇനി അതിനെക്കൊണ്ടു കാര്യല്ലാതായി......

അച്ചുതൻ: അപ്പോൾ നമ്മളു് അതിനെത്തന്നെ അങ്ങട്ടു് തിന്നുകളയുകയാണു് അല്ലച്ഛാ? അതൊന്നും കൂടാതെ കഴിയുകയില്ല.

[വൃദ്ധൻ വടിയും കുത്തിപ്പിടിച്ചു വിറച്ചു വിറച്ചു പ്രവേശിക്കുന്നു ]

വൃദ്ധൻ: (വിറയോടെ) എന്താ ഒരാലോചന?

മീനാക്ഷിയമ്മ: പയ്യിനെ വില്ക്കു്ണേനെപ്പററിപ്പറയേ.

വൃദ്ധൻ: ങേ?

മീനാക്ഷിയമ്മ: (വൃദ്ധൻെറ കാതിന്നു നേരെ മുഖമടുപ്പിച്ചു കൊണ്ടു് ഉച്ചത്തിൽ) പയ്യിനെ വില്ക്കു്ണേനെപ്പററി പറയേന്നു്.

വൃദ്ധൻ: (തലയാട്ടി) അതിനെ കൊല്ലാൻ കൊടുക്കരുതു് കെട്ടോ. പാവാ. ങേ.. ങോ (മറുവശത്തേക്കു് പോകുന്നു )

അച്ചുതൻ: ഈ മുത്തച്ഛൻ ഇനിയും ഈ പഴയ വിശ്വാസങ്ങളും കൊണ്ടു് നടക്കുകയാണു്.

രാഘവൻ: നിനക്കിങ്ങിനെ തത്വം പ്രസംഗിക്കാനല്ലാതെ വല്ലതും അറിയൊ? പശു എന്തെങ്കിലും ആകട്ടെ. മനുഷ്യൻ തമ്മിൽത്തമ്മിലായാലും ജീവികളോടായാലും സ്നേഹം ഒരു തെററായ വിശ്വാസമല്ല.

മീനാക്ഷിയമ്മ: (സംഭാഷണം വളത്തുന്നതു് ഇഷ്ടപ്പെടാതെ ജോലിയിൽനിന്നു തീരെ വിമുക്തയായിട്ടു്) ഒരു പശുനെ വില്ക്കുന്ന കാര്യാ ഇപ്പറഞ്ഞുപോണതു്. ഇത്രപെരുത്തെന്താ ഇതിലാലോചിക്കാൻ? അവനോടൊന്നു് പോയി ചോദിക്കീൻ; ചികിത്സ വേണൊ, വേണ്ടേന്നു്. വേണെങ്കില് ഇങ്ങനെയെന്തെങ്കിലും ചെയ്തു് കാശുണ്ടാക്കേണ്ടിവരും. വല്ലതും ഒന്നു് പണയംവെക്കാനൊ തൂക്കിവില്ക്കാനൊ ആണെങ്കില് ഒരു നാലുപണത്തിൻെറ മുതലുംകൂടി ഇനി ഇവിടെയില്ല. അത്രയും ഇവിടന്നു് കരകടന്നിരിക്ക്ണ്. അതൊന്നും ആലോചിക്കാതെ എന്തെങ്കിലും പറഞ്ഞുകൊണ്ടു് നില്ക്ക്ആ.

രാഘവൻ: എന്നാൽ എന്തിനാ മീനാക്ഷീ ഞാൻ തന്നെ പോയി ചോദിക്കുന്നതു്. നിനക്കു് വയ്യേ?

മീനാക്ഷിയമ്മ: വയ്യാഞ്ഞിട്ടല്ല; നിങ്ങളാ നല്ലതു്.

രാഘവൻ: എനിക്കറിയാം എന്തുകൊണ്ടാ നിനക്കു് വയ്യാത്തതെന്നു്. നീയവൻെറ അമ്മയല്ല; അതുതന്നെ.

അച്ചുതൻ: (ഷർട്ടിടുന്നതിന്നിടയിൽ) എന്താ അച്ഛൻ അങ്ങിനെ പറയുന്നതു്.

രാഘവൻ: നിൻെറ അമ്മക്കു് നിന്നെ സ്നേഹിക്കാൻ കഴിയുന്നതുപോലെ പുരുഷുനെ സ്നേഹിക്കാൻ കഴിഞ്ഞിട്ടില്ല.

[മീനാക്ഷിയമ്മയുടെ മുഖത്തു് വെറുപ്പ് പ്രകടമാവുന്നു.]

അച്ചുതൻ: അച്ഛനതു് അമ്മയെ വേദനിപ്പിക്കാൻ വേണ്ടീട്ടു് പറയുകയാണു്.

രാഘവൻ: എനിക്കെന്താ കണ്ണില്ലെ? അവനിങ്ങനത്തെ ദീനത്തിൽകിടന്നു് പൊരിയുമ്പൊ. ഒക്കെ ഞാൻ കണ്ടു് മനസ്സിലാക്കിയിട്ടുണ്ടു്.

മീനാക്ഷിയമ്മ: (ശുണ്ഠിപിടിച്ച്) മനസ്സിലാക്കിയെങ്കില് നന്നായി. എനിക്കതിനു് കയ്യൂല. എനിക്കു് അച്ചുതനും പുരുഷൂം ഒരുപോലെയല്ല. അതു് നേരാ. അതു് എൻെറ കുറേറാട്ടല്ലേനും.

രാഘവൻ: പിന്നെ ആരതാ?

മീനാക്ഷിയമ്മ: അവൻെറ അമ്മേടെ. ഓളു് മരിച്ചതാ തെററു്.

രാഘവൻ: അവളു് മരിച്ചതാ തെററു്. മരിച്ചിരുന്നില്ലെങ്കില്......

മീനാക്ഷിയമ്മ: എന്നെക്കൊണ്ടു പറയിക്കണ്ട. എന്നെ കൊണ്ടു വരുമ്പൊ നിങ്ങടെ മകനൊരു് അമ്മേനെ കിട്ടുംന്നെ നിങ്ങളു് കരുതീന്നതു്?

അച്ചുതൻ: അമ്മ അല്പം മിണ്ടാതെ നിക്ക്വോ?

രാഘവൻ: വേണ്ട, അവളു് പറയട്ടെ

മീനാക്ഷിയമ്മ: ഞാനൊന്നും പറീണില്ല.

രാഘവൻ: പറീണില്ല. തെററാരതും അല്ല, എൻേറതാ.

അച്ചുതൻ: അമ്മ പറയുന്നതു് കേട്ട് അച്ഛനു് ദേഷ്യം പിടിക്കണ്ട.

രാഘവൻ: കയ്യില് കാശുണ്ടെങ്കി എനീക്കൊരു വിചാരുംല്ല.

അച്ചുതൻ: ഒക്കെ അവൻെറ നോട്ടക്കുറവുകൊണ്ടു് വന്നതല്ലെ?

മീനാക്ഷിയമ്മ; വരുത്തിവെച്ചത് അവനവൻ അനുഭവിക്കാതൊട്ട് ഒക്കുംല്ല.

അച്ചുതൻ: അച്ഛൻ പറീണ്കേട്ടാൽ തോന്നും ഞങ്ങക്കാക്കും യാതൊരു ശ്രദ്ധയും ചിന്തയും ഇല്ലാന്ന്.

എത്ര പണായി ഇപ്പോ ചെലവാക്ക്ണ്. അച്ഛനോട് ഇതൊക്കെ പറയണംന്നുണ്ടോ?

രാഘവൻ: ചെലവാക്കാഞ്ഞിട്ടല്ല. ഒരമ്മേടേം ഒരനുജൻേറം സ്നേഹം അവന് ഇവിടന്ന് കിട്ടുന്നില്ല.

മീനാക്ഷിയമ്മ: ഇപ്പഴേ നിങ്ങൾക്കത് തോന്ന്യോള്ള അല്ലെ?

രാഘവൻ: ഇപ്പഴാ എനിക്കത് പറയാൻ നേരംകിട്ട്യേത്.

മീനാക്ഷിയമ്മ: വെറുതെ വേണ്ടാത്തതൊന്നും പറഞ്ഞ് നേരം കളയണ്ട. തല്ലാലം അതിനെ വില്ക്കണൊ, വേണ്ടെന്ന് തീർച്ചപ്പെടുത്തീൻ (അല്പം ശാന്തത ഭാവിച്ചിട്ട്) അത്യാവശ്യം വേണ്ട മരുന്നെങ്കിലും ഇപ്പൊ വാങ്ങാലൊ. ഡോക്ടർ പറഞ്ഞതുപോലെ നടക്കാഞ്ഞാൽ ഇതു് നിസ്സാരപ്പെട്ട സുഖക്കേടല്ല. എന്തെങ്കിലും അങ്ങട്ട് പറഞ്ഞാ മതിയോ?

രാഘവൻ: ആ പശുനെത്തന്നെ വില്ക്കണം. അല്ലെ?

മീനാക്ഷിയമ്മ: അതിലിപ്പൊ എന്താത്ര വലിയ തെററ്? വേറെ വല്ലതും ചെയ്യാനുണ്ടോ? അല്ലെങ്കി വേണ്ട ആ പുള്ളിച്ചിപ്പയ്യിനെ അങ്ങട്ട് കൊടുത്തളിൻ. ഒരു നാലഞ്ചുകപ്പി പാല് തരുന്നതു് നോക്കണ്ട. പോട്ടെ ഓൻേറനെ വില്ക്കണ്ടോന്നല്ലേള്ള.

അച്ചുതൻ: ആളുകള് കേൾക്കണ്ടമ്മെ. ഒരു കറവ് വറ്റ്യേനെ ഇവിടെ നിറുത്തീട്ട് മററൊന്നിനെ വില്ക്കുമ്പൊ. എന്താണമ്മെ നിങ്ങൾക്ക് ഭ്രാന്താ?

മീനാക്ഷിയമ്മ: ഞാനെന്താ പിന്നെ പറയ്ആ. എന്ത് ചെയ്താലും എന്ത് പറഞ്ഞാലും എനിക്ക് കുററം ബാക്കിയാ.

[സുശീല കയ്യിൽ ഒരു ഗ്ലാസ് പാലുമായി പ്രവേശിക്കുന്നു മറുഭാഗത്തേക്ക് മറയുന്നതിന്നു് മുമ്പ്]

രാഘവൻ: പുരുഷു എണീററൊ സുശീലെ?

സുശീല: ങ്ഹാ, അച്ഛാ. (പോകുന്നു)

അച്ചുതൻ: സുശീലയാണവനെ ശുശ്രൂഷിക്കുന്നത്. ഞാനൊരെതിരും പറയാറില്ല.

മീനാക്ഷിയമ്മ :എനിക്കും ഇല്ല വിരോധം.

അച്ചുതൻ: എൻെറ ഭാര്യയാണവള്. എനിക്ക് വേണെ ല് അത് തടുക്കാം. ക്ഷയം പകർച്ചവ്യാധിയാ. ഇതൊക്കെ ആർക്കും അറിയാത്തതാണൊ? എന്നിട്ടും ഞങ്ങളവനെ സ്നേഹിക്കുന്നില്ലാന്നാ അച്ഛന് പരാതി.

രാഘവൻ: ഇല്ലാന്നല്ല മതിയാവുന്നില്ലാന്നാ. അതെന്താ മനസ്സിലാകാത്തതു്.

അച്ചുതൻ: ഞാൻ തുറന്നു പറയാലൊ, എനിക്ക് കണ്ണും ചിമ്മി ജീവിക്കുവാൻ കഴിയുകയില്ല. എല്ലാററി നേം ഞാൻ ശരിക്ക് നോക്കിക്കാണും.

രാഘവൻ: ശരിക്ക് നോക്കിക്കാണ്ണ്? ഒക്കെ വള ഞ്ഞിട്ടാ. ശരിക്ക് കാണുന്നുണ്ടെങ്കില് ഇങ്ങനെ വരുല.

അച്ചുതൻ: ഞാനെൻെറ കാര്യം പറയുകയാണ്. ജ്യേഷ്ഠ ൻെറ സ്വഭാവം കാണുമ്പൊ എനിക്കും ചിലതൊക്കെ തോന്നുന്നുണ്ട്.

മീനാക്ഷിയമ്മ: ഇങ്ങനെയൊക്കെ ആവുമ്പൊ മനുഷ്യ നൊന്നാലോചിക്കണ്ടെ. എന്തെങ്കിലും അങ്ങട്ട് പറ ഞ്ഞാമതിയോ?

അച്ചുതൻ: കുറെ പണം വാസ്തവത്തിൽ ചെലവാക്കി. യാതൊരു സങ്കടവും എനിക്കതിലില്ല

രാഘവൻ: ഇപ്പോഴെന്താ അല്ലെങ്കി സങ്കടം?

അച്ചുതൻ: ആ പശൂനെ വില്ക്കണംന്ന് പറഞ്ഞതു്. അവൻെറ കാര്യത്തിനാ. എന്താ അവനത് സമ്മ തിച്ചാല്?

രാഘവൻ: അതിനു്?

മീനാക്ഷിയമ്മ: എന്താ അതിനു്. എന്തെങ്കിലും അങ്ങട്ട പറയുമ്പൊ. അവൻ പറയുന്നതു് ഒന്നു് കേട്ടൂടെ?

അച്ചുതൻ: അച്ഛൻ തന്നെയാണ് അവന്നു് ഈ വളം വെച്ചു കൊടുക്കുന്നതു്. (അകത്തേയ്ക്കു പോകുന്നു)

രാഘവൻ: എനിക്കെന്തായാലും വിരോധംല്ല. അവൻ ഇഷ്ടപ്പെടാത്തതുകൊണ്ടട് ഞാൻ ..അല്ലെങ്കിൽ ഇങ്ങ നത്തെ സുഖക്കേടൊക്കെ വന്നുപെട്ടാല്യ്; എല്ലാവ രും പിന്നെ ഇങ്ങനെയൊക്കെത്തന്നെയാണ്. അതു കൊണ്ടട് നമുക്കവരെ വേണ്ടാന്ന് വെയ്ക്കാൻ വയ്യേ്ലാ?

അച്ചുതൻ: (കയ്യിൽ ചീർപ്പും കണ്ണാടിയുമായി പ്രവേശി ക്കുന്നു. കണ്ണാടി മേശപ്പുറത്തുവെച്ച് മുടിവാരാൻ ശ്രമിക്കുന്നതിനിടയിൽ ദൃഢമായി) വേണ്ടാന്ന് വെ ക്കണ്ട. എന്നാലും കാശ്ശ് വേണ്ടെ? എന്റെ കയ്യിൽ ഇനി കാശില്ല. ശാഠ്യംകൊണ്ടാണെന്നു വിചാരി ക്കണ്ട. ഇല്ലാഞ്ഞിട്ടാണ്. (മുടിവാരുന്നു.)

മീനാക്ഷിയമ്മ: ഇങ്ങനെയൊക്കെ ആവുമ്പൊ പിന്നെ അതാ നല്ലതു്. ദുർവ്വാശി ആക്കും നല്ലതിനല്ല.

വൃദ്ധൻ: (പ്രവേശിച്ചുകൊണ്ടട്) അപ്പൊ വില്ക്ക്ആന്ന് തന്നെ വെച്ചൊ? നിങ്ങളെയൊക്കെ ......

രാഘവൻ: (വൃദ്ധനെ ശ്രദ്ധിക്കാതെ) ഏതായാലും ...

വൃദ്ധൻ: ഇഷ്ടംപോലെയാകട്ടെ. ങ്ഉം, ങ്ഉം. (പോകുന്നു)

മീനാക്ഷിയമ്മ: എന്നാൽ അവനൊരു ചങ്ങാതിയുണ്ടട്. വല്ല്യോടത്തതാണെന്നൊക്കല്ലെ പറഞ്ഞു് നടന്നീ ന്നതു്. അത്യാവശ്യത്തിനു് അവനോടെന്തെങ്കിലും കുറച്ച് പണം ചോദിച്ചുനോക്കിക്കൂടെ.

അച്ചുതൻ: ഭാസ്കരനല്ലെ? ഓനെയിപ്പൊ ഇങ്ങോട്ട് കാ ണാൻതന്നെയില്ല. എല്ലാരും നല്ലകാലത്തെ ലോ ഗ്യത്തിനൊക്കെ ഉണ്ടാവുള്ളു. അതൊക്കെ പറഞ്ഞ് നിന്നിട്ട് നേരംകളയണ്ട.

മീനാക്ഷിയമ്മ: എന്നാലും പുരുഷൂനൊന്നു് ചോദി ക്കാൻ വയ്യേ? ഒന്നറിയാലൊ.

അച്ചുതൻ: (കണ്ണാടിയും ചീർപ്പും മേശമേൽതന്നെ വെച്ചു കൊണ്ടട്) അവനൊട്ട് ചോദിക്കുംല്ല, ചോദിച്ചിട്ടൊ ട്ട് കാര്യല്ല. എനിക്കറിയാം എല്ലാവരേയും.

രാഘവൻ: ഏതായാലും പുരുഷുനോട്ട് ഒന്നുകൂടി പറഞ്ഞു നോക്കട്ടെ. അവനെതിരായിട്ട് ഒരിക്കലും ഞാൻ നടക്കുകയില്ല. (പോകുന്നു.)

മീനാക്ഷിയമ്മ: (അച്ച്യുതനോട്ട്) കണ്ടില്ലെ?

അച്ച്യുതൻ: എന്തു് കാണാനാണു്? അതു് അങ്ങിനെയൊക്കെത്തന്നെയാണമ്മെ. ആരെയെങ്കിലും കുററം പറഞ്ഞിട്ട് കാര്യംല്ല. അച്ഛൻ മകനേയും മകൻ പശുനേയും സ്നേഹിക്കുമ്പൊ ഈ കാര്യം തീരാൻ കുറച്ച് വിഷമം വരും.

മീനാക്ഷിയമ്മ: (ഒന്നാലോചിച്ചിട്ട്) ഈ സൂഖക്കേട്ട് എപ്പോഴെങ്കിലും ഒന്നു് മാറിക്കിട്ട്വോ?

അച്ച്യുതൻ: പൂർണ്ണമായിട്ടൊന്നും മാറുകയില്ല. അതിന്നു് തന്നെ പണം വാരിക്കോരി ചിലവാക്കേണ്ടിവരും.

മീനാക്ഷിയമ്മ: വാരിക്കോരാൻ്ണു്? തൊട്ട്നൊണക്കാനുണ്ടോ?

അച്ച്യുതൻ: ഇങ്ങനെയാണെങ്കില് വാരിക്കോരാന്തുംണ്ടാവും, സൂഖക്കേട്ട് മാറുകയും ചെയ്യും! ഏതായാലും നമ്മളൊക്കെ കുറെ സൂക്ഷിക്കുന്നതു് നല്ലതാ. ക്ഷയം വേഗം പകരും. രോഗബീജങ്ങൾക്കു എല്ലാരും ഒരുപോലെയാണു്. അച്ഛനോടും അതു് പറയണം.

മീനാക്ഷിയമ്മ: അച്ഛനോടല്ല, നിൻെറ ഭാര്യയോടാണു് പറയേണ്ടതു്. അവളാണു് രാവും പകലും അവനെ ........ആദ്യം അവളെ നിലക്ക്നിത്തു്.

അച്ച്യുതൻ: ഒക്കെ ഞാനും കാണുന്നുണ്ടമ്മെ. (കൈത്തണ്ടയിൽ നോക്കുന്നു. വിളിക്കുന്നു) സൂശീലേ സൂശീലേ (വിളികേൾക്കാത്തതു് കൊണ്ടു് വീണ്ടും) സൂശീലെ.

മീനാക്ഷിയമ്മ: അവള് കേൾക്കൂല. നെനക്കെന്താ വേണ്ടത്?

അച്ച്യുതൻ: മുറിയിൽനിന്നു് ആ വാച്ചൊന്നെടുപ്പിക്കാനാ വേണ്ട, ഞാൻ തന്നെ പോയി എടുക്കാം. (പോകുന്നു)

മീനാക്ഷിയമ്മ: അവളെന്താ അവിടെ ചെയ്യണത്. (പോയി നോക്കാൻ ഭാവിക്കുന്നു. അപ്പോഴേക്കും സുശീല പ്രവേശിക്കുന്നു.) നിന്നെയല്ലെ അവൻ വിളിച്ചന്നത്. നെനക്കെന്താ കാതു് കേട്ടൂടെ.

സുശീല: ഞാൻ കേട്ടീലല്ലൊ അമ്മെ.

മീനാക്ഷിയമ്മ: കേട്ടില്ല. നീ കേക്കുംല്ല. നിനക്ക് നെൻെറ ഭർത്താവല്ല കാര്യം. അത്തന്നെ.

സുശീല: അമ്മെ!

മീനാക്ഷിയമ്മ: വെറുതെ വേണ്ടാത്തതൊന്നും ഉണ്ടാക്കി വെക്കണ്ട അച്ചുതനിതൊന്നും അറിയുന്നില്ലെന്നാ വിചാരം. അവൻ നെൻെറ ഭത്താവാ. അതോമ്മ വെച്ചൊ.

[റിസ്റ്റ്‌വാച്ച് കൈത്തണ്ടയിൽ കെട്ടിക്കൊണ്ടു് അച്ചുതൻ പ്രവേശിക്കുന്നു ]

സുശീല: (അപരാധബോധത്തോടെ അല്പം മുന്നോട്ടു നീങ്ങി പുഞ്ചിരിക്കാൻ ശ്രമിച്ചുകൊണ്ടു്) ഞാൻ, വിളിച്ചുത് കേട്ടില്ല; എന്തേ വിളിക്കാൻ?

അച്ചുതൻ: (വാച്ചുകെട്ടുന്നതിൽ ശ്രദ്ധകൊടുത്തുകൊണ്ടു് പരുഷമായി) ഒന്നിനുംല്ല. നിൻേറതൊക്കെ കുറച്ച് ഏറിപ്പോകുന്നുണ്ടു്. എൻെറ സമയത്തിന്നു് ഇപ്പൊ നിന്നെ കിട്ടാതായി. അതു് നല്ലതിന്നല്ല ...അമ്മേ ഞാൻ പോവുകയാണു്. (പോകുന്നു)

മീനാക്ഷിയമ്മ: (സുശീലയോടു്) നടക്ക് അകത്തേക്ക്. അവനായത് നെനക്കു് നന്നായി.

[സുശീല പോകുന്നു. മീനാക്ഷിയമ്മ ജോലി തുടരുന്നു ]

— യവനിക —

## രംഗം രണ്ട്

[പുരുഷുവിൻെറ ശയനമുറി അവൻെറ ശയ്യയും മേശയും കസാലകളുമുണ്ട് മേശമേൽ മരുന്നുകളും ഗ്ലാസ്സും മററും കാണാം. ശയ്യക്കരികെ ഒരു കോളാമ്പിയും. പുരുഷു ഇടക്കിടെ കുരക്കുകയും കഫം തുപ്പുകയും ചെയ്തുകൊണ്ടിരിക്കും. ഇപ്പോഠം അവൻ ചിന്താമഗ്നനായി നില്ക്കുകയാണ്. ഒരു പൊറുതികേട് പ്രകടിപ്പിച്ചുകൊണ്ട് ഭാസ്കരൻ – അവൻെറ സുഹൃത്ത്–വിഷമത്തോടെ മറുവശത്തും നില്ക്കുന്നു ]

പുരുഷു: (ഏതോ ചിന്തയിൽ മുഴുകിനിന്നിട്ട് അവളൊരു ഗാനമാണ് ഭാസ്കരാ. ആ ഗാനത്തിലാണ് ഞാൻ ജീവിക്കുന്നത്.

ഭാസ്കരൻ: ഞാൻ വരുമ്പോഴൊക്കെ നീയിങ്ങനെ പറഞ്ഞാൽ–ഞാൻ വരുമ്പോഴൊക്കെ നീയിങ്ങനെ പറഞ്ഞാൽ......

പുരുഷു: എനിക്കത് പറയാതിരിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. എനിക്ക് ജീവിക്കണം. എനിക്കു് ജീവിക്കണം. എനിക്കു് വേണ്ടി കാത്തിരിക്കുന്ന .. ...ഭാസ്കരാ, എൻെറ ആരോഗ്യം എനിക്കു് വീണ്ടു കിട്ടാതിരുന്നാൽ ... (കുരക്കുന്നു) പക്ഷെ എൻെറ ശരീരം ക്ഷയിക്കുകയാണ്. ക്ഷയിച്ചുക്ഷയിച്ച് ഒരു ദിവസം അത് ഇല്ലാതായിത്തീരും എന്നാൽ എൻെറ മനസ്സിന്നു് ആ ക്ഷയം ബാധിക്കുന്നില്ല. എനിക്കിപ്പോഴും വിചാരങ്ങളുണ്ട്; വികാരങ്ങളുണ്ട്. സ്നേഹിക്കാനും ജീവിക്കാനും വേണ്ടി മനസ്സിതാ കൊതിക്കുകയാണ്

ഭാസ്കരൻ: എനിക്ക് നിന്നോടൊന്നു് പറയാനുണ്ട്

പുരുഷു: പറയൂ

ഭാസ്കരൻ: (ആലോചിച്ചിട്ട്) അല്ലെങ്കിൽ പിന്നെപ്പറയാം. ഇപ്പൊ അത് പറഞ്ഞു് പുരുഷുവിനെ ഞാൻ വേദനിപ്പിക്കുന്നില്ല.

പുരുഷു: എന്നെ വേദനിപ്പിക്കുന്ന എന്താണു് ഭാസ്കരനു് പറയാനുള്ളതു്?

ഭാസ്കരൻ: (പറയാനുദ്ദേശിക്കാത്തതു് പറഞ്ഞുപോയോ എന്ന ഭയത്തോടെ, ആലോചിച്ചിട്ടു്) വേദനിപ്പിക്കുമെന്നു് ഞാൻ പറഞ്ഞതു് തെററാണു്. വിശേഷിച്ചു് ഒന്നുമില്ല....അതു പോട്ടെ. നീ പേടിക്കാതെ ഇരുന്നാൽ മതി. ക്ഷയം പണ്ടത്തെപ്പോലെ അത്ര ഭയങ്കരമല്ല ഇപ്പൊ.

പുരുഷു: ങാ, അല്ലാ എന്നു് എനിക്കും തോന്നുന്നു. പുതിയ പുതിയ മരുന്നുകളില്ലേ? അവ എന്നെ രക്ഷപ്പെടുത്തും. എനിക്കു് ഇനിയും ജീവിക്കാൻ കഴിയും. അപ്പോഠം....

ഭാസ്കരൻ: ആ വിചാരം ഒന്നല്പം മാററി നിത്തു പുരുഷു. വേറെ വല്ലതും ഉണ്ടെങ്കിൽ പറയൂ.

പുരുഷു: ആ വിചാരം എനിക്കു് മാററിനിത്താൻ വയ്യ. അതാണെന്നെ ജീവിപ്പ ക്കുന്നതു്.

ഭാസ്കരൻ: ഞാൻ പറയുന്നതു് മനസ്സിനെ അലട്ടരുതെന്നാണു്. ഇപ്പോഠം നീയവളെ മറക്കാൻ ശ്രമിക്കുന്നതാണു് നല്ലതു്. ഈ രോഗം മാറാൻ മനസ്സിനു് സ്വസ്ഥത ആവശ്യമാണു്.

പുരുഷു: (പുഞ്ചിരിക്കാൻ ശ്രമിച്ചുകൊണ്ടു്) അവളേ മറക്കാൻ ശ്രമിക്കുമ്പൊ ഉള്ള സ്വസ്ഥതകൂടി എനിക്കു് നഷ്ടപ്പെടുമെന്നാ എൻെറ പേടി.

[ഭാസ്കരൻെറ ഭാവം വദ്ധിച്ചുവരുന്നു. വാക്കുകഠംക്കു് ദൃഢത കൂടിയും]

ഭാസ്കരൻ: എൻെറ ഹൃദയത്തെക്കുറിച്ചു് നിനക്കൊന്നുമറിഞ്ഞുകൂട.

പുരുഷു: എന്താണു് ഭാസ്കരാ ഞാനറിയേണ്ടതു്? നീയൊന്നും എന്നോടു് പറഞ്ഞിട്ടില്ല. അല്ലാതെ ഞാനെങ്ങിനെ അറിയും?

ഭാസ്കരൻ: ആട്ടെ, പുരുഷു. അതു് വിടൂ. ഞാൻ വല്ല വിഡ്ഢിത്തവും പറഞ്ഞുപോകും.

പുരുഷു: പൂഴ്ത്തിവെയ്ക്കാതെ ഉള്ളതു് തുറന്നുപറയൂ ഭാസ്കരാ. നാമെന്നും പരസ്പരം സ്നേഹിച്ചിട്ടുണ്ടു്. എന്തും നിനക്കെന്നോടു് പറയാം.

ഭാസ്കരൻ: ഞാനതു് പറയുമ്പോഴം....ഇല്ല, എനിക്കതു് പറയാൻ വയ്യ. പുരുഷു അതു് മനസ്സിലാക്കേണ്ടതായിരുന്നു.

പുരുഷു: (കസാലയിൽ ഇരിക്കുന്നു) എന്നോടിങ്ങനെ ദയയില്ലാതെ പെരുമാറുന്നതെന്തിനാ? എൻെറ നില നോക്കൂ. ഓരോ ദിവസം കൂടുംന്തോറും ഞാൻ താഴോട്ടാ. എന്നെ ചികിത്സിക്കാൻ അവർ വളരെയധികം പണം ചെലവാക്കി. ഇന്നിപ്പൊ എൻെറ ഒരു പശുവുണ്ടിവിടെ. കറവററു കിടക്കുകയാണു്. അതിനെ വിററാലെന്താന്നു് വരെ ആയിരിക്കുണു്പ്പൊ. ഞാനതു് സമ്മതിച്ചിട്ടില്ല. അതിനെ അറവുകാരല്ലാതെ വല്ലവരും വാങ്ങ്വോ? അതിന്റേംല്ലെ ജീവനും ജീവിതവുമൊക്കെ........ഞാൻ പറയുന്നതു് എനിക്കു് രക്ഷപ്പെടാൻ കഴിയുന്നില്ലെന്നാണു്. വാസ്തവത്തിൽ എൻെറ കാര്യത്തിൽ എനിക്കു് വിശ്വാസം കുറഞ്ഞാണു് വരുന്നതു്.

ഭാസ്കരൻ: പുരുഷു അതു് മനസ്സിലാക്കാത്തതാണു് തെററു്.

[വൃദ്ധൻ പ്രവേശിച്ചു് രണ്ടുപേരുടേയും പിന്നിലായി വന്നു് നില്ക്കുന്നു. അവരെ നോക്കി പുഞ്ചിരിക്കുന്നു.]

വൃദ്ധൻ: എന്താണു് മക്കളേ? ഞെ?

പുരുഷു: (മുത്തച്ഛനെ ഗൌനിക്കാതെ) എനിക്കു് മനസ്സിലാകുന്നില്ല ഭാസ്കരാ. എൻെറ ഈ തകൎന്ന ജീവിതം കൊണ്ടു് ഞാൻ ആരേയും ബുദ്ധിമുട്ടിക്കാൻ ഉദ്ദേശിക്കുന്നില്ല.

ഭാസ്കരൻ: ലീല അതുകൊണ്ടു് ബുദ്ധിമുട്ടും. നീ അവളെ സ്നേഹിക്കുന്നതു കൊണ്ടു് അവരംക്കു് ബുദ്ധിമുട്ടേ

നേരിടാനുള്ള. അവരക്കൊരു ദാമ്പത്യജീവിതം നൽകാൻ നിനക്കാവുകയില്ല. നിനക്കവളോട് സ്നേഹമുണ്ടെങ്കിൽ അവളുടെ ജീവിതം തകർക്കാതിരിക്കാൻ നീ അവളെ മറക്കുകയാണ് വേണ്ടതു്.

പുരുഷു: ഭാസ്കരാ!

[വൃദ്ധൻ മിഴിച്ചുകൊണ്ടു് രണ്ടുപേരേയും നോക്കി നില്ക്കുകയാണു്.]

ഭാസ്കരൻ: ഞാൻ പറയുന്നത് വാസ്തവമാണ്. ആലോചിക്കുമ്പോരം നിനക്കതു് മനസ്സിലാകും.

പുരുഷു: ശരിയാണു്. പക്ഷെ ആശിക്കാനൊന്നുമില്ലെങ്കിൽ ഈ ജീവിതം ഞാനെന്തിനാ കൊണ്ടു് നടക്കുന്നതു്.

ഭാസ്കരൻ: അത് നിൻെറ ആരോഗ്യം നോക്കി നീ തീർച്ചപ്പെടുത്തേണ്ടതാണു്.

പുരുഷു: എനിക്കൊന്നുമറിഞ്ഞുകൂട ലീലയെ സ്നേഹിക്കുന്നു എന്നതാണെൻെറ ജീവിതം ആ ജീവിതത്തിന്നു് വേണ്ടി ഞാൻ ആശിക്കും. അതിന്നു് വേണ്ടി മാത്രം എനിക്കീ രോഗത്തിൽ നിന്നു രക്ഷപ്പെടണം. ഭാസ്കരനെന്തു് പറഞ്ഞാലും എനിക്കവളെ മറക്കാൻ വയ്യ അതു് ഞാനെൻെറ ജീവിതത്തെത്തന്നെ മറക്കലാണു്.

ഭാസ്കരൻ: (കൂടുതൽ ദൃഢമായി) മറക്കലാണെങ്കിൽ എനിക്കെൻെറ ജീവിതത്തേയും മറക്കാൻ വയ്യ.

പുരുഷു: ഭാസ്കരാ!

ഭാസ്കരൻ: നമ്മുടെയൊക്കെ മനസ്സുകരം പലപ്പോഴും നമ്മുടെ ഇഷ്ടത്തിന്നനുസരിച്ചു് നടക്കുകയില്ല.

പുരുഷു: ഭാസ്കരാ!

[വൃദ്ധൻ ഉല്കണ്ഠയോടെ ഭാസ്കരനെ നോക്കുന്നു. ഭാസ്കരൻ എന്തെങ്കിലും പറയാൻ ശ്രമിക്കുമ്പോരം വൃദ്ധൻ കണ്ണിൽപെടുകയും ഒരു ചിന്ത പെട്ടെന്നുദിച്ചുയരുന്നപോലെ ഭാവിക്കുകയും ചെയ്യുന്നു.]

ഭാസ്കരൻ: (വൃദ്ധനെ ചൂണ്ടിക്കാട്ടി) മുത്തച്ഛനതാ, നാളെ ഒരു വിവാഹം ചെയ്യാൻ അയാരം ആഗ്രഹിക്കുന്നുണ്ടോ? അതിന്നാണോ ഇനിയും ജീവിക്കുന്നതു്. ഒന്നു് ചോദിക്കു. അതിന്നിനി മുത്തച്ഛനു് സാധിക്കുകയില്ല. ആശിക്കാൻ അർഹത ഒരാവശ്യമാണു്. (പുരുഷു ഞെട്ടിഎഴുന്നേല്ക്കുന്നു) കഴിയാത്തവർ ഒന്നിനും നില്ക്കരുതു്. ഹൃദയം ഉണ്ടെന്നു് പറഞ്ഞതുകൊണ്ടു് മാത്രം ജീവിക്കാനൊക്കുകയില്ല. അത് മനസ്സിലാക്കണം പുരുഷു.

പുരുഷു: (വേദനയോടെ) ഭാസ്കരാ!

ഭാസ്കരൻ ഞാൻ പോവുകയാണു് പുരുഷു. പിന്നെവരാം

[ഭാസ്കരൻ വേഗത്തിൽ നടന്നകന്നു. പുരുഷു പുളയുകയാണു്. മസ്തിഷ്കത്തിൽ താങ്ങാനാവാത്ത ചിന്തകരം നൃത്തംവെയ്ക്കുന്നു. നിമിഷങ്ങരം നീങ്ങി.]

പുരുഷു: (ആരോടെന്നില്ലാതെ) ആശിക്കാൻ അർഹത ആവശ്യമാണു്. എനിക്കു് മനസ്സിലാകുന്നില്ല. (നില്ക്കാൻ കഴിയാഞ്ഞിട്ടെന്നവണ്ണം ഇരിക്കാൻ ഭാവിക്കുന്നു. ഇരിക്കുന്നു.)

വൃദ്ധൻ: (ഭാസ്കരൻ പോയ ഭാഗത്തേക്കു നോക്കിനിന്നുകൊണ്ടു്) എന്താണു് മോനെ. ങേ. അവനു് എന്തേ? (പുരുഷുവിനെ സമീപിച്ച് അവൻെറ തല തടവുന്നു.)

[പുരുഷു തലയുയർത്തി വൃദ്ധൻെറ മുഖത്തു് നോക്കുകയാണു്. അവൻെറ കണ്ണുകളിൽ ഭീതി നിഴലിക്കുന്നു വൃദ്ധൻ അതുകണ്ടമ്പരക്കുന്നു ]

വൃദ്ധൻ: എന്താണു് മോനേ?

[ഉത്തരമുണ്ടായില്ല. വൃദ്ധൻ പതുക്കെപ്പതുക്കെ പിന്നോട്ടു് നീങ്ങുന്നു.]

— യവനിക —

# രംഗം മൂന്നു്

[കരുണാകരന്റെ വീടു്. അവിടെ കഴിഞ്ഞു കൂടാൻ കഴിവുള്ളവരാണു്. രംഗത്തു് മേശയും കസാലകളും. കരുണാകരൻ ഒരു കസാലയിൽ ഇരിക്കുന്നു. ഭാസ്കരൻ അച്ഛന്നെതിരായി മുഖം തിരിച്ചു നില്ക്കുന്നു. തന്റെ വിഷമാവസ്ഥ മറച്ചുപിടിക്കാനുള്ള ശ്രമമാണു്. കരുണാകരൻ അതു് മനസ്സിലാക്കിയിട്ടെന്നവണ്ണം പുഞ്ചിരിക്കുന്നു.]

കരുണാകരൻ: ഹേയ് എന്നിട്ടു് പറയ്. എന്താതൊക്കെ. ഞാനും ഒന്നു് മനസ്സിലാക്കട്ടെ.

ഭാസ്കരൻ: എനിക്കൊന്നുമില്ലച്ഛാ.

കരുണാകരൻ: ആ ഉത്തരം മാത്രം എനിക്കു് കേൾക്കണ്ട. ഉള്ളതു് പറയ്.

ഭാസ്കരൻ: അച്ഛനെന്തിനാ ഇതൊക്കെ അന്വേഷിക്കുന്നതു്?

കരുണാകരൻ: അച്ഛനായതുകൊണ്ടു്, എനിക്കും നിനക്കും ഒരു ബന്ധമൊക്കെയില്ലേ? നിനക്കു് നല്ല ബുദ്ധി വെച്ചു കഴിഞ്ഞു. ഇനി ഞാൻ നിന്നെ ഉപദേശിച്ചു നന്നാക്കണമെന്നില്ല. എനിക്കിപ്പൊ ഒരച്ഛന്റെ അധികാരവും വേണ്ട. ഒരു ചങ്ങാതിയെപ്പോലെയാണു് ഞാൻ ചോദിക്കുന്നതു്.

ഭാസ്കരൻ: എന്തായാലും എനിക്കും ചില സ്വകാര്യങ്ങളൊക്കെ പാടില്ലേ അച്ഛാ?

[കരുണാകരനു് പെട്ടെന്നു് മറുപടി പറയാൻ കഴിഞ്ഞില്ല. ചിന്തിക്കുന്നു ]

കരുണാകരൻ: ശരിയാണു്. പക്ഷെ... (എഴുന്നേൽക്കുന്നു.) ഒന്നുമില്ല എനിക്കറിയാൻ പാടില്ലാത്തതാണെങ്കിൽ ഞാൻ അന്വേഷിക്കുന്നില്ല. (പോകാൻ ഭാവിക്കുന്നു.)

ഭാസ്കരൻ: (അച്ഛനു് വേദനിച്ചുവോ എന്നു് സംശയിച്ചിട്ടു്) അച്ഛാ! ഞാൻ......(കരുണാകരൻ തിരിഞ്ഞു നോക്കുന്നു) അച്ഛൻ ഇവിടെ ഇരിക്കിൻ.

കരുണാകരൻ: (പുഞ്ചിരിച്ചുകൊണ്ടു് വീണ്ടും ഇരിക്കുന്നു. ഇരിക്കുമ്പോഴ്) ങ്ഹും.

ഭാസ്കരൻ: ഞാൻ പറയാം അച്ഛാ. എനിക്കൊരു ഹൃദയമുണ്ടു്.

കരുണാകരൻ: ഉണ്ടു്.

ഭാസ്കരൻ: അതുതന്നെ വിഷമിപ്പിക്കുന്നു.

കരുണാകരൻ: ഹൃദയം, മനുഷ്യനു് താങ്ങാനുള്ളൊരു ഭാരമാണു്. ആ ഭാരമാണു് ജീവിതത്തിന്റെ രസവും.

ഭാസ്കരൻ: അച്ഛാ!

കരുണാകരൻ; പറയൂ ഭാസ്കരാ.

[ഭാസ്കരൻ പറയാൻ ശ്രമിക്കുന്നു. കരുണാകരൻ അതു് ശ്രദ്ധിക്കുകയാണു്. ഭാസ്കരനു് പറയാൻ കഴിയുന്നില്ല. അവൻ അച്ഛനെ തിരിഞ്ഞുനോക്കുന്നു. അച്ഛൻ അവനേയും. ഭാസ്കരൻ തല തിരിച്ചു് വീണ്ടും വിമ്മിഷ്ടം കാണിക്കുന്നു.]

കരുണാകരൻ: പറയൂ.

ഭാസ്കരൻ: അച്ഛാ, ഞാൻ.... ..

കരുണാകരൻ: അച്ഛാ, ഞാൻ? നിനക്കു് പറയാൻ മടിയാവുന്നു അല്ലേ? എന്നാൽ ഞാൻ പറയാം. (ഭാസ്കരൻ അച്ഛനെ നോക്കുന്നു) എനിക്കറിയാം മോനെ. പറയട്ടെ. (നിർത്തി നിർത്തി ഒററയൊററ അക്ഷരങ്ങളായി) നീ...ഒരു്....പ്ര....ണ....യ....

ഭാസ്കരൻ: (തല ഒരു വശത്തേക്കു് തിരിച്ചു് തെല്ലൊരു ജാള്യതയോടെ) ങ്ഹാ. അച്ഛാ.

[കരുണാകരൻ ചിന്തകളിലേക്കു് തെറിച്ചുവീഴുന്നു. ആ ചിന്തകളിൽ നിന്നു് ഉടനെ ഒരു തീരുമാനം കണ്ടെടുക്കുകയും, ആ പ്രണയപ്രശ്നത്തെ നിസ്സാരമായി ഭാവിക്കുകയും ചെയ്യുന്നു.]

കരുണാകരൻ: ങ്ഹാ, അതിനെന്താ. അതിനെന്താണിത്ര ബേജാറാവാൻ?

ഭാസ്സരൻ: (മറുപടി അപ്രതീക്ഷിതമായി തോന്നിയിട്ട്) അതിനു്........?

കരുണാകരൻ: എന്ത് പററി?......പറയുകയില്ല അല്ലേ? നീയൊരു മഹാവിഡ്ഢിയാണു്. എന്നിട്ട് എന്തുകൊണ്ടു് എന്നോടതു പറഞ്ഞില്ല. നല്ല കഥ! ഞാനല്ലേ വിവാഹാലോചനകളൊക്കെ നടത്തേണ്ടത്. ണ്ടു പറയ്. (ത്രമാശയായി ഗൌരവം ഭാവിക്കുന്നു)

ഭാസ്സരൻ: പറഞ്ഞാൽ അച്ഛൻ......

കരുണാകരൻ: അച്ഛനെന്താകും. നിന്നെ വിഴുങ്ങിക്കളയും അല്ലേ? നീയെന്നെ ഇതുവരെ മനസ്സിലാക്കിയിട്ടില്ല. ഞാനിതൊക്കെ എന്നോ ധരിച്ചുവെച്ചിട്ടുള്ളതാണു്. (എഴുന്നേററ് നടന്നുകൊണ്ടു്) നീ വലുതായി ഒരു യുവാവാകും. യുവാവാകുമ്പൊ അതിന്റെ കുറെ തകരാറുകളുണ്ടു്. അതിലൊക്കെ നീയും പെട്ടും. സൌന്ദര്യവതിയും നല്ല സ്വഭാവഗുണവുമുള്ള ഒരു സ്ത്രീയെ പ്രേമിച്ച് വിവാഹം ചെയ്യാൻ ആഗ്രഹിക്കും. അങ്ങനെ അന്വേഷിക്കുമ്പൊ നിന്റെ കണ്ണുകളെ ഏതെങ്കിലും ഒരു സ്ത്രീയുടെ സൌന്ദര്യം ആകർഷിക്കും സ്വഭാവത്തെക്കുറിച്ച് അപ്പോഠം അത്ര ചിന്തിച്ചില്ലാന്നു് വരും. അങ്ങനെ സ്നേഹിക്കും. സ്നേഹിച്ചിട്ട് അച്ഛനോടിതെങ്ങിനെയാണു് പറയുക എന്നാലോചിക്കും പിന്നെ നീയിപ്പൊ കാണിക്കുന്നതുപോലെ തിരിയലും മറയലും. മുക്കലും മൂളലും......

ഭാസ്സരൻ: അച്ഛനെന്നെ പരിഹസിക്കുകയാണു്.

കരുണാകരൻ: അല്ല. ഞാൻ ഇവിടെ എത്തിയത് നീ നില്ക്കുന്ന ആ വഴിക്കാണു്. ഏതായാലും നന്നായി. ഇപ്പോഴെങ്കിലും ആലോചിക്കാനൊത്തല്ലോ? ആരാണു്? എന്താണു്? എവിടന്നാണു്? എന്നൊക്കെ ഒന്നു് തെളിച്ച് പറയ്. ഞാൻ കേഠക്കട്ടെ.

ഭാസ്കരൻ: അച്ഛനെന്തെങ്കിലും തോന്നുകയാണെങ്കിൽ........

കരുണാകരൻ: എനിക്കൊന്നും തോന്നുകയില്ല നീയിഷ്ട പ്പെടുന്നുണ്ടോ എന്ന ഒരൊററ നോട്ടമേ എനിക്കുള്ളു. അതിലപ്പുറം എനിക്കൊന്നും ഇപ്പോഠം അറിയണ മെന്നില്ല. ങാ! മേലിൽ വല്ലതും വന്നാൽ അപ്പോഠം നിൻെറ ബുദ്ധിയും സൂക്ഷ്മക്കുറവും നിന്നെ ചതിച്ചതാ ണെന്നു് നീ വിചാരിച്ചാൽ മതി

ഭാസ്കരൻ: പക്ഷെ, അച്ഛാ അവൻ ക്ഷയരോഗം പിടിച്ചു കിടപ്പിലാണു്.

കരുണാകരൻ: പുരുഷുവിനെക്കുറിച്ചാണൊ പറയുന്നത്?

ഭാസ്കരൻ: അതെ. അവൻ ഓരോ ദിവസവും താഴോട്ടാണു്.

കരുണാകരൻ: നീയിപ്പോഠം ഇതു പറയാൻ?

ഭാസ്കരൻ: അവൻ അവളെ സ്നേഹിക്കുന്നു. അവഠംക്കു് വേണ്ടി ആ രോഗത്തിൽ നിന്നു് രക്ഷപ്പെടാൻ അവൻ ആഗ്രഹിക്കുന്നു

കരുണാകരൻ: (ആലോചിച്ചുകൊണ്ടു് ഇരിക്കുന്നു.) ഓ ഹോ! അങ്ങനെയാണു് നല്ല രസമുള്ള കഥയായി

ഭാസ്കരൻ: ഞാനവനെ ഇന്നു് പോയി കണ്ടു അച്ഛാ. അവനു് ജീവിക്കാൻ വളരെ ആശയുണ്ടു് ആശയുള്ളതുകൊ ണ്ടുമാത്രം ജീവിക്കാൻ കഴിയുമോ? ഒരു ക്ഷയരോഗി തികച്ചും രക്ഷപ്പെടുമോ അച്ഛാ!

കരുണാകരൻ: (ആലോചനയിൽനിന്നുണരാതെ) രക്ഷ പ്പെടാതെ എന്താ? ഇന്നല്ലെങ്കിൽ നാളെ മനുഷ്യനു് ആ രോഗത്തിൽ നിന്നു് രക്ഷപ്പെടാൻ കഴിയും.

ഭാസ്കരൻ: അതിന്നു് പണം വേണ്ടെ അച്ഛാ? അതിന്നു് മാത്രം അവർ പണക്കാരല്ല അതുകൊണ്ടു് അവൻ രക്ഷപ്പെടുകയില്ല

കരുണാകരൻ: (ചിന്തയിൽനിന്നു് വിമുക്തനായിട്ടു്) അവൻ രക്ഷപ്പെടരുതെന്നുള്ളതാണു് നിൻെറ ആവശ്യവും.

(ഭാസ്കരൻ ഞെട്ടുന്നു) നിൻെറ വേവലാതി കാണുമ്പോ അവരാം അവനെയാണ് സ്നേഹിക്കുന്ന തെന്നാണ് തോന്നുക.

ഭാസ്കരൻ: അതെ. എങ്കിലും അച്ഛാ, മരിച്ചുകൊണ്ടിരിക്കുന്ന അവൻ ഒരു സ്ത്രീയെ സ്നേഹിക്കുന്നതിലെന്താണർത്ഥം? അത് ലീലയുടെ—അല്ലാ അവളുടെ ..

കരുണാകരൻ: (ഇടക്ക് കയറി) അല്ലല്ലല്ലല്ല. ലീലയുടെ എന്ന് തന്നെ പറഞ്ഞോ.

ഭാസ്കരൻ: അവളുടെ ജീവിതം കഷ്ടത്തിലാക്കാനല്ലെ അത്? അല്ലച്ഛാ, അവന്നു് രോഗം ക്ഷയമല്ലെ? ഞാൻ അവനോട് തന്നെ ഇന്നു് പറഞ്ഞു. ആശിക്കാൻ അർഹത ആവശ്യമാണ്.

കരുണാകരൻ: ആശിക്കാൻ? എനിക്ക് മനസ്സിലാകുന്നില്ല.

ഭാസ്കരൻ: അർഹതയില്ലാത്തവൻ ആശിക്കാതിരിക്കണം. എഴുതാൻപോലും അറിഞ്ഞുകൂടാത്ത ഒരാരം ഒരു ക്ലർക്കിൻെറ ജോലിക്കപേക്ഷിച്ചിട്ട് കാര്യല്ല.

കരുണാകരൻ: എന്ന് പറഞ്ഞാൽ കാലില്ലാത്തവൻ നടക്കാനാഗ്രഹിക്കരുതു്. അതുപോലെ പുരുഷനു് വിവാഹം ചെയ്യാനുള്ള യോഗ്യതയില്ല. കാരണം അവന്നു് ആരോഗ്യം ഇല്ലാത്തത് തന്നെ.

ഭാസ്കരൻ: ഞാനതാണു് പറയുന്നതു്. കയ്യിൽ കാശില്ലാത്ത ഒരാരം രോഗം ചികിത്സിച്ചുമാററാമെന്നു് വിശ്വസിക്കുന്നു. അവനെസ്സംബന്ധിച്ചേടത്തോളം ആ വിശ്വാസം തെററല്ലെ?

കരുണാകരൻ: നീയൊന്നു് ക്ഷമയോടുകൂടി ചിന്തിച്ച് സംസാരിക്കു ഭാസ്കരാ.

ഭാസ്കരൻ: ഒരിക്കലും ലീലയുടെ അച്ഛൻ അവളെ അവന്നു് വിവാഹം ചെയ്തു കൊടുക്കുകയില്ല. അക്കാര്യ്

അറിഞ്ഞിട്ടും അവൻ അവളെ സ്നേഹിച്ചാൽ...(ദൃഢമായി) ഞാനുറപ്പിച്ചു പറയുന്നു. അച്ഛാ, എൻെറ ഹൃദയത്തിൽനിന്നു് അവളെ എനിക്കു് മാററി നിർത്താൻ വയ്യ. അച്ഛൻ എന്നോടു ക്ഷമിക്കണം

കരുണാകരൻ: ക്ഷമിക്കാനെന്താണുള്ളതു് ഒന്നുമില്ല ഒന്നുമുണ്ടായിട്ടില്ല. അപ്പൊ ചുരുക്കത്തിൽ ഞാൻ നിന്നോടു് ഒരു പാഠം പഠിച്ചു. ഒരു ചങ്ങാതിയേയും ഒരു കാമുകിയേയും ഒന്നിച്ചു് സ്നേഹിക്കാൻ കഴിയാതെ വരുമ്പൊ ചങ്ങാതിയെയാണു് ഉപേക്ഷിക്കാൻ നല്ലതു്.

ഭാസ്കരൻ: (ഞെട്ടലോടെ) അച്ഛാ!

കരുണാകരൻ: പുരുഷു കിടന്നു് രക്തം തുപ്പുമ്പോഴും ലീല അവനെ സ്നേഹിക്കുന്നു. അതെനിക്കു് നന്നായറിയാം അപ്പൊ അവൾക്കുവേണ്ടി നീയൊന്നു് വഴിമാറി കൊടുക്കുന്നതല്ലെ നല്ലതു ?

ഭാസ്കരൻ: അച്ഛൻെറ ദയകൊണ്ടു് എനിക്കു് പണവും ആരോഗ്യവുമുണ്ടു്. അപ്പൊ മരിച്ചുകൊണ്ടിരിക്കുന്ന അവൻ എനിക്കു് വഴിമാറിത്തരുന്നതല്ലെ അച്ഛാ കൂടുതൽ നല്ലതു്? ആ ലീലയുടെ ജീവിതം അങ്ങിനെ രക്ഷപ്പെടുത്തുകയും ചെയ്തുകൂടെ!

കരുണാകരൻ: (ചിരിക്കുന്നു) വിഡ്ഢിത്തം പറയല്ലേ ഈ പണവും പ്രതാപവും നിൻെറ സൌന്ദര്യവുമൊക്കെ എത്ര നിസ്സാരങ്ങളാ. പ്രേമം അവിടെയൊന്നും നിൽക്കുന്നില്ല. നീ പിന്നേയും ഈ അർഹതയെപ്പററി പറയുന്നു. എനിക്കു് നിൻെറ ഈ വാദമൊന്നും മനസ്സിലാകുന്നില്ല

ഭാസ്കരൻ: അർഹത വകവെക്കാതിരിക്കുക എന്നു് പറഞ്ഞാൽ കണ്ണുചിമ്മി നടക്കുന്നതുപോലെയാണു്.

കരുണാകരൻ: (ഉത്തരം മുട്ടിയപോലെ നിശ്ശബ്ദനാകുന്നു. ചിന്തിക്കുന്നു; എഴുന്നേല്ക്കുന്നു) ശരി. നീ എവിടുന്നാ ഇത്ര നന്നായിട്ട് ന്യായം പറയാൻ പഠിച്ചതു്. എൻെറ കയ്യിൽ നിന്ന് തന്നെയല്ലെ? തരക്കേടില്ല. അച്ഛനെപ്പോലെ മകനും ആവട്ടെ ഇക്കാര്യത്തിൽ ഒരൊററച്ചോദ്യംകൂടിയേ എനിക്കു് ചോദിക്കാനുള്ളു. തീൻ്റു. പുരുഷുവിന്നു് അവളെ സ്നേഹിക്കാനുള്ള അർഹതയില്ല. കാരണം അവൻ ക്ഷയരോഗിയാണു്. ഇന്നോ നാളെയോ മരിക്കും, സമ്മതിച്ചു. പക്ഷെ ഈ ലീലയെന്താ അവനെ അങ്ങോട്ട് സ്നേഹിക്കാൻ? അവൾക്ക് അതിനുള്ള അർഹതയെന്താണ്. എനിക്കൊന്നു് പറഞ്ഞുതരൂ. (ഭാസ്കരൻ ഉത്തരം കിട്ടാതെ വിഷമത്തിലാവുന്നു.) വേണമെങ്കിൽ അവൾക്കു് ഭ്രാന്താണെന്നു് പറഞ്ഞോ. അതാണു് പറഞ്ഞതു്. നീ ആലോചിക്കുന്നില്ല എന്നു്. (അല്പം അമർഷത്തോടെ) ഇന്നലേവരെ നിന്നോടൊപ്പം ചിരിച്ചു കളിച്ചുനടന്ന അവൻ ഇന്നൊരു രോഗിയായപ്പൊ നിൻെറ ചങ്ങാതിയാവാൻ അർഹനല്ലാതായി. അതുകൂടി പറയാമായിരുന്നില്ലെ നിനക്കവനോട്‌....... എന്താ മിണ്ടാത്തതു്? നിൻെറ അച്ഛനായതുകൊണ്ടു് ഞാൻ പറയാം. നീയവനെ മറക്കാൻ പാടില്ല. ഒരിക്കലും ഉപേക്ഷിക്കാൻ പാടില്ല.

ഭാസ്കരൻ: (അസഹനീയത ഭാവിച്ചിട്ട്) അച്ഛാ, ശരിയാണു്. പക്ഷെ എനിക്കെന്തുകൊണ്ടോ അവളേയും മറക്കാൻ കഴിയുന്നില്ല.

— യവനിക —

## രംഗം നാല്

[രാഘവൻെറ വീട്. ഒരു ചാരുകസാല. ഒരു മേശ ചാരുകസാലയിൽ പുരുഷു കിടക്കുന്നു. ആലോചനാമഗ്നനാണ്; അവൻെറ ഹൃദയത്തിൽ ഒരു ഗാനം അലയടിക്കുകയാണ്. ഒരു സ്ത്രീയുടെ ശബ്ദത്തിൽ ആ ഗാനം അശരീരിയായി ഇങ്ങിനെ കേറംക്കാറാകുന്നു. നീട്ടിച്ചൊല്ലുന്ന വടക്കൻപാട്ട് രീതിയാണ്.]

''എന്നവരെൻെറ മനസ്സു കവന്നു
അന്നു മറന്നു ഞാനെന്നെത്തന്നെ;
എന്നവരെൻെറ കിനാവിലുയന്നു
അന്നു മറന്നു ഞാനെന്നെത്തന്നെ;
ഉള്ളിലൊരാശതൻ കുമ്പുവിടന്നു
അന്നു മറന്നു ഞാനെന്നെത്തന്നെ ''

[രാഘവൻ പ്രവേശിക്കുന്നു. ഗാനം തുടരുന്നുണ്ട്]

രാഘവൻ: മോനെ പുരുഷൂ, മരുന്നുകൊണ്ടുത്തരട്ടെ നീ യെന്താണാലോചിച്ചുകൊണ്ടിരിക്കുന്നത്?

[ഗാനം അപ്പോഴും നിർവ്വിഘ്നം തുടരുന്നു]

''പൂമഴ പെയ്യുന്ന കാലംവന്നാൽ.......''

രാഘവൻ: മോനെ മരുന്ന് കുടിക്കണ്ടെ സമയം തെററി ക്കഴിഞ്ഞല്ലോ?

[പുരുഷു ഗാനത്തിൽനിന്നു് ഞെട്ടിയുണരുന്നു. ഗാനം നില്ക്കുന്നു.]

പുരുഷു: ങാ, അച്ഛാ, എന്താണ്? മരുന്ന്—ങാ മരുന്ന് കുടിച്ചിട്ടില്ല. ഞാൻ........

[രാഘവൻ അകത്തേക്ക് പോകുന്നു. പുരുഷു വീണ്ടും ആ ഗാനത്തിലേക്കു് ക്രമത്തിൽ ചെന്ന് വീഴുകയാണ്.]

''പൂങ്കുയിൽ പാടുന്ന കാലം വന്നാൽ
അന്നവർ വന്നു വിളിക്കുമെന്നെ
പാട്ടുകൾ പാടും, ഞാനോടും പിന്നെ,
വേണ്ട എനിക്കൊരു ലോകം വേറെ
വേണ്ട എനിക്കൊരു ജന്മം വേറെ
അന്നവർ വന്നു വിളിക്കുമെന്നെ
അന്നവർ വന്നു വിളിക്കുമെന്നെ ''

[രാഘവൻ മരുന്നുമായി പ്രവേശിക്കുന്നു. അച്ഛന്റെ വരവ് പുരുഷുവിന്റെ ശ്രദ്ധയിൽ പെടുന്നതുവരെ ആ അവസാനവരി തുടർന്നുകൊണ്ടിരിക്കുന്നു.]

രാഘവൻ: ഇതാ മരുന്ന് പുരുഷൂ, ഇത് കുടിക്ക്. (കൂടുതൽ അവനെ ശ്രദ്ധിച്ചുകൊണ്ട്) നീയിപ്പോൾ ഇവിടെയൊന്നുമല്ല. (തൊട്ടു വിളിക്കുന്നു) എന്താണിത്ര ചിന്തിക്കാൻ? ഏ? ഈ മരുന്ന് കുടിച്ചാട്ടെ.

[ഗാനം നില്ക്കുന്നു ഒരു നിദ്രയിൽനിന്നുണർന്ന പോലെപുരുഷു അച്ഛനെ നോക്കുന്നു. അവനെ ഒരു പൊൻകിനാവിൽനിന്ന് തട്ടിത്തെറിപ്പിച്ച അച്ഛനോട് പ്രതിഷേധിക്കാൻ അവന്ന് കഴിവുകളില്ല. ഒരുതരം അസ്വാസ്ഥത അവൻ പ്രകടിപ്പിക്കുന്നു.]

പുരുഷു: അച്ഛാ, ങ്ങ്ാ, ഞാൻ ....ഞാൻ ....ഞാനൊന്നും ആലോചിക്കുന്നില്ല. (മരുന്നു വാങ്ങി കുടിക്കുന്നു )

രാഘവൻ: കഴിഞ്ഞതാഴ്ച ഒരു ഇഞ്ചക്ഷനും ചെയ്തിട്ടില്ല. എന്താണിനി നാം ചെയ്യുക ആ പശുനെ വില്ക്കരുതെന്ന് നീ തന്നെ വാശിപിടിക്കുന്നു (മരുന്നുഗ്ലാസ് വാങ്ങി മേശമേൽ വെക്കുന്നു.) ഇപ്പൊ അങ്ങിനെയൊക്കെ വാശി കാണിച്ചാൽ എന്തെങ്കിലും ചെയ്യാൻ കഴിയൊ?

പുരുഷു: ഇല്ലച്ഛാ, ആ പശു ഇനിയും പ്രസവിക്കും. ഇനിയും നമുക്കു് പാൽ തരും. നെയ്മാല കെട്ട്യേതാവും. അല്ലെങ്കിൽ വേറെ എന്തെങ്കിലും സുഖക്കേട്. അതും ചികിത്സിച്ചാൽ മാറാതിരിക്ക്യോ? ഇതു് നിങ്ങളാലോചിക്കാത്തതെന്താണു്? അതിനെ കൊല്ലാൻ കൊടുക്കുന്നത് എത്ര നന്ദികേടാ. എനിക്കെൻെറ സുഖക്കേട് മാറീട്ടില്ലെങ്കിലും വേണ്ടിലച്ഛാ അതിനെ കൊല്ലാൻ സമ്മതിക്കുകയില്ല.

രാഘവൻ: എനിക്കും അതിഷ്ടമുണ്ടായിട്ടല്ല. എല്ലാ വഴ യും അടഞ്ഞിരിക്കുന്നു. ഇനി വല്ലതും വേണെങ്കിൽ ഈ പാർപ്പിടം കാണിച്ച് വല്ലതും വാങ്ങേണ്ടിവരും.

പുരുഷു: ഈ പശുനെ വില്ക്കുന്നതോണ്ടു കാര്യമായിട്ട് എന്തെങ്കിലും ആകേപാ? അച്ഛനെൻെറ അഭിപ്രായമെന്താ ഇക്കാര്യത്തില്.

രാഘവൻ: അവൻെറ കാര്യം പോട്ടെ. അവനും അവൻെറ തത്വം പ്രസംഗിക്കലും. എനിക്കു് അവൻേറതൊന്നും കേൾക്കണ്ട.

പുരുഷു: അല്ലച്ഛാ. നമ്മുടെ കൂട്ടത്തിൽ അവന്നു് നല്ല ബുദ്ധിയാ.

രാഘവൻ: ആ ബുദ്ധി മനുഷ്യനെ ഉപദ്രവിക്കാനുള്ളതാ.

[സുശീല പ്രവേശിക്കുന്നു. മേശമേൽനിന്നു് ഗ്ലാസെടുക്കുന്നു. എടുക്കുമ്പോൾ]

സുശീല: ഏട്ടാ, കുളിക്കാൻ വെള്ളം ചൂടായി. ഇനി താമസിക്കണ്ട. (പോകാൻ ഭാവിക്കുന്നു.)

പുരുഷു: സുശീലെ, എൻെറ മുറിയിൽ നിന്നു് ആ തോർത്തൊന്നു് ഇങ്ങോട്ടെടുത്തോ (സുശീല പോകുന്നു) സുശീലയാണു് എനിക്കുള്ള രക്ഷ. എനിക്കൊരു പെങ്ങളുണ്ടായിരുന്നെങ്കിൽ എന്നെ സുശീലയേക്കാളധികം സ്നേഹിക്കുമായിരുന്നില്ല.

രാഘവൻ: രക്ഷയെക്കുറിച്ച് നീയൊന്നും ആലോചിക്കേണ്ട. ഞങ്ങളെല്ലാവരും നിനക്കു രക്ഷയേ ചെയ്യുകയുള്ളു

പുരുഷു: (ഒരു നിശ്വാസത്തോടെ) അതെ അച്ഛാ, നിങ്ങളെല്ലാവരും എനിക്ക് വേണ്ടി വളരെയധികം ബുദ്ധിമുട്ടുന്നുണ്ട്. ഞാനെല്ലാവക്കും ഒരു ബുദ്ധിമുട്ടാണ്.

[സുശീല തോർത്തുമായി പ്രവേശിക്കുന്നു]

രാഘവൻ: നിനക്ക് ഈ സുഖക്കേട് മാറിക്കിട്ടിയാൽ ഞങ്ങളുടേതൊന്നും ഒരു ബുദ്ധിമുട്ടും അല്ല.

സുശീല: തോർത്തിതാ. (കസേലമേൽ ഇടുന്നു) ഞങ്ങൾക്കൊന്നും യാതൊരു ബുദ്ധിമുട്ടും ഇല്ല. അതൊക്കെ ആലോചിച്ച് ഏട്ടൻ വെറുതെ മനസ്സ് വേദനിപ്പിക്കണ്ട.

പുരുഷു: (സ്നേഹനിർഭരമായ സ്വരത്തിൽ) സുശീലെ!

മീനാക്ഷിയമ്മ: (അകത്തുനിന്ന്) സുശീലേ, സുശീലേ. (പ്രവേശിക്കുന്നു.)

സുശീല: എന്താണമ്മെ?

മീനാക്ഷിയമ്മ: നിനക്കെന്താ ഇവിടെ ജോലി? അച്ചുതൻ ഇപ്പൊ എത്തും. അപ്പോഴേയ്ക്കും ഊണാവാഞ്ഞാലെ. നീയൊന്ന് അടുക്കളയിലേക്ക് ചെല്ല്. (സുശീല പോകുന്നു.) അല്ലല്ലാ, അപ്പൊ ഇന്നും കുത്തിവെച്ചിട്ടില്ലല്ലൊ? എന്താപ്പൊ ചെയ്യ്ണ്. അച്ചുതൻെറ കയ്യില് പണമൊന്നുമില്ലാന്നാ പറഞ്ഞത്. (പുരുഷുവിനോട്) പുരുഷോ, മോനേ. ആ പശൂനെ അങ്ങട്ട് വില്ക്കുന്നേലെന്താ? ഇപ്പൊ ഒന്നും ആലോചിച്ചിട്ട് കാര്യംല്ല. സ്വന്തം തടിയുടെ കാര്യംവരുമ്പൊ എല്ലാരും അങ്ങിനെയാണ്. (പുരുഷു മറുപടി പറയാതിരുന്നതുകൊണ്ട് ഭത്താവിനോട്) നിങ്ങൾ ആരെയെങ്കിലും ഒന്ന് കൂട്ടിക്കൊണ്ടുവന്ന് കാണിച്ച് കൊടുക്കിൻ. പത്തുറുപത് ഉറുപ്പികക്ക് യാതൊരു കളിയുമില്ല. അവനിനി എതിരും പറയില്ല.

രാഘവൻ: മോനെ, അതുകൊണ്ടിപ്പൊ ആവശ്യത്തിന്ന് തികഞ്ഞിട്ടില്ല. തല്ക്കാലം നമുക്കൊന്ന് തിരിയാലൊ.

മീനാക്ഷിയമ്മ: കത്തിവെക്കാതെ ഒരാഴ്ചീല്ല് മേലായെ. ഇതൊരു പനിയോ തലവേദനേററെ? (ഭർത്താവിനോട്ട്) നിങ്ങരംക്ക് വയ്യെങ്കിൽ ഞാൻ അച്ചുതനോട്ട് പറയാം. മാർക്കററിലുണ്ടാവേപാലൊ അതിൻെറ ആരംക്കാരു്.

രാഘവൻ: അതിന്ന് മീനാക്ഷി, അവനതു് സമ്മതാവണ്ടെ?

മീനാക്ഷിയമ്മ: (മടുത്തിട്ടെന്നവണ്ണം) ഇനിയെന്തോട്ടാതു്. എന്തെങ്കിലും അങ്ങട്ട് പറയുമ്പൊ ഇനി അവൻ എഴുതി ഒപ്പിട്ടുതരണൊ?

പുരുഷു: (എഴുന്നേല്ക്കുന്നു. നിന്നിട്ട്) അച്ഛാ, വേണമെങ്കിൽ അതിനെ വിററാള്ളു. എനിക്ക് വിരോധമില്ല.

മീനാക്ഷിയമ്മ: കണ്ടില്ലെ? നിങ്ങളാണ് കുട്ടികളെയൊക്കെ ചീത്തയാക്കുന്നതു്. കുറച്ചൊക്കെ അവനവനും ഒന്ന് മനസ്സിലാക്കണ്ടെ.

പുരുഷു: (അതു് ശ്രദ്ധിക്കാതെ) പക്ഷെ ആ പണംകൊണ്ട് നിങ്ങളെന്നെ ചികിത്സിക്കരുതു്. അതുകൊണ്ടെന്നെ ചികിത്സിക്കുക എന്ന് പറഞ്ഞാൽ ഞാനതിനെ തിന്നുന്നതിന്ന് സമമാണമ്മെ. (അകത്തേക്കു പോകുന്നു)

[മീനാക്ഷിയമ്മ തരിച്ചു നില്ക്കുന്നു.]

രാഘവൻ: അവൻ പറയുന്നതെന്താ ഒന്നങ്ങട്ട് മനസ്സിലാക്കിയാല്ല്. അതിനെ കൊല്ലാൻ കൊടുക്കാൻ അവനിഷ്ടല്ല ഇനി ആ കാശുകൊണ്ട് അവനെ അങ്ങട്ട് ചികിത്സിച്ചു അതുണ്ടോ തടിക്ക് പിടി

ക്കാൻപോണു്? മരുന്നിനേക്കാരം കാര്യം മനസ്സിൻെറ തൃപ്തിയാ. അതങ്ങോട്ടു് മനസ്സിലാകുല.

മീനാക്ഷിയമ്മ: എനിക്കു് മനസ്സിലാവണ്ട. ഇനിയൊന്നും ഞാനങ്ങോട്ടു പറയാനും വരുന്നില്ല.

[അച്ചുതൻ പ്രവേശിക്കുന്നു. സംശയഗ്രസ്തനായി മാതാപിതാക്കളെ മാറിമാറി നോക്കുന്നു. ഒന്നും മനസ്സിലാകുന്നില്ല ]

അച്ചുതൻ: എന്താണമ്മേ? (അച്ഛനെ തിരിഞ്ഞുനോക്കുന്നു)

മീനാക്ഷിയമ്മ: (പരിഭവത്തോടെ) ഒന്നുംല്ല. ഒക്കെ അങ്ങിനെത്തന്നെയാണു്. ഓനെ സ്നേഹിക്ക്ണ്ല്ലാ, സ്നേഹിക്ക്ണ്ല്ലാന്നാണാക്ഷേപം. എന്തു് പറഞ്ഞാലും എന്തു് ചെയ്തുകൊടുത്താലും ആരും ഒന്നും കാണാന്നില്ല.

അച്ചുതൻ: അതിന്നു് അമ്മ ആരെയാണു് കുററപ്പെടുത്തുന്നതു്?

മീനാക്ഷിയമ്മ: ഞാനാരേം കുററപ്പെടുത്തുന്നില്ല.

രാഘവൻ: (അമർഷത്തോടെ) അല്ല എന്നെ കുററപ്പെടുത്തിക്കോ.

അച്ചുതൻ: ആരേയും കുററപ്പെടുത്തേണ്ടതില്ലച്ഛാ. അമ്മ പുരുഷുനെ എത്ര സ്നേഹിച്ചാലും പുരുഷുനു് അതു് മതിയാവുന്നില്ലെന്നാ തോന്ന്ആ. തൻെറ സ്വന്തം അമ്മയായിരുന്നെങ്കിൽ എന്നെ ഇതിലുമധികം സ്നേഹിക്കുമായിരുന്നില്ലെ എന്നവൻ വിചാരിക്കും. അമ്മ ദേഷ്യപ്പെട്ടു് എന്തെങ്കിലും ഒരു വാക്കു് പറഞ്ഞാൽ മതി, പുരുഷുനതു് വല്ലാതെ വേദനിക്കും. സ്വന്തം അമ്മയായിരുന്നെങ്കിൽ അക്കാരണത്തിനു് അവനെ ഒന്നു് രണ്ടു് അടിക്കുക കൂടി ചെയ്താൽ അവനൊട്ടാവലാതിയും കാണൂല. ഇതൊക്കെ കണ്ണിനു് മുമ്പിൽ കാണുന്നതല്ലെ? എല്ലാം ഒന്നു കണ്ണുതുറന്നു കാണണം.

മീനാക്ഷിയമ്മ: നീ പറഞ്ഞത്തു നേരാണ്. അതെൻെറ അനുഭവാ. എനിക്കാ പശുനോട്ട് വല്ല ദേഷ്യം ഉണ്ടായിട്ടാണൊ അതിനെ വില്ക്കണം എന്നു് പറയു ന്നതു്. അവന്ന് വേണ്ടീട്ട്തന്നെയല്ലെ. ഇതൊന്നും നിൻെറ അച്ഛൻെറ കാതിൽ കടക്കുല. എന്തെങ്കിലും അങ്ങട്ട് പറയുമ്പൊ ഇങ്ങോട്ട് തട്ടിക്കേറും.

[വൃദ്ധൻ പ്രവേശിക്കുന്നു. ഓരോരുത്തരേയും ശ്രദ്ധിക്കുന്നു.]

രാഘവൻ: (ക്ഷമകെട്ട്) നിങ്ങളെയെല്ലാം എനിക്കറിയാം. എൻെറ മുമ്പിൽകിടന്നു് മായം മറിയണ്ട. എല്ലാം കണ്ണുതുറന്നു് കാണ്ണ്ണ്. ഒന്നല്പം മിണ്ടാതെ നില്ക്കീ.

മീനാക്ഷിയമ്മ: കാര്യം പറയുമ്പൊ എന്തിനാ ദേഷ്യം പിടിക്കുന്നതു്?

രാഘവൻ: മീനാക്ഷി, നിന്നോട്ട് ഞാൻ........

വൃദ്ധൻ: നിങ്ങളെന്താ ഇങ്ങനെ ഒച്ചീം വിളീട്ട് സംസാ രിക്ക്ണത്. ങെ? എനിക്കൊന്നും അത്ര പിടി ക്ക്ണ്ല്ല.

രാഘവൻ: അച്ഛനു് പിടിക്കണ്ട. നിങ്ങളവിടെപ്പോയി കിടന്നോളിൻ. എല്ലാരും കൂടി എന്നെ ഭ്രാന്തു് പിടിപ്പിക്കരുതു്.

വൃദ്ധൻ: ങേ? എന്തേ പറഞ്ഞതു്?

രാഘവൻ: (ഉച്ചത്തിലും വദ്ധിക്കുന്ന ദേഷ്യത്തിലും) നിങ്ങ ളെന്നെ ഭ്രാന്തു് പിടിപ്പിക്കുംന്നു്.

മീനാക്ഷിയമ്മ: അതിനോടെന്തിനാ ഈ ദേഷ്യം.

രാഘവൻ: (പെട്ടെന്നു്) എനിക്കിഷ്ടമുണ്ടായിട്ടു്. മിണ്ടാതെ അവിടെ നിന്നൊ.

അച്ചുതൻ: (ഒരു താക്കീതിൻെറ സ്വരത്തിൽ) അച്ഛാ!

രാഘവൻ: സമാധാനത്തോടുകൂടി ജീവിക്കാൻ സമ്മതി ക്കുകയില്ല. എല്ലാരും കൂടി ...എൻെറ ഈശ്വരാ!

എനിക്കു് സഹിക്കാൻ കഴിയാതാവുന്നു. ഞാനെങ്ങോ ട്ടെങ്കിലും പോവുകയാണു്. (പുറത്തേയ്ക്കു് പോകുന്നു)

മീനാക്ഷിയമ്മ: സഹിക്കാൻ കഴിയാതാവുന്നെങ്കിലെ.... എന്നെക്കൊണ്ടു് പറയിക്കണ്ട. (പൊടിച്ചുകൊണ്ടു് അകത്തേയ്ക്കു പോകുന്നു)

വൃദ്ധൻ: (പോകുന്നവരെ നോക്കി പുഞ്ചിരിച്ചുകൊണ്ടു്) കുട്ടിക്കളി മാറീട്ടില്ല.

അച്ചുതൻ: ശരിയാണു് മുത്തച്ഛാ.

വൃദ്ധൻ: ങേ?

അച്ചുതൻ: (ഉച്ചത്തിൽ) ശരിയാണെന്നു്.

വൃദ്ധൻ: എല്ലാംകൂടി എവിടെയാണെത്ത ആന്നാവൊ?

അച്ചുതൻ: (ആരോടുമല്ലാതെ) ഒരു കറവററ പശുന് വെറു തെയാണു് തിന്നാൻ കൊടുക്കുന്നതു്. (അകത്തേക്കു് പോകുന്നു )

വൃദ്ധൻ: ങേ? (അച്ചുതനെ തിരിഞ്ഞുനോക്കുന്നു; ങേ? (പോകുന്ന കണ്ടു് ചിരിക്കുന്നു.)

[പുരുഷു ഷർട്ടഴിച്ചു നിലയിൽ പ്രവേശിക്കുന്നു. കസാലമേൽനിന്നു് തോത്തെടുക്കാൻമറന്നതാണു്. എടുത്തുപോകാൻ ഭാവിക്കുമ്പോൾ വൃദ്ധൻ കണ്ണിൽ പെടുന്നു. സൂക്ഷിച്ചുനോക്കുന്നു. മസ്തിഷ്ക്കത്തിലേയ്ക്കു് ഒരു ചൂടുള്ള ചിന്ത തുളച്ചുകയറുകയാണു്. വൃദ്ധൻ പുരുഷുവിനേയും നോക്കുന്നു.]

വൃദ്ധൻ: എന്താണു് മോനെ?

പുരുഷു: (അസഹനീയമായ ആ ചിന്ത താങ്ങാനാവാത്തതു പോലെ വിഷമിച്ചിട്ടു് ആക്രോശിക്കുന്നു) മുത്തച്ഛാ നിങ്ങളെന്റെ മുമ്പിൽ നില്ക്കരുതു്; മുത്തച്ഛാ (തിരിഞ്ഞു നടക്കുന്നു. വൃദ്ധൻ പരിഭ്രാന്തനായി നോക്കിനില്ക്കുന്നു )

— യവനിക —

## രംഗം അഞ്ചു്

[രാത്രി. കൂരിരുട്ടാണ്. തിരിതാഴ്ത്തിയ ഒരു വിളക്ക് മേശമേൽ കത്തിനില്ക്കുന്നു. അവ്യക്തമായി ആ മേശയും ഒരു കസാലയും ഒരു കട്ടിലും കാണാം. പുരുഷുവിൻെറ ശയനമുറിയാണ്. കട്ടിലിൽ ആരോ എഴുന്നേററിരിക്കുന്നു. പുരുഷുവാണ്. കഠിനമായ വേദന സഹിക്കുന്നതുപോലെ ആ മുഖം വികൃതമായി വരുന്നു. മേശമേൽ മരുന്നു കുപ്പികളും ഗ്ലാസുകളുമുണ്ടു്. അവൻെറ കണ്ണുകൾ അവിടെ എന്തോ അന്വേഷിക്കുന്നു. കൈകളാൽ മാറത്ത് ഉഴിഞ്ഞുകൊണ്ടിരിക്കുന്നുണ്ടു്. ശക്തിയായ കുര പുറപ്പെടുന്നു. നിയന്ത്രണാധീനമല്ലാതായിത്തീരുകയാണ്.]

പുരുഷു: (കുരകൾക്കിടയിൽ) അയ്യോ, ഭഗ്വാനെ. എനിക്ക് വയ്യ. എൻെറ നെഞ്ഞ്; ഈശ്വരാ.... വെള്ളം വെള്ളം. അയ്യോ എൻെറ തൊണ്ട വരളുന്നെ. വെള്ളം വെള്ളം. അയ്യോ! എല്ലാരും ഉറങ്ങിയൊ! ഈശ്വരാ! (കുരക്കുന്നു)

അകത്തുനിന്നു് അച്യുതൻ. (പരുഷമായി) സുശീലെ, സുശീലെ.

[ഓടിക്കൊണ്ടു് ഒരു സ്ത്രീ പ്രവേശിക്കുന്നു. മുടി അഴിഞ്ഞുലഞ്ഞു് കിടക്കുകയാണ്. അവൾ വിളക്കിൻെറ തിരി നീട്ടി. പ്രകാശം പരന്നു. സുശീലയാണ്. കോളാമ്പി ശരിപ്പെടുത്തിവെച്ചു കൊടുത്തു കൊണ്ടു് അവൾ പുരുഷുവിൻെറ പുറം ഉഴിഞ്ഞുകൊടുക്കാൻ മുന്നോട്ടായുന്നു.]

സുശീല: എന്താണേട്ടാ? (സ്വരം ഉല്ക്കണ്ഠാഭരിതമാണ്)

പുരുഷു: വെള്ളം. വെള്ളം.

[സുശീല മേശമേലുള്ള പാത്രങ്ങളിൽ വെള്ളം തിരയുന്നു. അച്യുതൻ കോപം കൊണ്ടു് ജ്വലി

ക്കുന്ന കണ്ണുകളോടെ വാതില്ക്കൽ വന്നു് നില്ക്കുന്നുണ്ടു്. മുണ്ടും ബനിയനുമാണു് വസ്ത്രങ്ങൾ. സുശീല വെള്ളം കാണാഞ്ഞു് ഒരു ഗ്ലാസുംമെടുത്തു് (ഓട്ടുഗ്ലാസാണു്) അകത്തേക്കോടുകയാണു്. ജ്യേഷ്ഠനു് കുടിക്കാൻ വെള്ളം എന്നതിൽ കവിഞ്ഞു് അവളൊന്നും അറിയുന്നില്ല ]

അച്ചുതൻ: സുശീലേ നില്ക്കവിടെ. (അവൾ നിന്നില്ല) സുശീലേ! (അവൾ അകത്തേക്കോടി. അച്ചുതൻ കലികൊണ്ടു് വിറക്കുന്നു.)

[രാഘവനും മീനാക്ഷിയും ബേജാറോടുകൂടി പ്രവേശിക്കുന്നു.]

രാഘവൻ: എന്താ മോനെ. (പുരുഷുവിനെ ഉഴിഞ്ഞു കൊടുക്കുകയും മററുമായി ശുശ്രൂഷിക്കാൻ വേവലാതിപ്പെടുന്നു.)

പുരുഷു: വെള്ളം.

രാഘവൻ മീനാക്ഷി, കൊറച്ച് വെള്ളം വേഗം...... (മീനാക്ഷിയമ്മ വെള്ളത്തിന്നു് പോകാൻ ഭാവിക്കു മ്പോൾ സുശീല വെള്ളവുമായി വരുന്നു. പെട്ടെന്നു്, കലികൊണ്ടന്ധനായി നില്ക്കുന്ന അച്ചുതൻ ആ ഗ്ലാസ് തട്ടിപ്പറിക്കുകയാണു്. ആ തട്ടിപ്പറി സുശീല പ്രതീക്ഷിച്ചതല്ല.)

സുശീല: ഏട്ടനു് കുടിക്കാൻ, ഏട്ടനു് കുടിക്കാൻ (കരഞ്ഞു കൊണ്ടഭ്യാത്ഥിക്കുന്നു.)

രാഘവൻ: (അലറുന്നു) എടാ, (രൂക്ഷമായി അച്ചുതനെ നോക്കുന്നു.)

സുശീല: ഏട്ടനു് വെള്ളം കൊടുക്കു. (കരയുന്നു.)

[നിമിഷങ്ങൾ ഉല്ക്കണ്ഠ നിറഞ്ഞുനില്ക്കുന്നു. പുരുഷു തൊണ്ടയുഴിഞ്ഞുകൊണ്ടു് വിമ്മിഷ്ടം പ്രകടിപ്പിക്കുന്നു. എന്തോ തോന്നിയിട്ടെന്ന പോലെ അച്ചുതൻ പുരുഷുവിൻെറ അടുത്തേയ്ക്കു നീങ്ങി

ക്കൊണ്ടു വെള്ളം വായിൽഒഴിച്ചുകൊടുക്കുകയാണു്. അപ്പോഴും അവൻെറ മുഖം കോപംകൊണ്ടു് കഠിനമായി നില്ക്കുന്നുണ്ടു്. പുരുഷു കുടിച്ചു. ആരും ഒന്നും പറയുന്നില്ല. അച്ചുതൻ മാറിനിന്നു. സുശീല അടുത്തേയ്ക്കു് നീങ്ങിക്കൊണ്ടു് ഗ്ലാസ്സിന്നു് കൈ നീട്ടി. അച്ചുതൻ കൊടുത്തില്ല. അതു് അവൻെറ കയ്യിൽക്കിടന്നു് ഞെരുങ്ങുന്നു.]

അച്ചുതൻ: (ദൃഢമായി) സുശീല എൻെറ ഭാര്യയാണു്. എന്നെ ശുശ്രൂഷിക്കലാണു് അവളുടെ ജോലി, ജ്യേഷ്ഠനു് വേണ്ടി ഞാനവളെ വിവാഹം ചെയ്തിട്ടില്ല. [പുരുഷു അല്പം ആശ്വാസത്തോടെ ഇരിക്കുന്നു.]

സുശീല: ഞാനീ വീട്ടിലുള്ളപ്പോഠം ഞാനവരെ ശുശ്രൂഷിക്കണ്ടെ.

അച്ചുതൻ: എനിക്കതു് ഇഷ്ടമില്ലാതിരുന്നാൽ .....

സുശീല: നിങ്ങഠംക്കു് ഇഷ്ടമില്ലെങ്കിൽ ...

അച്ചുതൻ: നീയത് ചെയ്യാൻ പാടില്ല.

സുശീല: (ശബ്ദംതാഴ്ത്തി കൂടുതൽ വ്യസനത്തിൽ) അവർ നിങ്ങളുടെ ജ്യേഷ്ഠനല്ലെ?

മീനാക്ഷിയമ്മ: എടീ, നീ ആരോടാണെടി ഈ നാവിളക്കുന്നതു്? നിൻെറ ഭത്താവിനോടോ? നിൻെറ നാവു് അരിഞ്ഞുകളയണം. ഭർത്താവിൻെറ ജ്യേഷ്ഠനാണെന്നു് പറഞ്ഞിട്ടെന്താ, അർദ്ധരാത്രി ആ മുറിയിലേയ്ക്കു് ഒററയ്ക്കു് കയറിച്ചെല്ലോ? ഞങ്ങളാരും അത്രയ്ക്കും ഇവിടെയില്ല?

സുശീല: ഏട്ടൻ കുരച്ചു് കുരച്ചു് വെള്ളത്തിന്നു് വേണ്ടി നിലവിളിക്കുമ്പൊ നിങ്ങളാരും കേട്ടില്ല; ഓടി വന്നതുംല്ല.

അച്ചുതൻ: എടീ നീ നാവടക്കിക്കൊ.

സുശീല: ഞാനൊന്നും പറയുന്നില്ല. (തലതാഴ്ത്തി നിന്നു കരയുന്നു)

മീനാക്ഷിയമ്മ: അല്ല; പറഞ്ഞൊ, തോന്ന്യാസി.....(മകനോടു്) അവളെ നീ കയറഴിച്ചു വിട്ടു. അതുകൊണ്ടാ നിനക്കിതു് പറവുന്നതു്.

അച്ചുതൻ: അവളെ ഞാൻ പഠിപ്പിക്കാം അമ്മെ. അവൾ അവളുടെ വീട്ടിൽപോയി കുറെ താമസിക്കട്ടെ ഒക്കെശ്ശരിയാവും. ഞാനിതൊക്കെ ഇന്ന്‌വരെ വേണ്ടാന്ന്‌വെച്ചതാ

മീനാക്ഷിയമ്മ: അതുതന്നെ. അവളെ ഇനിയൊന്നു് പഠിപ്പിക്കാതെ വയ്യ........

സുശീല: (തലയുയർത്തി അസഹനീയമായിട്ടെന്നവണ്ണം) അതാണെനിക്കു് ഇതിനേക്കാറം ഇഷ്ടം.

[അച്ചുതൻ ഞെട്ടുന്നു. കോപം സഹിക്കാനാവാതെ സുശീലയുടെ നേരെ രൂക്ഷമായി നോക്കുന്നു. അവൻെറ കൈ തരിച്ചു. എന്നാൽ അടിച്ചില്ല. കയ്യിലുണ്ടായിരുന്ന ഗ്ലാസ് ശക്തിയായി നില ത്തെറിയുകയാണു്. എല്ലാവരും ഞെട്ടിത്തെറി ക്കുന്നു. പുരുഷു 'ഹാ!' എന്നു് വേദനയോടെ പറയുന്നു.]

രാഘവൻ: എടാ, ദുഷ്ടാ, നിൻ്റെ നിൻെറയീ തെമ്മാ ടിത്തം. ഇനി ഇവിടെ പാടില്ല. നീയും നിൻെറ അമ്മയും......

പുരുഷു: അച്ഛാ, സുശീലെ......

രാഘവൻ: ഈ കുടുംബം തുലച്ചു.

[സുശീല വ്യസനം സഹിക്കാനാവാതെ പൊട്ടി ക്കരഞ്ഞുകൊണ്ടു് അകത്തേയ്ക്കോടുന്നു.]

അച്ചുതൻ: അച്ഛാ, ഞാൻ നിരപരാധിയാണു്. ഞാൻ എൻെറ ഇഷ്ടത്തിനു് കടന്നുവന്നതല്ല നിങ്ങളുടെ ജീവിതത്തിലേയ്ക്കു്; എൻെറ അമ്മയും. ഞാൻ നിങ്ങളുടെ മകനാണു്. അച്ഛൻെറ കാര്യത്തിൽ എനിക്കു് വ്യസനമുണ്ടു്.

രാഘവൻ: നിൻെറ അമ്മയെ വിവാഹം ചെയ്തതാ ണെൻെറ തെററു്. ഇതാ ഈ ഭയങ്കരിയെ (ചൂണ്ടി ക്കാട്ടുന്നു)

അച്ചുതൻ: അല്ലച്ഛാ, എൻെറ അമ്മ.... നിങ്ങളമ്മയെ ഭയങ്കരിയാക്കിയതാണു്. പുരുഷുവിൻെറ അമ്മ

മരിക്കമ്പൊ അച്ഛന്ന് ജീവിതം പിന്നീം ബാക്കിയുണ്ടായിരുന്നു. അതു ആസ്വദിക്കാതിരിക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ല, കഴിയുകയില്ല. അത് മനുഷ്യന്റെ തകരാറാണ്. പറയു അച്ഛാ, നിങ്ങൾ പുരുഷൂന്റെ രക്ഷയ്ക്ക് വേണ്ടീട്ടാണോ അമ്മയെ വിവാഹം ചെയ്തത്? എല്ലാം ഒന്ന് കണ്ണുതുറന്ന് കാണണം.

മീനാക്ഷിയമ്മ: (ഭർത്താവിനോട്) ഹോ, വലിയ കാര്യം പോലെ പറീണ്. ഞങ്ങൾ കുടുംബം തൊലച്ചോലെ. എന്നെയല്ല ആരെയിങ്ങട്ട് കെട്ടിക്കൊണ്ടന്നാലും ഇങ്ങനെയൊക്കെ ഉണ്ടാവും.

അച്യുതൻ: ഇനി ഇങ്ങനെയൊക്കെ വരുംന്ന് വിചാരിച്ചിട്ട് കല്യാണം കഴിക്കാതിരുന്നാൽ ഇതിലപ്പുറം അനുഭവിക്കാനുണ്ടാവും.

രാഘവൻ: ഞാനനുഭവിച്ചോളാം. നിങ്ങളെന്റെ മുമ്പിൽ നിന്നൊന്ന് പോയിത്തന്നാൽ മതി.

അച്യുതൻ: ഞങ്ങളും നിങ്ങളും ആയതാണച്ഛാ ആകെയുള്ള തെററ്.

രാഘവൻ ഈശ്വരാ! (ചിന്താഭാരത്താൽ തലക്ക കൈ വക്കുന്നു) എല്ലാംകൂടി..........(കസേരയിലിരുന്നു പോകുന്നു.)

[പുരുഷു കട്ടിലിന്മേൽനിന്ന് താഴെയിറങ്ങുന്നു അച്യുതനേയും മീനാക്ഷിയമ്മയേയും മാറിമാറി നോക്കുന്നു ]

പുരുഷു: അച്ഛ....അമ്മെ....നിങ്ങളിങ്ങനെ ദയയില്ലാതാവരുത്. എന്നോട് നിങ്ങൾക്ക് വെറുപ്പാണൊ? ഞാൻ പുറത്ത് എത്രതന്നെ തെമ്മാടിത്തം കാണിച്ചാലും ഈ വീട്ടിലുള്ള ആരേം ഞാൻ വേദനിപ്പിച്ചിട്ടില്ല ആരേം ഞാൻ സ്നേഹിക്കാതിരുന്നിട്ടില്ല. (ഉത്തരം പ്രതീക്ഷിച്ചുകൊണ്ട് എല്ലാവരേയും നോക്കുന്നു. ഉത്തരമുണ്ടായില്ല ശബ്ദം താഴ്ത്തി) ഞാനെന്താണ് അപരാധം ചെയ്തത്? ഈ രോഗം—

ഈ രോഗം നിങ്ങളെ മടുപ്പിച്ചു അല്ലെ? എനിക്കു ജീവിക്കാൻകൂടി അർഹതയില്ലെന്നാണൊ?

അച്ചുതൻ: (വെറുപ്പും പുച്ഛവും കലർന്നു്) അതെ. നിനക്കു് വേണ്ടി ഞങ്ങൾ വളരെയധികം പണം ചെലവാക്കി അതുകൊണ്ടു് നിനക്കും ഞങ്ങൾക്കും യാതൊരു ഫലവു മുണ്ടായില്ല. നിനക്കു് വേണ്ടി ആ പശുനെ വില്ക്കാൻ പറഞ്ഞപ്പൊ അതു് നിൻേറതായതുകൊണ്ടു് നീയതു് സമ്മതിച്ചില്ല നിനക്കു് നിൻേറതു് വലുതാണെ ങ്കിൽ ഞങ്ങൾക്കു് ഞങ്ങളുടേതും വലുതാണു്. നീ നന്ദികേടു് കാണിച്ചു നീ ചെയ്യുന്നതെന്താണെന്നു് നീ മനസ്സിലാക്കിയില്ല. (രാഘവൻ അച്ചുതനെ രൂക്ഷമായി നോക്കുന്നു. എന്താണപ്പോൾ ചെയ്യേണ്ട തെന്നറിയാതെ വിഷമിക്കുന്നു. മീനാക്ഷിയമ്മ രണ്ടു പേരേയും സൂക്ഷിക്കുകയാണു്. പുരുഷു കൺമിഴിച്ചു അച്ചുതനെ ഭയത്തോടെ നോക്കുന്നു. അച്ചുതൻ തുടരുന്നു) നീ ഞങ്ങൾക്കിന്നൊരു ഭാരമാണു്. ആ പശുനെപ്പോലെ നിന്നെക്കൊണ്ടും ഒരു ഉപകാര മില്ല.

രാഘവൻ: (ചാടി എഴുന്നേററു് അലറുന്നു) എടാ...... (കലികൊണ്ടു് വിറക്കുന്നു — മീനാക്ഷിയമ്മ അച്ചു തൻെറ അടുത്തേയ്ക്കു് നീങ്ങുകയാണു്

അച്ചുതൻ: (എല്ലാം അവഗണിച്ചുകൊണ്ടു്, എല്ലാ ശബ്ദങ്ങ ളേയും അതിക്രമിച്ചുകൊണ്ടു്) എന്നാൽ ആ പശു വിനെ വില്ക്കാം. വിററാൽ വില കിട്ടും. ഒരു മനു ഷ്യനെ വില്ക്കാൻ വയ്യ. വിററാൽ വില കിട്ടുകയില്ല. (അകത്തേയ്ക്കു പോകുന്നു.)

[ആ വാക്കു്ശരം പുരുഷുവിന്നു താങ്ങാൻ കഴി ഞ്ഞില്ല. തലചുററി കാലിടറി അവൻ നിലം പതിക്കാൻ പോവുകയാണു്.]

രാഘവൻ: മോനെ....എൻെറ ഈശ്വരാ!...(പുരുഷുവിനെ താങ്ങുന്നു. നൈസർഗ്ഗികമായ പ്രേരണകൊണ്ടാവാം മീനാക്ഷിയമ്മയും താങ്ങാൻ കൈ നീട്ടുന്നു.)

— യവനിക —

## രംഗം ആറ്

[കരുണാകരൻെറ വീട്ട്. എല്ലാം മൂന്നാം രംഗത്തിലേതുപോലെ. ഒരു കസാലയിൽ രാഘവൻ ശോകാത്മകനായി ഇരിക്കുന്നു. ആ കസാലച്ചാരിന്മേൽ അയാളുടെ തോളിലിടുന്ന മുണ്ട് കാണുന്നുണ്ട്. ചിന്തിച്ചുകൊണ്ട് ഭാസ്കരൻ നില്ക്കുകയും നടക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.]

രാഘവൻ; ആ പശുൻെറ കാര്യം ആ വീട്ട് മുഴുവൻ കുട്ടിച്ചോറാക്കിയിരിക്ക്ണ്. കാര്യം നിസ്സാരാ പക്ഷെ പറഞ്ഞു തീക്കാൻ കഴിയുംണ്ട

ഭാസ്കരൻ: പുരുഷുവിൻെറ എല്ലാ കാര്യത്തിലുമുണ്ട് ഈ വാശി. എനിക്കതെ് നന്നായിട്ടറിയുന്നതാ.

രാഘവൻ: ഇങ്ങനത്തെ ദീനക്കാക്കൊക്കെ അത്ു് സാധാരണയാണ്. വല്ലോരീം കുററംപറഞ്ഞിട്ട് കാര്യണ്ടോ? അവനെയിനി വീട്ടിൽകിടത്തി ചികിത്സിക്കാൻ എന്നെക്കൊണ്ടാവില്ല. അത്രക്കായിരിക്ക്ണ് എല്ലാ സ്ഥിതിയും. അതുകൊണ്ട് ആശുപത്രിയില്ലെങ്കിലും ഒന്നു് കിടത്തിക്കിട്ടോന്നാണ്? .....

ഭാസ്കരൻ: സാധിക്കുമെങ്കിൽ ഇപ്പൊ അതാ നല്ലതു്.

രാഘവൻ: അവനവിടെ യാതൊരു സുഖവുമില്ല. പറഞ്ഞിട്ട് ഫലണ്ടോ? അന്നേ ഞാനവനോട്ട് പറയാറുള്ളതാ, ആ ചെനങ്ങിയ കുരയും മററും കണ്ടപ്പൊ, ഏതെങ്കിലും ഒരു ഡോക്ടറെക്കൊണ്ടുപോയി കാണിച്ചുനോക്ക്ന്നു്. അവനത് സാരമാക്കാതെ നടന്നു.

ഭാസ്കരൻ: ഞാനും പറയാഞ്ഞിട്ടല്ല. നമ്മളൊക്കെ ദീനം വന്നു് തലേക്കേറീട്ടെ ചികിത്സിക്കാനൊരുങ്ങൂ.

രാഘവൻ: അതൊന്നും ഇനി പറഞ്ഞിട്ട് ഫലമില്ല. അവനെ എങ്ങനേങ്കിലും ഒന്നിങ്ങട്ട് രക്ഷപ്പെടുത്തണം. അവൻ ജീവിതം എന്താണെന്നറിഞ്ഞിട്ടില്ല. അവൻെറ ഇരുപത്തിരണ്ടാമത്തെ വയസ്സിലാ ഞാനവനൊരു വിവാഹാലോചന നടത്തിയത്. അന്നവനത് സമ്മതിച്ചില്ലംല്ല. എനിക്കതൊക്കെക്കൊണാൻ

ഒരാശയില്ലെ? പിന്നെയാണ് അച്ചുതൻെറ വിവാഹം അങ്ങട്ട് നടത്തിയത്ത്. അതും ആ മീനാക്ഷിയുടെ നിർബ്ബന്ധംകൊണ്ടാ ഏറെ.

ഭാസ്കരൻ: നിങ്ങളിപ്പൊ വളരെയേറെ പണം ചെലവാക്കീലെ? വല്ല ഫലവും ഉണ്ടായൊ?

രാഘവൻ: സുഖക്കേട് അങ്ങിനത്തതല്ലെ ഭാസ്കരാ.

ഭാസ്കരൻ: എന്നാലും ഉണ്ട് കുറെയൊക്കെ. മനസ്സും കുറെ സമാധാനത്തിലാക്കിക്കൊണ്ട് നടക്കണം.

രാഘവൻ: അതിനാ മീനാക്ഷിയും മകനും ഒന്നൊത്തു ങ്ങടണ്ടെ. ആ പശുൻെറ കാര്യം തന്നെ പോരെ.

ഭാസ്കരൻ: അതുകൊണ്ടൊന്നുമല്ല. അവൻ തന്നെ ഒന്നൊ തുങ്ങണം.

രാഘവൻ: നീ പറയുംപോലെയല്ല. അവൻ വളരെ ഒതുങ്ങീട്ടാ.

ഭാസ്കരൻ: അവൻെറ ഉള്ള് കാണാൻ നിങ്ങൾക്ക് കഴി ഞ്ഞിട്ടില്ല അവൻെറ മനസ്സിൽ അടങ്ങാത്ത ഒരാധിയുണ്ട്.

രാഘവൻ: എനിക്കൊന്നും മനസ്സിലായിട്ടില്ല.

ഭാസ്കരൻ: ഒരു പെണ്ണിൻെറ വിചാരവുംകൊണ്ട് നടക്കു കയാണ് അവൻ ഇപ്പോഴും. (രാഘവൻ ചിന്താഗ്ര സ്തനാകുന്നു.) അതൊന്നും പാടില്ലെന്നല്ല പറയുന്നത്. ഇങ്ങനത്തെ സുഖക്കേടൊക്കെ ആവുമ്പൊ...

രാഘവൻ: ഞാനെന്നാൽ അതറിയുകയില്ല

ഭാസ്കരൻ: വാസ്തവത്തിൽ ഞാനെപ്പോഴും അങ്ങോട്ട് വരാത്തത് തന്നെ അതുകൊണ്ട് മാത്രാ. എന്നെക്കണ്ടാൽ അവന് പിന്നെ അതേ പറയാനുണ്ടാവൂ. എത്ര പറ ഞ്ഞാലും അത് മതിയാക്കുകയില്ല.

രാഘവൻ: (ചിന്തിച്ച് ദീർഘനിശ്വാസം ചെയ്ത്) അവനും ഒരു ചെറുപ്പക്കാരനല്ലെ?

ഭാസ്കരൻ: നിങ്ങളിങ്ങനെ ഇതുവരെ സമാധാനിച്ചതു കൊണ്ടാണ് ഈ തെറെറാക്കെ പററിയത്.

രാഘവൻ: ഒന്നും ഇപ്പൊ എൻെറ തലയിലേക്കു് കടക്കു ന്നില്ല. ഞാനെന്താ അവനെക്കൊണ്ടു് ചെയ്യ്'ആ. മദ്രാസിലേക്കോ പെരുന്തുറക്കോ മററൊ അയച്ചാൽ സുഖം കിട്ടും എന്നു് ചിലരൊക്കെ പറയുന്നതു് കേട്ടു. ഒന്നിനും ഇപ്പൊ എന്നെക്കൊണ്ടാവില്ല ഒന്നും രണ്ടും ഉറുപ്പിക പോരല്ലോ?

ഭാസ്കരൻ: എന്തെങ്കിലുമൊക്കെ ചെയ്തുനോക്കാന്നു് എനി ക്കുണ്ടായിരുന്നു.

രാഘവൻ: (പ്രത്യാശയോടെ) നിങ്ങളൊക്കെത്തന്നെയേ ഇനി അവനു് ഒരാശ്വാസമായിട്ടുള്ളു.

ഭാസ്കരൻ: പക്ഷെ എൻെറ കയ്യിൽ കാശില്ലാഞ്ഞിട്ടാ. (മറുപടി അപ്രതീക്ഷിതമായതുകൊണ്ടാവാം, രാഘ വൻ സ്തബ്ധനാകുന്നു, എഴുന്നേല്ക്കുന്നു, ചിന്തിക്കുന്നു.) ഇനിയിപ്പൊ അവൻെറ കാര്യത്തിൽ എന്തെങ്കിലും ചിലവാക്കുന്നതു് തന്നെ....അല്ലെങ്കിൽ ഈ രോഗം ലോകത്തിൻെറ ഒരു വലിയ വിപത്താണെന്നാണു് ഡോക്ടർമാരൊക്കെ ഇപ്പോഴും പറയുന്നതു്. കുറെ യൊക്കെ ഫലം ചെയ്യുമെന്നല്ലാതെ തീരെ ഇല്ലാതാ ക്കാൻ പററിയ മരുന്നൊന്നും ഇപ്പോഴും കണ്ടുപിടിച്ചു കഴിഞ്ഞിട്ടില്ല. (രാഘവനെ നോക്കുന്നു. വ്യസനി ക്കുകയാണെന്നു് ധരിച്ചിട്ടു്) നിങ്ങളിങ്ങനെ മനസ്സു് വേദനിപ്പിച്ചു് ചിന്തിക്കണ്ട. പുരുഷൂൻെറ കാര്യ ത്തിൽ ദൈവമങ്ങിനെ വെച്ചു എന്നു് സമാധാനി ക്കുക. നമ്മളാരെങ്കിലും അങ്ങിനെ വിചാരിച്ചിട്ടി ല്ലല്ലൊ? (രാഘവൻ കസാലച്ചാരിന്മേൽനിന്നു് തൻെറ മുണ്ടെടുത്തു് തോളിലിടുന്നു) ദൈവമാണെ ങ്കിൽ നമുക്കാർക്കും വേണ്ടതുപോലെ പണവും തന്നില്ല.

രാഘവൻ: (വ്യസനവും ദേഷ്യവും അടക്കിക്കൊണ്ടു് തിരിഞ്ഞുനോക്കാതെ) അവനവനു് വന്നൊ

ന്നനുഭവിച്ച് നോക്കണം ഇങ്ങനത്തെ സുഖക്കേടു കളൊക്കെ. (പോകുന്നു.)

[ഭാസ്കരൻ ഞെട്ടിത്തെറിച്ചില്ല. ചിന്തിക്കുകയാണ്. തുറിച്ച കണ്ണുകളോടെ രാഘവൻ പോകുന്നതും നോക്കിനില്ക്കുന്നു. ക്രമത്തിൽ എല്ലാം പുച്ഛമായി തള്ളാനേ ഉള്ളുവെന്ന ഭാവത്തിലേക്ക് നീങ്ങിയെത്തുകയും, പുഞ്ചിരിച്ചുകൊണ്ട് അകത്തേക്ക് പോവുകയും ചെയ്യുന്നു.

അപ്പോഠ കരുണാകരൻ പ്രവേശിക്കുകയാണ്, കോട്ടണിഞ്ഞിട്ടുണ്ട്. കൈത്തണ്ടയിൽ കുടയും കാണാം. ഒന്നും സംഭവിക്കാത്തമട്ടിൽ അകത്തേക്ക് പോവുകയും കുടയും കോട്ടും അകത്ത് തൽസ്ഥാനങ്ങളിൽ സ്ഥാപിച്ചിട്ട് തിരിച്ചുവരികയും ചെയ്യുന്നു ]

കരുണാകരൻ: (വരുമ്പോഠ) ഭാസ്കരാ, ഭാസ്കരാ, (വിളിക്കുന്നു)

[ഭാസ്കരൻ പ്രവേശിക്കുന്നു.]

കരുണാകരൻ: (കസാലയിൽ ഇരുന്നുകൊണ്ട്) ഇവിടുന്നല്ലെ അയാഠ ഇറങ്ങിപ്പോയത്. എന്തേ ഇങ്ങനെ ക്ഷോഭിയ്ക്കാൻ? മുഖം കണ്ടപ്പൊ അങ്ങിനെ തോന്നി.

ഭാസ്കരൻ: (അച്ഛനെതിരായി തിരിഞ്ഞുനിന്ന്) എനിക്കൊന്നുമറിഞ്ഞുകൂടാ.

കരുണാകരൻ: (പുഞ്ചിരിക്കുന്നു) നിനക്കൊന്നുമറിയുകയില്ല ശരി. അപ്പൊ ചുരുക്കത്തിൽ നീ തീർച്ചപ്പെടുത്തിയതെന്താണ്? അതൊന്ന് കേഠക്കട്ടെ

ഭാസ്കരൻ: എനിക്ക് മററൊന്നും തീർച്ചപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

കരുണാകരൻ: വാശി ജീവിതത്തിന്ന് സുഖം തരില്ല ഭാസ്കരാ

ഭാസ്കരൻ: അച്ഛൻ കുറച്ചെങ്കിലും എന്നെ ഒന്ന് മനസ്സിലാക്കുമോ? അവളോടുള്ള സ്നേഹം എൻെറ മനസ്സിൽ

നിന്നു് എനിക്കു് വലിച്ചെറിയുവാൻ കഴിയുന്നില്ല.

കരുണാകരൻ: ഞാൻ പറയാലൊ, മറക്കാനും പൊറു ക്കാനും ശ്രമിച്ചെങ്കിലേ എപ്പോഴും ജീവിക്കാനൊക്കു. എനിക്കു് നിന്നെ മനസ്സിലായിട്ടില്ലെങ്കിലും നിന്നോട്ടു് ഞാനതു പറയും.

ഭാസ്കരൻ: അച്ഛനു് യാതൊരു മാററവുമില്ല?

കരുണാകരൻ: മാററം എനിയ്ക്കല്ല, നിനക്കല്ലേ വേണ്ടതു്? അവളെ നിനക്കു് മറക്കാൻ കഴിഞ്ഞാൽ നിനക്കു് നന്നായി. അല്ലെങ്കിൽ നിൻെറ ജീവിതം പോയി. കാരണം, അവളുടെ ഹൃദയം ഒരിക്കലും നിനക്കു് കിട്ടുകയില്ല. (ഭാസ്കരനെ ഇടങ്കണ്ണിട്ടു നോക്കി, കൈ കൊണ്ടു് മടിയിൽ കയററിവെച്ച കാലി ന്മേൽ താളംപിടിച്ചുകൊണ്ടു് അത്ഥവത്തായി) അല്ലെങ്കിൽ നിനക്കു് ഹൃദയം ഒരു പ്രശ്നവുമല്ല.

ഭാസ്കരൻ: അച്ഛാ!

കരുണാകരൻ: നീ നന്നായിത്തീരുകയാണു് എൻെറ ആവശ്യം. നിനക്കു് വേണ്ടതു്, എനിക്കു് ശരിയാ ണെന്നു് തോന്നുന്നതു് ഞാൻ പറഞ്ഞുതരും.

ഭാസ്കരൻ: അച്ഛൻ എൻെറ ജീവിതംകൊണ്ടാണു് കളി ക്കുന്നതു്.

കരുണാകരൻ: എനിക്കു് രക്ഷിക്കാനുള്ളതും നിൻെറ ജീവിതമാണു്.

ഭാസ്കരൻ: ഇങ്ങനെയാണെങ്കിൽ അച്ഛൻ അതു് തകക്കു കയേ ഉള്ളു.

കരുണാകരൻ: (എഴുന്നേല്ക്കുന്നു; നടക്കുന്നു; ചിന്തിക്കുന്നു) അപ്പോഠ നീ ഉറച്ചുതന്നെ നില്ക്കുന്നു. എന്നാലെ, ഞാനും ചിലതൊക്കെ ഉറച്ചുകഴിഞ്ഞിട്ടുണ്ടു്. നിൻെറ വിവാഹാലോചന ഞാൻ നടത്തിക്കഴിഞ്ഞു. (ഗൌ രവം നടിക്കുന്നു) വളരെ ഏറെ പണക്കാരനായ ഒരാളുടെ മകളാണു്. നല്ല സൌന്ദര്യവുമുണ്ടു്. സ്വഭാ വവും തരക്കേടില്ല.

ഭാസ്കരൻ: (അസ്ഥാളിപ്പോടെ) അച്ഛാ!

കരുണാകരൻ: എന്താ ഞാൻ പറഞ്ഞാൽ നീ അനുസരിക്കില്ലെ? നിന്നെ ശരിക്ക് മനസ്സിലാക്കീട്ടാ ഞാനീ ഏർപ്പാട് ചെയ്തത്. ഇനി എനിക്ക് തെററാൻ വയ്യ.

ഭാസ്കരൻ: എനിക്കത് കഴിയുകയില്ലച്ഛാ. ലീലയെ കൂടാതെ എനിക്കൊരു ജീവിതം വയ്യ

കരുണാകരൻ: എന്തുകൊണ്ട്? നിൻെറ അച്ഛനാണ് പറയുന്നത്.

ഭാസ്കരൻ: എനിക്ക് ഇഷ്ടമില്ലാത്ത സ്ത്രീ എൻെറ ഭാര്യയായിത്തീരുന്നത് എൻെറ ജീവിതത്തിന്നു് സുഖം തരൊ അച്ഛാ?

കരുണാകരൻ: നിൻെറ അച്ഛനെന്ന നിലക്ക് എനിക്കും ചില ഇഷ്ടങ്ങളൊക്കെയുണ്ട്. എൻെറ ചുമതലയെ കുറിച്ചാണ് ഞാൻ പറയുന്നത്.

ഭാസ്കരൻ: എൻെറ വിവാഹക്കാര്യത്തിൽ എൻെറ ഇഷ്ടമാണച്ഛൻ നോക്കേണ്ടതു്. ഇതൊക്കെ ഞാൻ അച്ഛനോട് പറയണമെന്നുണ്ടോ?

കരുണാകരൻ: പറയണമെന്നില്ല. എല്ലാം എനിക്കറിയാം. അത് മനസ്സിലാക്കിയിട്ടുതന്നെയാണ് ഞാൻ പറയുന്നതും. എൻെറ നിശ്ചയത്തിന്നു് യാതൊരു മാററവുമില്ല.

ഭാസ്കരൻ: തീർച്ചയാണൊ അച്ഛാ?

കരുണാകരൻ: തീർച്ച!

ഭാസ്കരൻ: (ദൃഢമായി) എന്നാൽ അച്ഛൻെറ വാക്കുകളെ എനിക്ക് ആദ്യമായി തെററിനടക്കേണ്ടി വരും.

കരുണാകരൻ: എന്ത്?

ഭാസ്കരൻ: എൻെറ വിവാഹക്കാര്യത്തിൽ...എൻെറ ഭാര്യയെ തിരഞ്ഞെടുക്കാനുള്ള അവകാശം എനി

ക്കാണ്. മററാക്കമല്ല. ഞാനതാക്കം കയ്യൊഴിച്ച കൊട്ടക്കുകയില്ല.

[ഒരു ഞെട്ടലോടെ മാത്രമേ കരുണാകരനു് അതു കേറംക്കാൻ കഴിഞ്ഞുള്ളു. എങ്കിലും അതു പ്രകട മാക്കിയില്ല. ചിന്തിക്കുകയാണു്. ചില നിമിഷ ങ്ങരം നിശ്ശബ്ദങ്ങളായി നീണ്ടുന്നു ]

കരുണാകരൻ: (ഉറംക്കനെത്തോടും ഗൌരവത്തോടും പറഞ്ഞു തുടങ്ങുന്നു. ക്രമത്തിൽ അറിയാതെ അല്പം ക്ഷോഭിച്ചു പോവുന്നു) നിനക്കു് നിൻെറ മനസ്സ് മാററാൻ വയ്യ. നിൻെറ ഇഷ്ടത്തിന്നെതിരായി ഒരു സ്ത്രീയെ വിവാഹം ചെയ്താൽ നിനക്കു് ജീവിതസുഖ മുണ്ടാവുകയില്ല. നിൻെറ ഭാര്യയെ തിരഞ്ഞെടു ക്കാനുള്ള അവകാശം നിനക്കാണെങ്കിൽ ലീലക്കു് അവളുടെ ഭത്താവിനെ തിരഞ്ഞെടുക്കാനുള്ള അവകാ ശവുമുണ്ടു്. അതു് നീ വകവെച്ചുകൊടുക്കണം. ലീലക്കു് അവളിഷ്ടപ്പെടാത്ത നിന്നോടുകൂടി എങ്ങി നെയാണു് സുഖമായ ഒരു ജീവിതമുണ്ടാവുക? പുരുഷു വിനോടു് നീ ചോദിച്ച അതേ ചോദ്യം ഞാൻ നിന്നോടു് ചോദിക്കുന്നു. അവറംക്കൊരു സുഖമായ ദാമ്പത്യജീവിതം നല്കാൻ നിനക്കു സാദ്ധ്യമാണൊ? നിനക്കതിന്നുള്ള അർഹതയില്ല. അവളുടെ ഹൃദയവു മായി ബന്ധപ്പെടാൻ നിനക്കു് കഴിഞ്ഞിട്ടില്ല.

ഭാസ്കരൻ: (ഒരടിയേററപോലെ) അച്ഛാ!

കരുണാകരൻ: നീ പറഞ്ഞേടത്തുള്ള ഒരു വാസ്തവം ഞാനും സമ്മതിക്കുന്നു. അവളുടെ മാതാപിതാക്കറം ഒരി ക്കലും നിൻെറ രോഗിയായ ചങ്ങാതിക്കു് അവളെ വിവാഹംചെയ്തു കൊടുക്കുകയില്ല; അതുറപ്പാണു്

അവരും നിടന്റെ പക്ഷക്കാരാണു്. പുരുഷുവിന്നു് അതിന്നുള്ള അർഹതയില്ലാന്നു് അവരും പറയും. നിന്നെ ചീത്തപറഞ്ഞിട്ടും അടിച്ചിട്ടും ഞാനിതുവരെ പഠിപ്പിച്ചിട്ടില്ല. ഇപ്പോഴും എനിക്കങ്ങിനെ വേണ്ടി വരുംന്നു് തോന്നുണില്ല. (ഉപദേശരൂപം കൈക്കൊള്ളുന്നു) ആരോഗ്യത്തേയും സൌന്ദര്യത്തേയും വകവെക്കേണ്ടാന്നൊക്കെ ഞാൻ പറയുമ്പൊ തുങ്ങിച്ചത്തുടെ എന്നൊന്നും നീ ആലോചിച്ചുപോകരുതു്. മനുഷ്യനെ കാണാൻ അവന്റെ ശരീരത്തിലേയ്ക്കല്ല, മനസ്സിലേക്കാണു് നോക്കേണ്ടതു്. അക്കാര്യം എനിക്കു് നിന്നെ പഠിപ്പിക്കാതെ വയ്യ ഭാസ്കരാ, (വിളിക്കുന്നു. അവനെ നോക്കുന്നു. ഭാവം പകർന്നതു് കണ്ടിട്ടു്) ഭാസ്കരാ. (അവൻ കണ്ണീരൊഴുക്കുന്നതു് കണ്ടിട്ടു്) ഭാസ്കരാ, നീ കരയുകയാണൊ?

[ഭാസ്കരന്റെ ആദർശങ്ങളും ആഗ്രഹങ്ങളും തകർന്നടിയുന്നു. അവൻ തോൽവി സമ്മതിക്കുന്നതുപോലെ തലതാഴ്ത്തിനില്ക്കാൻ ശ്രമിക്കുകയാണു്. അച്ഛന്റെ മുഖത്തു് നോക്കാൻ അവൻ വിഷമിക്കുന്നു. അച്ഛൻ അവന്റെ ഭാവഭേദത്തിൽനിന്നു് അവന്റെ പരാജയം മനസ്സിലാക്കുന്നു. അയാളുടെ ചുണ്ടുകളിൽ അപ്പോഠം പരിഹാസം കലർന്ന ഒരു പുഞ്ചിരി വിടർന്നുവരികയാണു്. ആ ചിരി ഭാസ്കരന്റെ വിഷമാവസ്ഥയെ വർദ്ധിപ്പിക്കുന്നു. അങ്ങിനെ അധികനേരം നില്ക്കാൻ അവന്നു് കഴിഞ്ഞില്ല അച്ഛന്റെ ചിരിയുടെ മുമ്പിൽ അവന്നു് പൊറുതിമുട്ടി. അച്ഛൻ അപ്പോഴും ചിരിക്കുകയാണു്. വ്യസനത്തിൽനിന്നു് വിമുക്തനാവാൻ കഴിഞ്ഞില്ലെങ്കിലും അവനും ചിരിച്ചുപോയി. അപ്പോഠം ലജ്ജയുംകൂടി അവനെ വിഷമിപ്പിക്കുന്നു.]

കരുണാകരൻ: (ചിരിച്ചുകൊണ്ടു് തന്നെ ഭാസ്കരനെ സമീപിക്കുകയും അവൻെറ തോളിൽ കൈ വെയ്ക്കുകയും ചെയ്തിട്ടു്) നിന്നെ ഞാൻ വളരെയധികം വേദനിപ്പിച്ചു അല്ലെ? ഒരച്ഛനു് മകനോടു് ഇത്രയെങ്കിലും പറഞ്ഞുകൂടെ? നിൻെറ അമ്മയുടെ വാക്കാണു് നിന്നെ വേദനിപ്പിക്കരുതെന്നു്. ഞാനതു് ഇന്നു് വരെ പാലിക്കാൻ നോക്കി. പക്ഷെ......(പുത്രവത്സലനായ ആ പിതാവു് പറയാൻ വിഷമിക്കുന്നു. ആ ദുർബ്ബലതയിൽനിന്നു് രക്ഷപ്പെടാൻ ശ്രമിച്ചുകൊണ്ടു്) ങാ. നീ പുരുഷുവിനോടു് മാപ്പുചോദിക്കാൻ മാത്രം തെററു് ചെയ്തുകഴിഞ്ഞിട്ടുണ്ടു്. (കൈകൊണ്ടു ഒരു ഭാഗത്തേക്കു് ചൂണ്ടിക്കാട്ടി) പോയി മാപ്പു് ചോദിക്കു്. നിൻെറ മനസ്സമാധാനം അവൻെറ കൈകളിലാണു്.

— യവനിക —

## രംഗം ഏഴ്

[രാഘവൻെറ വീട്. രംഗത്ത് ഒരു മേശയും കസാലയും. മേശപ്പുറത്തുള്ള പെട്ടിയിൽ വസ്ത്രങ്ങ ളടുക്കി പൂട്ടാൻ ഭാവിക്കുന്ന സുശീല വ്യാകുലയാ യിരിക്കുകയാണ്. വൃദ്ധൻ പ്രവേശിക്കുന്നു. അവ ളുടെ മുഖത്ത് സംശയദൃഷ്ടികളോടെ നോക്കുന്നു.]

സുശീല: (വ്യസനാധിക്യംകൊണ്ട് കരഞ്ഞിട്ട്)മുത്തച്ഛാ. ഞാൻ പോക്ആണ് മുത്തച്ഛാ. ഞാൻ പോക് ആണ്.

വൃദ്ധൻ: ങേ?........

സുശീല: ഞാൻ എല്ലാവരേയും സ്നേഹിച്ചതാണ് മുത്തച്ഛാ എൻെറ കുററം.

വൃദ്ധൻ: (തലയാട്ടിക്കൊണ്ട്)ആരോടാ പറയ്യാമോളെ?

[അച്ചുതനും മീനാക്ഷിയമ്മയും പ്രവേശിക്കുന്നു ]

മീനാക്ഷിയമ്മ: (അച്ചുതനോട്) നീയവിടെ താമസിക്കാ നൊന്നും നില്ക്കണ്ട. ഇന്നുതന്നെ ഇങ്ങോട്ട് മടങ്ങിക്കൊ.

അച്ചുതൻ: എനിക്കെന്താ അവിടെ ജോലി? ഞാനിന്ന് തന്നെ മടങ്ങും.

വൃദ്ധൻ: എന്തിനാ അച്ചുതാ നീയിപ്പൊ അവളെ കൊണ്ടാ ക്കുന്നതു ?

അച്ചുതൻ: മുത്തച്ഛനതു് ഇപ്പൊ അന്വേഷിക്കണ്ട. വേണ്ടി വന്നാൽ അങ്ങിനെയൊക്കെ ചെയ്യുക തന്നെ.

വൃദ്ധൻ: ങേ?

അച്ചുതൻ: (അല്പം ഉച്ചത്തിൽ) നിങ്ങളതു് അന്വേഷി ക്കണ്ടാന്ന്.

[വൃദ്ധൻ വേദനയോടെ പുഞ്ചിരിക്കുന്നു ദയനീയമായി സുശീലയെ നോക്കുന്നു അവരം അമ്മയേയും ഭർത്താവിനേയും അപേക്ഷാഭാവത്തിൽ നോക്കിനില്ക്കുകയാണ് ]

അച്ച്യുതൻ: ഉം. നടക്കു്. എന്താ നോക്കിനില്ക്കുന്നതു്?

വൃദ്ധൻ: അച്യുതാ!

സുശീല: (പുരുഷുവിൻെറ മുറിയുടെ വാതില്ക്കലേക്കു നോക്കി) എനിക്കു് ഏട്ടനെ ഒന്നു്.. ...

മീനാക്ഷിയമ്മ: വേണ്ട, ഏട്ടനെ കാണണ്ട ഇത്ര ദിവസം വേണ്ടതുപോലെ കണ്ടില്ലെ?

അച്ച്യുതൻ: ഏട്ടനെ കാണ്ണ്ടു്. ഇനിയും എന്നെക്കൊണ്ടു് ദേഷ്യം പിടിപ്പിക്കണ്ട.

[വൃദ്ധൻ അകത്തേക്കു പോകുന്നു ]

സുശീല: അച്ഛനോട്ടു് യാത്ര പറയാതെ ഞാൻ........

അച്ച്യുതൻ: അച്ഛൻ പുറത്തുപോയതാ. കാത്തു്നിന്നാൽ ബസ്സു് തെററും. നിന്നെക്കാത്തുകൊണ്ടു് ബസ്സവിടെ നില്ക്കുകയില്ല. ഇതിനു് പോകാഞ്ഞാൽ എനിക്കു് ഇന്നു് മടങ്ങാനും ഒക്കുല. നടക്കു്. (മേശക്കരികിലേക്കു ചെന്നു് പെട്ടി എടുത്തു നടക്കുന്നു. സുശീല ഒരടി മുന്നോട്ടുവെച്ചു തിരിഞ്ഞുനിന്നു് മീനാക്ഷിയമ്മയെ നോക്കുന്നു.)

സുശീല: അമ്മെ.... !

മീനാക്ഷിയമ്മ: എന്നോടൊന്നും പറയണ്ട. ഒക്കെ നീ വരുത്തിവെച്ചതാ അതു് നീതന്നെ അനുഭവിച്ചോ.

സുശീല: അങ്ങിനെ പറയരുതെ അമ്മെ.

മീനാക്ഷിയമ്മ പിന്നെ ഞാനെന്താ പറയേണ്ടതു്. അന്നു് രാത്രി ഈ ബഹളമൊക്കെ നടന്നിട്ടു് നീയതു് കുറച്ചെങ്കിലും വിലവെച്ചോ. ഒന്നുംല്ലെങ്കിലും എൻെറ മകൻ നിൻെറ ഭർത്താവല്ലെ? ഇന്നലെ രാത്രി

.....എന്നെക്കൊണ്ടു് പറയിക്കണ്ട. നാട്ടുകാരുടെ കാതില് എന്തൊക്കെയാണു് എത്തിയതെന്നു് നീ അറിയൊ? എന്നോടൊന്നും പറയണ്ട.

അച്ചുതൻ: (പുറത്തു്നിന്നു്) അമ്മെ (പ്രവേശിക്കുന്നു.) (സുശീലയോടു്) എന്താ ഇങ്ങോട്ടു വരാത്തതു്? പറഞ്ഞതും കേട്ടതും ഒന്നും പോരേ? നടക്കാനാ പറഞ്ഞതു് ഞാൻ.

സുശീല: അമ്മേ, നിങ്ങൾക്കൊന്നും എന്നെ മനസ്സിലാക്കാൻ കഴിഞ്ഞീലല്ലൊ!

അച്ചുതൻ: സുശീലെ നീ വെറുതെ .....എന്നെക്കൊണ്ടു് വേണ്ടാത്തതു് ചെയ്യിക്കണ്ട. നടക്കു്..... (സുശീല ഒരിക്കൽ കൂടി പുരുഷുവിൻെറ വാതില്ക്കലേക്കു നോക്കി അച്ചുതൻെറ പിന്നാലെ നടക്കുന്നു. കണ്ണീർ സാരിത്തുമ്പുകൊണ്ടു് തുടയ്ക്കുന്നുണ്ടു്. മറയുന്നു. മീനാക്ഷിയമ്മ അകത്തേയ്ക്കും. പുരുഷുവും വൃദ്ധനും അപ്പോൾ പ്രവേശിക്കുകയും പുറത്തേയ്ക്കു് നോക്കി നില്ക്കുകയും ചെയ്യുന്നു )

വൃദ്ധൻ: അവളും പോയി അല്ലെ മോനെ. പോട്ടെ, പോട്ടെ.

[രാഘവൻ കോപഭരിതനായി പ്രവേശിക്കുന്നു ]

രാഘവൻ: സുശീലെ നീ അകത്തു പോ. (ആജ്ഞയാണു്. സുശീല പ്രവേശിച്ചു് ഉല്ക്കണ്ഠാകുലയായി ഒരു ഭാഗത്തു് ചെന്നുനില്ക്കുന്നു. കരയുന്നു. അച്ചുതനും പ്രവേശിക്കുന്നു )

അച്ചുതൻ: അച്ഛാ, ഞാനെൻെറ ഭാര്യയേയാണു് കൊണ്ടു പോകുന്നതു്.

[മീനാക്ഷിയമ്മ പ്രവേശിക്കുന്നു ]

രാഘവൻ: നെൻെറ ഭാര്യ? എങ്ങിനെയാണു് അവളു് നെൻെറ ഭാര്യയായതെന്നു് എനിക്കറിയാം.

മീനാക്ഷിയമ്മ: നിങ്ങൾക്കെന്താ ഭ്രാന്താ? എന്താത്. എന്തു മാനക്കേടാണ്. പുറമെയൊരാളിത് കാണണ്ട.

രാഘവൻ: എൻെറ സമ്മതം കൂടാതെ സുശീലയെ ഈ വീട്ടിൻെറ പടിയിറക്കാൻ ഞാൻ സമ്മതിക്കുകയില്ല. നിങ്ങളെന്നെ എന്താ മനസ്സിലാക്കിയത്?

അച്ചുതൻ: (ദേഷ്യം വർദ്ധിച്ചിട്ട്) അച്ഛാ, നിങ്ങളുടെ ബുദ്ധിക്ക്......(ആ വാചകത്തിന്ന് കടപ്പംകൂട മെന്നു് കരുതി നിയന്ത്രിക്കുന്നു) ഞാൻ സുശീലയെ കൊണ്ടുപോകും. അതിന് സംശയമില്ല. (സുശീല യുടെ നേരെ തിരിഞ്ഞു്) നടക്ക്, നിൻെറ ഭർത്താ വാണ് നിന്നോട് പറയുന്നത്. നിന്നോട് കല്പിക്കാനുള്ള അധികാരം എനിക്കേയുള്ളൂ.

രാഘവൻ: എന്താടാ അധികാരം? അധികാരംകൊണ്ട് തോന്ന്യാസം കളിക്കാൻ പാടില്ല. ഞാനത് സമ്മതിക്കുകയില്ല.

[വൃദ്ധനും പുരുഷുവും അമ്പരന്നു് നില്ക്കുകയാണ്]

വൃദ്ധൻ: (ഉച്ചത്തിൽ ഒരു താക്കീതിൻെറ സ്വരത്തിൽ) രാഘവാ!

മീനാക്ഷിയമ്മ: ഇക്കാലത്തെ മക്കളൊാണ്. സൂക്ഷിച്ച കളിച്ചോളി. പിന്നെ പറഞ്ഞിട്ട് കാര്യണ്ടാവൂല.

അച്ചുതൻ: സുശീലെ, നിന്നോട് എൻെറ കൂടെ വരാ നാണ് ഞാൻ പറഞ്ഞത്.

രാഘവൻ: അച്ചുതാ.

പുരുഷു: (ആ പൊട്ടിത്തെറി തണുപ്പിക്കാനെന്നവണ്ണം ശാന്തമായി) സുശീലെ, നീ അച്ചുതൻെറ കൂടെ .....

രാഘവൻ: (ഇടയ്ക്കുകയറി) നീയിതിൽ കയ്യിടാൻ നില്ക്കണ്ട. നിൻെറ സ്ഥാനത്ത് പോയി കിടന്നോ.

പുരുഷു: അച്ഛാ, അവൾ അച്ചുതൻെറ ഭാര്യ.......

രാഘവൻ: (കുറച്ചുകൂടി ഉച്ചത്തിൽ) നിന്നോടിതിൽ കയ്യി ടണ്ടാന്നാ ഞാൻ പറഞ്ഞത്. (പല്ലുകടിച്ചുകൊണ്ട്

പിറുപിറുക്കുന്നു) ഉള്ള സമാധാനം മുഴവൻ പോയി. എന്താണിവരെന്നെക്കൊണ്ടു് ചെയ്യാന്നു് എനിക്കറിഞ്ഞുകൂട.

[രാഘവൻ ദ്വേഷ്യത്തിൻേറയും പൊറുതികേടിൻേറയും കൊട്ടുമുടിയിലേക്കു് കയറുകയാണു്. ചെറിയൊരു നിശ്ശബ്ദതയുണ്ടാവുന്നു. ഒന്നും പരിഹരിക്കപ്പെടുകയല്ല; പരക്കുകയാണു്. പുരുഷു എല്ലാവരേയും നോക്കിക്കൊണ്ടു് വീണ്ടും സുശീലയുടെ നേരെ തിരിയുന്നു.]

പുരുഷു: സുശീലെ, നീ അച്ച്യുതൻെറ കൂടെപ്പോകൂ. അതാണു് നിൻെറ ചുമതല. നീ അവനെ അനുസരിക്കണം.

[രാഘവൻ ഒരു നിസ്സഹായാവസ്ഥയിലാവുകയാണു്. എല്ലാം നശിക്കുന്നു എന്നയാരംക്കു് തോന്നി പല്ലുകളിറുമ്മിക്കടിച്ചുകൊണ്ടു് അയാരം അലറുന്നു.]

രാഘവൻ: എല്ലാം തൊലച്ചു. ഇനിയൊന്നും ബാക്കിയില്ല........

[അച്ച്യുതൻ ഞെട്ടിത്തെറിച്ചു. മീനാക്ഷിയമ്മയും തുലച്ചതവരാണോ? അവർ രാഘവൻെറ മുഖത്തേയ്ക്കു് നോക്കി. തുറിച്ച കണ്ണുകളോടെ പുരുഷുവും നോക്കുന്നു. അവനാണോ?]

പുരുഷു: (പരിഭ്രാന്തനായി) ആരച്ഛാ, ഞാനോ?

[കടുത്ത ദ്വേഷ്യത്തിലാമഗ്നനായിരുന്ന കാരണം പുരുഷു അന്വേഷിച്ചതെന്താണെന്നു് വ്യക്തമായി മനസ്സിലാക്കാൻ രാഘവന്നു് കഴിഞ്ഞില്ല. അപകടകരമായ എന്തോ ആണെന്നു് തോന്നിയിട്ടു് അവനെ തുറിച്ചുനോക്കുകയാണു്. എന്തോ പറയുവാൻ ഭാവിക്കുകയാണു്.]

പുരുഷു: (ഹൃദയം തകൻകൊണ്ടു്) അച്ഛാ! (പിന്നീടവന്നു് അവിടെ നില്ക്കാൻ കഴിഞ്ഞില്ല. അവൻ അകത്തേക്കു് പോകുന്നു.)

— യവനിക —

## രംഗം എട്ട്

[പുരുഷുവിൻെറ ശയനമുറി. നാലാംരംഗത്തിലെ സജ്ജീകരണങ്ങഠം. പുരുഷു കസാലയിലിരുന്നു് മേശമേൽവെച്ച് കത്തെഴുതുകയാണു്. മുഖം ഭീകരത തോന്നിക്കുമാറ് മാററം ഉഠംക്കൊണ്ടിരിക്കുന്നു. എഴുതുമ്പോഠം ആ വരികഠം അശരീരിയായി അന്തരീക്ഷത്തിലുയരുന്നു.]

'എൻെറ ലീലെ,
എൻെറ ജീവിതം ഇതാ തകരുകയാണു്. എനിക്കിനി മടക്കിക്കിട്ടുന്ന ഒരു ജീവിതമില്ല. മരണം പതിയിരിക്കുന്ന ഒരു ചുററുപാടിൽ ഞാൻ എരിഞ്ഞെരിഞ്ഞ് നീറുകയാണു്. നീയെന്നെ കാത്തിരിക്കുകയാണോ? നീ എനിക്കായി തന്നു കഴിഞ്ഞ നിൻെറ ഹൃദയം ഞാൻ മടക്കി അയക്കട്ടെ. നീ എന്നെ മറക്കാൻ ശ്രമിക്കു. മരിച്ചുകൊണ്ടിരിക്കുന്ന എൻെറ ഒരവസാന അഭ്യർത്ഥനയുണ്ടു്. ഞാനിതാ എൻെറ ജീവൻെറ ജീവനായ........''

[അസഹനീയമായ ചിന്ത മസ്തിഷ്ക്കത്തിൽ കൊടുങ്കാററു സൃഷ്ടിച്ചതുകൊണ്ടു് പുരുഷുവിന്നു് തുടന്നെഴുതാൻ കഴിഞ്ഞില്ല. അവൻ അവൻെറ തല പൊത്തിപ്പിടിച്ചു. അവന്നു് ഇരിക്കപ്പൊറുതി ഇല്ലാതാവുകയാണു്. എഴുന്നേൽക്കുന്നു. നാലുപാടും നോക്കുന്നു. വൃദ്ധൻ പ്രവേശിക്കുന്നു.]

പുരുഷു: (അലക്ഷ്യമായി സൂക്ഷിച്ചുനോക്കിയിട്ടു്) എനിക്ക്....എനിക്ക് മരിക്കാൻ....(വൃദ്ധൻ പുരുഷുവിൻെറ മുഖത്തു് ഉല്ക്കണ്ഠയോടെ നോക്കുന്നു.) എനിക്ക് മരിക്കണം മുത്തച്ഛാ. എനിക്കിനി ഒരു നിമിഷം ജീവിക്കാൻ വയ്യ. എല്ലാബന്ധങ്ങളും അററു. എല്ലാം തകന്നു.

വൃദ്ധൻ: ങേ........?

[പുരുഷു എവിടെയോ ശ്രദ്ധമായി നോക്കുന്നു. ചിന്തിക്കുന്നു. കുരക്കുന്നു. ഒരു കൈകൊണ്ടു് വക്ഷസ്സു് അമർത്തിപ്പിടിച്ചിട്ടുണ്ടു്.]

വൃദ്ധൻ: എന്താ മോനേ നിനക്കു്?

[പുരുഷു വൃദ്ധനെ തുറിച്ചു നോക്കുന്നു.]

പുരുഷു: മുത്തച്ഛാ, നിങ്ങൾ വൃദ്ധനാണു്. വയസ്സായി. വളരെ വളരെ വയസ്സായി. ഇപ്പൊ നിങ്ങൾക്കു് നടക്കാൻ വയ്യ. കേൾക്കാൻ വയ്യ. കാണാൻ വയ്യ. എന്നിട്ടും നിങ്ങൾ ജീവിക്കുന്നു. എന്താണു് മരിക്കാത്തതു്? അർഹതയുള്ളവർ ജീവിക്കട്ടെ മുത്തച്ഛാ ........അല്ലാ, നിങ്ങൾ നിങ്ങളുടെ മകനെ പോററി വളർത്തിയിട്ടുണ്ടു്. സമ്പാദിച്ചു കൊടുത്തിട്ടുണ്ടു്. നിങ്ങൾക്കതു് അവകാശമാണു്....അല്ലാ, അതു് ചെലവാക്കാൻവേണ്ടി മുത്തച്ഛൻ ജീവിക്കരുതു്. അർഹതയുള്ളവക്കേ ഇവിടെ ജീവിക്കാൻ പാടുള്ളൂ. (കണ്ണു ചിമ്മി തലയുയർത്തി നില്ക്കുന്നു. അപ്പോഴും ഒരു കൈ വക്ഷസ്സിലാണു്. വൃദ്ധൻ വിഭ്രാന്തനായി നില്ക്കുന്നു.)

വൃദ്ധൻ: എന്താണു് മോനെ നെനക്കു്? ങേ?

പുരുഷു: (പതുക്കെ) നിങ്ങളും ഞാനും ഒരുപോലെയാണു് മുത്തച്ഛാ. അച്ഛ പറഞ്ഞതുപോലെ നമ്മളെ വില്ക്കാനും കൊള്ളൂല. ആ പശൂനെ കൊല്ലാൻ കൊടുക്കണ്ടാന്നു് ഞാൻ പറഞ്ഞതു് തെററായിപ്പോയി മുത്തച്ഛാ. അവരതിനെ കൊന്നോട്ടെ. കൊന്നിട്ടു്.....കൊന്നിട്ടു് ....പക്ഷെ നമ്മളു്....നമ്മെക്കൊല്ലാൻ ആരാണു്?........

വൃദ്ധൻ: മോനെ, നീ........നീ........എന്താണു്?

(പുരുഷു മുത്തച്ഛൻെറ മുഖത്ത് ദൃഷ്ടിയുറപ്പിക്കുന്നു. അവൻെറ കണ്ണുകളിലൂടെ ഭൂതകാലചിത്രങ്ങരം തീപ്പൊരി പറപ്പിച്ചുകൊണ്ടോടുകയാണ്. കണ്ണു കരം രൂക്ഷങ്ങളായി മാറുന്നു.]

പുരുഷു: അന്ന് ഭാസ്കരൻ പറഞ്ഞില്ലേ മുത്തച്ഛാ. അതി നിനി നിങ്ങരംക്ക് സാധിക്കുകയില്ല. ആശിക്കാൻ അർഹത ആവശ്യമാണ്. ജീവിക്കാൻ അർഹത ആവശ്യമാണ്.

[നിശ്ശബ്ദനാകുന്നു. വേദനാപൂർണ്ണമായി പുഞ്ചിരി ക്കുന്നു. ചിരിക്കുന്നു. പൊട്ടിച്ചിരിക്കുകയാണ്. ബുദ്ധിഭ്രംശം നേരിടുന്നതുപോലെ വൃദ്ധൻ പരവശ നായി നാലുപാടും നോക്കുന്നു. വാതില്ക്കലോളം ചെല്ലുന്നു.]

വൃദ്ധൻ: (വിളിക്കുകയാണ്) രാഘവാ, മീനാക്ഷി!........ (ആരേയും കാണാത്തതിൽ വേവലാതി കാണിക്കുന്നു) ആരേയും കാണുന്നില്ലല്ലൊ ഈശ്വരാ!

[പുരുഷുവിൻെറ ചിരി ഉച്ചത്തിലുയരുകയാണ്. ആ ചിരി വൃദ്ധനെ വിഭ്രാന്തനാക്കുന്നു. അയാരം വിറക്കുന്നു.]

വൃദ്ധൻ: നീ അവിടെപ്പോയി കിടക്ക് മോനെ. [ചൂണ്ടി ക്കാട്ടുന്നു] അവിടെ കിടക്ക്.

[പുരുഷു വൃദ്ധൻെറ കണ്ണുകളിലേക്ക് സൂക്ഷിച്ചു നോക്കുകയാണ്. അവൻെറ ചുണ്ടുകരം വിറക്കുന്നു. മുഖം ഭീകരമാകുന്നു. പല്ലുകരം കടിച്ചുപിടിച്ചിട്ടുണ്ട് വൃദ്ധൻെറ ദൃഷ്ടികരംക്ക് പുരുഷുവിൻെറ മുഖത്തു നിന്ന് മാറാൻ കഴിയുന്നില്ല. അയാരം കിടുകിടെ വിറക്കുന്നു. പുരുഷു മുന്നോട്ടു നീങ്ങുകയാണ്. അവൻെറ വായിൽനിന്ന് ഞെങ്ങിയരഞ്ഞുകൊണ്ട് വാക്കുകരം അക്ഷരങ്ങളായി പുറത്തുവരുന്നുണ്ട്.]

പുരുഷു: കറവററ പശുക്കറം........കറവററ പശുക്കളെ വിൽക്കണം........അല്ലെങ്കിൽ........കൊല്ലണം. ങാ. നിങ്ങറം........

വൃദ്ധൻ: മോനെ, നിനക്കെന്താണ്? നീയെന്നെ........

പുരുഷു: നിങ്ങറം........നിങ്ങറം........നിങ്ങറം........

[പുരുഷുവിൻെറ കൈകറം വൃദ്ധൻെറ കഴുത്തിലേയ്ക്കു് ഉയരുന്നു. വൃദ്ധൻെറ കയ്യിൽനിന്നു് വടി വീണു പോകുന്നു. പുരുഷുവിൻെറ വായിൽനിന്നു് വാക്കു കറംക്കു പുറത്തുവരാൻ കഴിയാതാവുകയാണ്. ബോധാവസ്ഥ അവനെ വിട്ടുപിരിയുന്നു. അവൻെറ കൈകറം വൃദ്ധൻെറ കണ്ഠത്തിൽ അമരുകയാണ്. ഭീകരങ്ങളായ നിമിഷങ്ങറം. അച്ച്യുതനും മീനാക്ഷിയമ്മയും സുശീലയും പ്രവേശിക്കുന്നു. എന്താണിതെന്നും, എന്താണ് ചെയ്യേണ്ടതെന്നും അറിയാൻ കഴിയാതെ അവർ ആദ്യം അമ്പരക്കുന്നു പെട്ടെന്നു് അച്ച്യുതൻ മുന്നോട്ടാഞ്ഞു് വീഴുകയാണ്; ഒപ്പം മീനാക്ഷിയമ്മയും സുശീലയും. അച്ച്യുതൻ ബലത്തോടെ പുരുഷുവിൻെറ കൈകറം വേർപെടുത്തുന്നു. വൃദ്ധൻ വിലപിക്കുകയാണ്. ശ്വാസം മുട്ടുന്നതുകൊണ്ടെന്നപോലെ വിഷമിക്കുന്നു. മീനാക്ഷിയമ്മ വൃദ്ധനെ താങ്ങി സുശീലയുടെ സഹായത്തോടെ കട്ടിലിൽ കിടത്തുന്നു. പുരുഷു കണ്ണു മടച്ച് നില്ക്കുകയാണ്. രാഘവൻ 'എന്താത്'? എന്നന്വേഷിച്ചുകൊണ്ടു് പ്രവേശിക്കുന്നു. പുരുഷുവിനെ താങ്ങുന്നു. പുരുഷു പലതും സഹിക്കുകയാണ്. സുശീല കരയുന്നു.]

രാഘവൻ: എന്താണ് മോനെ? ങെ? (മററുള്ളവരെ ഉദ്ദേശിച്ച്) എല്ലാവരും കൂടി നെന്നെ കൊല്ലും. നീയിവിടെ കിടക്കു്.

പുരുഷു: എന്നെ സ്നേഹിക്കാനിനി ആരുമില്ല. സ്നേഹിക്കാനാരുമില്ലെങ്കിൽ ഈ ലോകത്തു് ജീവിക്കാൻ കഴിയുകയില്ലച്ഛാ. ഞാനിപ്പോഗം ഒററക്കാണു്. എനിക്കെന്തൊക്കെയോ തോന്നുന്നു. എനിക്കെൻെറ മനസ്സു് താങ്ങാൻ വയ്യാതാവുകയാണു് (കുരക്കുന്നു) മനസ്സിൻെറ വേദനയാണച്ഛാ വലിയ വേദന. ആ വേദന സഹിക്കാൻ കഴിയുന്നില്ല. അതു് മാററാൻ നിങ്ങളെനിക്കു മരുന്നു് തരൂ. (കൺതുറന്നു് അച്ചുതനെ നോക്കുന്നു. അച്ഛൻെറ പിടുത്തത്തിൽ നിന്നു് വിടുതി നേടി അവൻെറ കൈകഗം ചെന്നുപിടിക്കുന്നു.) എനിക്കു് മരുന്നു് തരൂ അച്ചു. (മീനാക്ഷിയമ്മയെ നോക്കുന്നു.) എനിക്കു് മരുന്നു് തരൂ അമ്മെ. (വീണ്ടും അച്ചുതൻെറ നേരെ തിരിഞ്ഞു്) എനിക്കു് മരുന്നു് തരൂ. (അച്ചുതൻെറ കണ്ണുകളിലേയ്ക്കു് സൂക്ഷിച്ചുനോക്കിക്കൊണ്ടു് ഭയത്തോടെ) ആ കണ്ണുകഗംകൊണ്ടെന്നെ നോക്കരുതെ, ആ കണ്ണുകഗംകൊണ്ടെന്നെ നോക്കരുതെ. (അച്ചുതനെ വിട്ടകലുന്നു, അച്ഛൻ വീണ്ടും അവനെ താങ്ങുന്നു.)

വൃദ്ധൻ: (കിടന്നേടത്തുനിന്നു് വേദനാഭരിതമായി നീട്ടി വിളിക്കുന്നു) മോനേ........

(പുരുഷു എല്ലാവരേയും നോക്കി എന്തോ പറയാൻ ഭാവിക്കുന്നു. കുതിച്ചുയരുന്നകുരയും, വേദനയും കാരണം വക്ഷസ്സിൽ കൈകളമർത്തി കുനിഞ്ഞു നിന്നുപോവുകയാണു്. വൃദ്ധൻ എഴുന്നേല്ക്കാൻ ശ്രമിക്കുന്നുവെങ്കിലും സാധിക്കുന്നില്ല. അച്ചുതനും മീനാക്ഷിയമ്മയ്ക്കും ഒന്നും പറയാൻ തോന്നിയില്ല. പറയാൻ കഴിഞ്ഞില്ല, എന്തെങ്കിലും ചെയ്യാനും. നിശ്ശബ്ദരായി നില്ക്കുകയാണു്. പുരുഷുവിൻെറ

5983

അഭ്യർത്ഥന അവരുടെ ചിന്തകളെ ഇളക്കിവിട്ടിരുന്നു. മുഖങ്ങരം അതു് വ്യക്തമാക്കുന്നുണ്ടു്. ഭാസ്കരൻ പ്രവേശിക്കുന്നു. രംഗം കണ്ടു് അമ്പരക്കുന്നു. 'പുരുഷു' എന്നു് അവൻെറ ചുണ്ടുകരം മന്ത്രിക്കുക മാത്രം ചെയ്തു. ഭാസ്കരൻെറ വരവും മന്ത്രവും പുരുഷുവിൻെറ ശ്രദ്ധയിലെത്തിയില്ല.]

പുരുഷു: (ഏററവും വേദനാജനകമായി) നിങ്ങരംക്കെന്നെ സ്നേഹിക്കാൻ കഴിയുമൊ? അച്ഛനും, അമ്മയും അച്ഛതനും, സുശീലയും എല്ലാം സ്നേഹിച്ച് സ്നേഹിച്ച് ജീവിക്കുമോ? എൻെറ മനസ്സിന്നുള്ള മരുന്നാണതു്. അതെനിക്കു് തരൂ, അതെനിക്കു് തരൂ. ഞാൻ സമാധാനത്തോടുകൂടി ........(കരയുന്നു. നിമിഷങ്ങരംക്കു ശേഷം) ആരും ഒന്നും പറയുന്നില്ല.........ആരും ഒന്നും പറയുന്നില്ല.

സുശീല: ഏട്ടാ........(പൊട്ടിക്കരയുന്നു)

ഭാസ്കരൻ: പുരുഷൂ, ഞാൻ........

പുരുഷു: ഭാസ്കരൻ............ങാ. നീ വന്നൊ? (നോക്കുന്നു. ഗൌരവത്തോടുകൂടിയല്ല: തുടർന്നു് എല്ലാവരേയും മാറിമാറി നോക്കുകയാണു്. നിശ്ശബ്ദത അവനെ വിഷമിപ്പിക്കുന്നതുപോലെ അവൻ പൊറുതികേടു് ഭാവിക്കുന്നു. തെല്ലുനേരം ആലോചിച്ചിട്ടു്) ആ പശുനെ എന്തായാലും വില്ക്കണം അല്ലെ? (മറുപടിക്കായി മാറിമാറി ഓരോ മുഖവും ഉററുനോക്കുന്നു.) കറവററ പശുവിനെ വിറേറ കഴിയൂ അല്ലെ? (എന്നിട്ടും ഉത്തരം കിട്ടാത്തതുകൊണ്ടു് ആ ഭാവം ക്രമത്തിൽ കോപത്തിലേയ്ക്കു് നീറിപ്പടരുകയാണു്. അച്ഛൻെറ പിടുത്തത്തിൽ നിന്നു് കുതറിച്ചാടാൻ ശ്രമിച്ച

കൊണ്ടു്) നിങ്ങരാംക്കു് എൻെറ പശുനെ വില്ക്കണം അല്ലെ? വിറേറാള. അതിനെ അവർ കൊല്ലട്ടെ, തിന്നട്ടെ. സുശീലെ, എവിടെ ആ പശു. ഞാനതിനെ അഴിച്ചു കൊടുക്കാം. എനിക്കും മുത്തച്ഛനും പോകാനുണ്ടു്.

സുശീല: ഏട്ടാ........(അസഹനീയമായി ആർത്തുകരയുകയാണു്.)

രാഘവൻ: മോനേ....(പുരുഷുവിനെ പിടിച്ചു നിർത്താൻ ശ്രമിക്കുന്നു. പുരുഷു മുന്നോട്ടുതന്നെ നീങ്ങുകയാണു്. ഭാസ്കരൻ മുന്നോട്ടാഞ്ഞു് അവനെ പിടിച്ചുനിർത്തുന്നു.)

പുരുഷു: എന്നെ വിടൂ ഭാസ്കരാ. എന്നെ വിടൂ....ഞാനാ പശുവിനെ പിടിച്ചുകൊടുക്കട്ടെ.

ഭാസ്കരൻ: പുരുഷു, അവർ പശുവിനെ വില്ക്കുകയില്ല. അതാ നോക്കു്. അവർ പറയുന്നതു് കേറാംക്കു്.

വൃദ്ധൻ: ഈശ്വരാ!

[പുരുഷു അച്ഛൻെറ മുഖത്തു് നോക്കുകയാണു്. സൂക്ഷിച്ചു് നോക്കുന്നു. ആ കണ്ണുകളിൽ അത്ഭുതം നിഴലിക്കുന്നു. അച്ഛൻെറ കണ്ണുകളിൽ ബാഷ്പം നിറഞ്ഞുനില്ക്കുന്നു.)

പുരുഷു: അച്ഛ, നീ കരയുകയാണൊ? (മീനാക്ഷിയമ്മയുടെ മുഖത്തും നോക്കുന്നു. അവർ കണ്ണുനീർ തുടക്കുകയാണു്.) അമ്മേ നിങ്ങളും കരയുകയാണൊ?

[പുരുഷു കുരക്കുന്നു. ശക്തിയായി കുരക്കുന്നു. ശ്വാസോച്ഛ്വാസത്തിനു് വിഷമം നേരിടുന്നതുപോലെ അവൻ പുളയുകയാണു്.]

— യവനിക —

5983

# കറവററ പശു

കെ. ടി. മുഹമ്മദ്

മാനസിക സംഘട്ടനങ്ങളുടെ ആവിഷ്ക്കാരമാണ് ഈ നാടകം. മനുഷ്യൻെറ വിവിധ വികാരങ്ങാംക്ക് ഒരു കുടുംബ ജീവിതത്തിൻെറ പശ്ചാത്തലത്തിൽ നാടകീയമായൊരു സജീവരൂപം കൊടുക്കാൻ നാടകകാരനു് കഴിഞ്ഞിട്ടുണ്ട്. തുടക്കം മുതലേ പിരിമുറുക്കം നൽകി, ഉടനീളം അതിന്നു് അയവുവരുത്താതെ അവസാനം ഒരു പൊട്ടിത്തെറിയിൽ ചെന്നെത്തുന്ന ഈ നാടകത്തിനു് ഒരു ഏകാകിയുടെ ഏകതാനതയും, ഒരൊന്നാംതരം കവിതയുടെ വികാരോദ്ദീപന ശക്തിയുമുണ്ട്.

കറൻറ് ബുക്ക്സ് തൃശൂർ

1298
5983

കെ. ടി. മുഹമ്മദ്

# കറവററ പശു



Indic Digital Archive Foundation
gpura.org